# 12

# അതിശയിക്കുന്ന വിശ്വാസ ശക്തി

# (12:1-29)

പഴയ നിയമത്തിലെ വലിയ ദൈവദാസന്മാരെ പരിഗണിച്ച ശേഷം (അ. 11), ലേഖകൻ എബ്രായ ക്രിസ്ത്യാനികളുടെ അപ്പോഴത്തെ സ്ഥിതിയിലേക്കാണ് തിരിഞ്ഞത്. കഷ്ടതയിൽകൂടെ, അഗ്നിയിൽ കൂടെ, വിശ്വാസം മൂലം അവർക്ക് ധൈര്യം ആർജ്ജിക്കുവാനും വിജയിക്കുവാനും കഴിഞ്ഞു. ക്രിസ്തീയ ജീവിതം വിശ്വാസത്താലുള്ള നടപ്പാണ്, കൂടാതെ, അത് ഒരു ഓട്ടമായും ചിത്രീ കരിച്ചിരിക്കുന്നു. ഭൂതകാലത്ത് ജീവിച്ചിരുന്ന വിശ്വാസനായകന്മാരുടേയും നായകിമാരുടേയും വിശ്വസ്തതയും സഹിഷ്ണുതയും ആയിരുന്നു അവരുടെ സ്വഭാവവിശേഷത എന്നു കാണാം. ക്രിസ്തീയ കാലഘട്ടത്തിൽ വിശ്വസ്ത രായി ജീവിച്ചവരിലും അത്തരം സ്വഭാവഗുണങ്ങൾ കാണാം. നാം ശ്രദ്ധിക്കേ ണ്ടത് ക്രിസ്തുവിലും അവൻ സഹിച്ചതിലും ആയിരിക്കണം.

### നമ്മുടെ വിശ്വാസം പൂർത്തി വരുത്തുന്നവനാണ് ക്രിസ്തു (12:1-3)

**1ആകയാൽ നാമും സാക്ഷികളുടെ ഇത്ര വലിയൊരു സമൂഹം നമുക്ക് ചുറ്റും നിൽക്കുന്നതുകൊണ്ട് സകല ഭാരവും മുറുകെ പറ്റുന്ന പാപവും വിട്ട് നമുക്ക് മുമ്പിൽ വെച്ചിരിക്കുന്ന ഓട്ടം സ്ഥിരതയോടെ ഓടുക. 2വിശ്വാസ ത്തിന്റെ നായകനും പൂർത്തി വരുത്തുന്നവനുമായ യേശുവിനെ നോക്കുക; തന്റെ മുമ്പിൽ വെച്ചിരിക്കുന്ന സന്തോഷം ഓർത്ത് അവൻ അപമാനം അല ക്ഷ്യമാക്കി ക്രൂശിനെ സഹിക്കയും ദൈവസിംഹാസനത്തിന്റെ വലത്തുഭാ ഗത്ത് ഇരിക്കുകയും ചെയ്തു.**

**3നിങ്ങളുടെ ഉള്ളിൽ ക്ഷീണിച്ചു മടുക്കാതിരിപ്പാൻ പാപികളാൽ തനിക്ക് നേരിട്ട ഇങ്ങനെയുള്ള വിരോധം സഹിച്ചവനെ ധ്യാനിച്ചുകൊൾവിൻ.**

**വാക്യം 1.** ഈ **ഓട്ടത്തിന്** നിത്യമായ അനന്തരഫലമാണ് ലഭിക്കുക, ആരും നമുക്ക് ഇടർച്ച വരുത്താതിരിപ്പാൻ നോക്കുക. അത് ചില "അനുഭവ ത്താൽ" രക്ഷിക്കപ്പെട്ടു എന്നു തോന്നുന്നതോ, അല്ലെങ്കിൽ വികാരപരമോ അല്ല, ക്രിസ്തീയ ഓട്ടം വികാരത്തേക്കാളുപരിയാണ്, അത് പ്രവൃത്തിയുള്ള ജീവിതമാണ്, ഇവിടെ അത് ക്ലേശഭൂയിഷ്ടമായ ഓട്ടമായിട്ടാണ് പറഞ്ഞിരിക്കു ന്നത്.[1] ക്രിസ്തീയ ഓട്ടം മനോഹരമാണ്, ചിലപ്പോൾ സ്ഥിരോൽസാഹത്തിന് വിഷമം നേരിടുകയും ചെയ്യും.

**ആകയാൽ** (*ടോയിഗാരൗൺ*) എന്നു പറഞ്ഞത്, മുൻപ് ചർച്ച ചെയ്ത വിശ്വസ്തരായ ആളുകളുടെ ഉദാഹരണങ്ങൾ അവതരിപ്പിച്ചത് അവസാനിപ്പി ക്കുന്നതായിട്ടാണ് കാണിക്കുന്നത്.

**സാക്ഷികൾ** എന്ന വാക്ക് *മാർട്ടസ്* എന്നതിൽനിന്നു വന്നതാണ്, അതിൽ നിന്ന് ഇംഗ്ലീഷിലെ "മാർട്ടിർ" എന്ന വാക്ക് ലഭിച്ചു, പുതിയ നിയമത്തിൽ

മാർട്ടസ് എന്ന വാക്ക് വിശ്വാസത്തിൽ മരിച്ചവരെ പറയുന്നതിനുള്ളതല്ല, എങ്ങനെയായാലും ഇവിടെ അത്തരത്തിൽ വികസിച്ചു വന്നതാണ് എന്നു ചിലർ കരുതുന്നു. മൂന്നാം നൂറ്റാണ്ടായപ്പോഴേക്കും ആ വാക്ക് സാധാരണയായി തീർന്നിരുന്നു.[2] വിശ്വാസത്തിനായി ആദ്യ ശിഷ്യൻ മരിക്കുന്നതോടുകൂടിയാണ് രക്തസാക്ഷിത്വം എന്ന ആശയം വന്നത്: പ്രവൃത്തികൾ 22:20 നമ്മെ ഓർമ്മിപ്പിക്കുന്നത്, "നിന്റെ സാക്ഷിയായ [*മാർട്ടസ്*] സ്തെഫാനൊസിന്റെ രക്തം ചൊരിഞ്ഞപ്പോൾ" (എംഫസിസ് ആഡഡ്). "എന്റെ *സാക്ഷി*" [*മാർട്ടസ്*] എന്നാണ് അന്തിപ്പാസിനെ കുറിച്ച് വെളിപ്പാട് 2:13 ൽ പറഞ്ഞിരിക്കുന്നത് (എംഫസിസ് ആഡഡ്). "സാക്ഷികൾ" കണക്കിലേറെ ആയതിനാലായിരിക്കാം, രക്തസാക്ഷിത്വം എന്ന ആശയം അതിനു വന്നുകഴിഞ്ഞത്. വെളിപ്പാട് 17:6 ൽ പറഞ്ഞിരിക്കുന്ന "യേശുവിന്റെ *സാക്ഷികളുടെ* രക്തം" (എംഫസിസ് ആഡഡ്) എന്ന പ്രയോഗത്തിൽ *മാർട്ടസ്* എന്ന വാക്കാണ് ഉപയോഗിച്ചിരിക്കുന്നത്. കെജെവിയിൽ ആ വാക്കിന് "രക്തസാക്ഷികൾ" പിന്നീട് വന്ന അർത്ഥം ശരിയല്ലാതെ പറഞ്ഞിരിക്കുകയാണ്.

*മാർട്ടസ്* എന്ന വാക്ക് പുതിയ നിയമത്തിൽ ഒരിക്കലും "പ്രേക്ഷകൻ" എന്ന അർത്ഥത്തിൽ ഉപയോഗിച്ചിട്ടില്ല,[3] എന്നാൽ "നടനശാലയിലാണെങ്കിൽ, പ്രേക്ഷകർ എന്ന ചിന്ത മാറ്റി നിർത്തുവാനും സാധ്യമല്ല."[4] അദ്ധ്യായം 11 ൽ വിവരിച്ച വിശ്വസ്തരായിരുന്നവരെ, ഓട്ടക്കളത്തിൽ ഓടിക്കൊണ്ടിരിക്കുന്നവർക്ക് പ്രചോദനത്തിനായാണ് കാണേണ്ടത്. വ്യക്തിപരമായ ചിന്ത നൽകുകയായിരുന്നില്ല ഉദ്ദേശം. അവരുടെ പ്രഖ്യാപന ശബ്ദത്തെയല്ല, മറിച്ച് തിരുവെഴുത്തിൽ ആ സാക്ഷികളുടെ വിശ്വാസ ജീവിതത്തെയാണ് എടുത്ത് കാണിച്ചിരിക്കുന്നത്. "അവർ നിർഭയമായി തങ്ങളുടെ വിശ്വാസത്തെ ജീവിതത്താൽ സാക്ഷ്യപ്പെടുത്തി, തങ്ങളുടെ സാക്ഷ്യവചനത്താലായിരുന്നു അതിജീവിച്ചത് (വെളി.12:11)."[5] ഹാബേലിനെ പോലെയുള്ളവരുടെ സാക്ഷ്യവും-ദൈവം അവരെ "സാക്ഷീകരിച്ചതും" (*മാർട്ടുരെയോ*) -അവസാനത്തോളം സഹിച്ചു നിൽക്കുവാനുള്ള പ്രചോദനം നൽകുന്നു.

**സാക്ഷികളുടെ വലിയ സമൂഹം** നമുക്ക് ചുറ്റും "വലയം ചെയ്തിരിക്കുന്നു" എന്നു പറയുന്നത് വർത്തമാന കാലത്തിലാണ്, അത് സൂചിപ്പിക്കുന്നത് അദ്ധ്യായം 11 ൽ വിവരിച്ചിരിക്കുന്നവർ നോക്കിക്കൊണ്ടിരിക്കുന്നവരും പ്രോൽസാഹിപ്പിക്കുന്നവരുമാണ് എന്നത്രെ. എങ്ങനെയായാലും, ഇവിടെ കഴിഞ്ഞ കാലത്ത് വിശ്വസ്തരായിരുന്നവരെ നോക്കുന്നത് വായനക്കാരാണ്, അവരുടെ വിശ്വാസത്തെ തിരുവെഴുത്തിൽ കൂടെയാണ് നോക്കുന്നത്. വിഷമത്തിലായിരുന്ന ക്രിസ്ത്യാനികൾക്ക് പിൻപറ്റുവാൻ പറ്റിയ മാതൃകയായിരുന്നു, ബലഹീനതയുണ്ടായിരുന്നിട്ടും വിജയികളായി തീർന്നത്.

ക്രിസ്തീയ ജീവിതം ഒരു ഓട്ടമായി പൗലൊസ് ചിത്രീകരിച്ചിരിക്കുന്നത് (1 കൊ. 9:24; 2 തിമൊ. 2:5 നോക്കുക), ഒരാൾ ചട്ടപ്രകാരം ഓടേണ്ടതിനാണ്. എബ്രായ ലേഖകൻ തന്റെ വായനക്കാരെ രൂപകാലങ്കാരത്തിൽ കായിക മൽസര രംഗത്തേക്ക് കൊണ്ടുപോകയാണ്, അപ്പോൾ അയാൾ തന്റെ യൗവന കാലത്തെ സ്മരിച്ചുകൊണ്ടായിരിക്കാം ആ ചിത്രീകരണം നടത്തുന്നത്. അത് മനസിൽ വെച്ചുകൊണ്ടായിരിക്കാം 10:36 ൽ **സഹിഷ്ണുത** (*ഹുപോമോണെ*) എന്നു പറയുന്നത് അവസാനത്തോളം പരിശ്രമിച്ചുകൊണ്ടിരിക്കണം എന്നു വ്യക്തമാക്കുന്നത്. ഗ്രീക്ക് ആധിപത്യത്തിലായിരുന്നപ്പോൾ, യെഹൂദ്യയിൽ പല മൽസരങ്ങൾ പരിചയപ്പെടുത്തിയിരുന്നു. മിക്ക ഗ്രീക്ക് മൽസരങ്ങളിലും

മുഖ്യമായും വേണ്ടിയിരുന്നത് സഹനശക്തിയായിരുന്നു.[6] "പന്തയം" എന്നതിനുള്ള ഗ്രീക്ക് വാക്കിൽ (*അഗോൺ*) നിന്നാണ് ഇംഗ്ലീഷ് വാക്ക് "ആഗണൈസ്" വന്നത്, തുടർന്നുകൊണ്ടിരിക്കുന്ന പ്രതിസന്ധിയെയാണ് അത് സൂചിപ്പിക്കുന്നത്. തീർച്ചയായും, ക്രിസ്തീയ ജീവിതത്തിലെ പ്രതിസന്ധി പാപത്തിനെതിരായിട്ടുള്ളതാണ്.

ഓട്ടക്കാരൻ പരിശീലന സമയത്ത് വഹിക്കുന്ന ഭാരത്തെ ഓർമ്മിപ്പിച്ചുകൊണ്ടാണ് **നമ്മുടെ സകല ഭാരവും വിട്ട്** എന്ന് പറഞ്ഞിരിക്കുന്നത്. അമിതമായിട്ടുള്ളതെല്ലാം അവൻ ഓട്ടത്തിനായി ഒഴിവാക്കണം. "ഭാരം" (*ഓഗ്കോസ്*) എന്നതിൽ ഓട്ടത്തിനു തടസമായതെല്ലാം ഉൾപ്പെടുന്നു. **മുറുകെ പറ്റുന്ന** എന്ന പ്രയോഗം എളുപ്പത്തിൽ കുടുക്കുന്ന എന്ന അർത്ഥമാണ് ഉദ്ദേശിക്കുന്നത്. ദൈവത്തിന്റെ മഹത്വത്തിനായി, മോശെ ലോകത്തിലെ സമ്പത്തും പ്രസിദ്ധിയും വിട്ടു കളഞ്ഞതിനെ ഇവിടെ ഉദാഹരണമായി എടുക്കാം (11:24–26). നാം അവന്റെ മാതൃക പിൻപറ്റണം.

"ബാധ്യത" ("ഭാരവും"; കെജെവി), "പാപവും" (*ഹമാർട്ടിയ*)? വാസ്തവത്തിലുള്ള നമ്മുടെ ശ്രദ്ധയെ അകറ്റുന്ന എന്തും "ഭാരം" ആയി കണക്കാക്കാം. "പാപം" എന്നത് ദൈവത്തോടുള്ള തുറന്ന മൽസരമായിരിക്കാം ഇവിടെ അർത്ഥമാക്കുന്നത്.[7] ആ വാക്കിൽ പാപത്തിന്റെ എല്ലാ ഭാരവും, അതായത്, ക്രിസ്തീയ ഓട്ടക്കാരനെ നിരുൽസാഹപ്പെടുത്തുന്ന മോഹം. അഹങ്കാരം തുടങ്ങിയ എന്തും ആകാം. ബ്രൂസ് പറഞ്ഞു, "ആ പ്രയോഗം നടത്തിയ ലേഖകൻ ഏതെങ്കിലും പ്രത്യേക പാപത്തെ വിട്ടുനിൽക്കുവാനുള്ള ഉദ്ദേശമല്ല വ്യക്തമാക്കുന്നത്, ഓടുന്നവന്റെ കാലിൽ തട്ടുന്നതിനെ കുറിച്ചാണ് പറഞ്ഞത് ..."[8] വിശ്വാസം സജീവമായി നിർത്തുന്നതിന് തടസമാകുന്ന ഏതൊരു പാപവും ആ പ്രബോധനത്തിൽ ഉൾപ്പെട്ടിരിക്കുന്നു. മറ്റുള്ളവരുടെ പാപങ്ങളാണ് മ്ലേഛമായവ എന്നു പറഞ്ഞതു, നമുക്ക് നമ്മുടെ പാപങ്ങളിൽനിന്ന് ഒഴിഞ്ഞുമാറുവാൻ സാധ്യമല്ല. ദൈവ ദൃഷ്ടിയിൽ ഓരോ പാപവും ഹീനമാണ്; അവന്റെ കാഴ്ച്ചപ്പാടിൽ ഒരു പാപവും നിസാരമല്ല.

എബ്രായ ലേഖനത്തിലെ മുഖ്യ വിചാരം അവിശ്വാസം എന്ന പാപം ആണ് എന്നു ഒരു എഴുത്തുകാരൻ പറഞ്ഞിരിക്കുന്നു.[9] ദൈവത്തിന്റെ വാഗ്ദാനങ്ങളിലുള്ള ആശ്രയക്കുറവാണ് അവിശ്വാസം. അവിശ്വാസം വിശ്വാസ ത്യാഗത്തിലേക്ക് നയിച്ചേക്കാം, അതായിരുന്നു എബ്രായ ലേഖനത്തിന്റെ ആദ്യ വായനക്കാരുടെ അപകടം (6:4–6; 10:26–29). ക്രിസ്തു ക്രൂശിൽ സഹിച്ചത് നിന്ദയായിരുന്നു, അത് പങ്കിടുവാനുള്ള പരീക്ഷണം ഓരോരുത്തരും അതിജീവിക്കണം, എങ്കിൽ മാത്രമെ അപകടം ഒഴിവാകു (വാ. 2).

ക്ഷമയോടെയും സ്ഥിരോൽസാഹത്തോടെയും തുടരുവാൻ വിളിച്ചിരിക്കയാൽ **നമുക്ക് സഹിഷ്ണുതയോടെ ഓട്ടം ഓടാം**. ഓട്ടക്കാരൻ ഓട്ടം തികച്ചില്ലെങ്കിൽ അയാൾ ഒന്നും നേടുന്നില്ല. അതുപോലെയാണ് ക്രിസ്തീയ ജീവിതവും. നന്മ ചെയ്യുന്നതിൽ മടുത്തുപോയാലും ഇടക്ക് വെച്ച് ഓട്ടം നിർത്തിയാലും, നമുക്ക് നിത്യ തേജസ് ലഭിക്കുകയില്ല (ഗലാ. 6:9) തേജസ് ലഭിക്കുവാനായി നമുക്ക് എളുപ്പ വഴി ഇല്ല എന്നു നാം ഓർക്കണം, അവസാനം വരെ ഓടുവാൻ സമയവും പരിശ്രമവും ആവശ്യമാണ്. ശാരീരികമായി പലർക്കും ഒന്നും ചെയ്യുവാൻ കഴിയുകയില്ലെങ്കിലും, ഹൃദയത്തിൽ പലതും ചെയ്യുവാൻ സാധിക്കും. പ്രായമായ വിശുദ്ധന്മാർക്ക് അവരുടെ ബലഹീനതയും ശാരീരിക ക്ഷീണവും നിമിത്തം, മുൻപ് ചെയ്തിരുന്ന പല കാര്യ

ങ്ങളും ചെയ്യുവാൻ കഴിഞ്ഞെന്നു വരികയില്ല. ഭൗതികമായ ശക്തി അവരിൽ ക്ഷയിച്ചുവരുമ്പോഴും, അവരുടെ ഹൃദയത്തെയാണ് ദൈവം നോക്കുന്നത് (1 രാജാക്കന്മാർ 8:18 താരതമ്യം ചെയ്യുക.)

**വാക്യം 2. വിശ്വാസത്തിന്റെ നായകനും പൂർത്തി വരുത്തുന്നവനുമായ** യേശുവിനെ നോക്കിയാലാണ് ഏറ്റവും വലിയ പ്രോൽസാഹനം ലഭിക്കുന്നത്.[10] പാപം ചെയ്യുവാനുള്ള പരീക്ഷണ ഭാരങ്ങൾ അവൻ നമുക്ക് വേണ്ടി വഹിച്ചതിനാൽ അവൻ നമ്മുടെ അനുഗ്രഹീത വീണ്ടെടുപ്പുകാരനായി തീർന്നു. **നമ്മുടെ നോട്ടം തുടർച്ചയായി യേശുവിൽ ഉറപ്പിക്കണം.** "ഉറപ്പിക്കണം" എന്ന ആശയം (**അഫോരാവോ** എന്നതിൽനിന്നാണ്), അർത്ഥം "ഉറപ്പിക്കുക, അല്ലെങ്കിൽ കേന്ദ്രീകരിക്കുക" നമ്മുടെ കണ്ണുകൾ "തിരിഞ്ഞ് മറ്റെന്തിലെങ്കിലും ഉറപ്പിക്കരുത്"-കാരണം ക്രിസ്തു നമ്മുടെ കർത്താവാണ്.[11] നമുക്ക് പിൻപറ്റുവാനുള്ള ഏക മാതൃകയായിട്ടാണ് ദൈവം യേശുവിന്റെ മാതൃക നൽകിയിട്ടുള്ളത്, കാരണം അവന്റെ ജീവിതവും ഉപദേശവുമാണ് തികവുള്ളത്. അവൻ വരുന്നതിനു മുൻപ് ഇല്ലാതിരുന്ന ശക്തിയുടെ ഉറവിടമാണ് അവന്റെ മാതൃകയിൽകൂടെ ലഭിച്ചത്. മറ്റു രക്ത സാക്ഷികൾ അനുഭവിച്ചതിനേക്കാളുപരിയായ കഷ്ടതയായിരുന്നു അവൻ അനുഭവിച്ചത്; അതുകൊണ്ട് വായനക്കാർ അവരുടെ ഭാരങ്ങൾ അസഹ്യമായി തോന്നുമ്പോൾ, യേശുവിനെ നോക്കണം. "അവർ പരിഹസിക്കപ്പെടുകയും, നിന്ദിക്കപ്പെടുകയും, ചമ്മട്ടിയടി ഏൽക്കുകയും, ത്യജിക്കപ്പെടുകയും, അധികാരികളുടെ കയ്യിൽ ഏൽപിക്കപ്പെടുകയും, കൊല്ലപ്പെടുകയും ചെയ്തേക്കാം-അവനെ അതെല്ലാം ചെയ്തിരുന്നു."[12]

നാം ഇടത്തോട്ടോ വലത്തോട്ടോ നോക്കരുത്, തീർച്ചയായും പുറകോട്ടും നോക്കരുത് (ലൂക്കൊ. 9:62), മറിച്ച് മുൻപോട്ട് യേശുവിനെയാണ് നോക്കേണ്ടത്. നമുക്ക് ജീവന്റെ പുതുവഴി തുറന്നു തന്ന നമ്മുടെ വിശ്വാസത്തിന്റെ "മാർഗ്ഗദർശകൻ"[13] ആണ് അവൻ (എബ്രാ. 10:20). അവൻ "പൂർത്തി വരുത്തുന്നവനാണ്" എന്നതിനർത്ഥം പഴയ നിയമകാലത്ത് കാത്തിരിക്കുക മാത്രം ചെയ്തിരുന്ന രക്ഷ യേശുവാണ് പൂർത്തിയാക്കിയത്. പഴയനിയമത്തിന് കഴിയാതിരുന്ന പൂർത്തീകരണം കൊണ്ടുവന്നത് അവനാണ് (10:1). യേശുവാണ് നമുക്ക് വിശ്വാസം തരുന്നതും പൂർത്തിയാക്കുന്നതും എന്ന് ചില ആളുകൾ തെറ്റായി വ്യാഖ്യാനിക്കുന്നുണ്ട്. എങ്ങനെയായാലും, വ്യക്തിപരമായ വിശ്വാസം ദൈവം നൽകുന്നതല്ല, മറിച്ച് അത്തരം വിശ്വാസം ക്രിസ്തുവിന്റെ വചനം കേൾവിയാൽ വരുന്നു എന്നാണ് തിരുവെഴുത്ത് പറയുന്നത്. വിശ്വാസം ക്രിസ്തുവിൽ മാത്രമെ പൂർത്തിയാവുന്നുള്ളു; അവനാണ് നമ്മെ വിശ്വാസത്തിനായി ഏറ്റവുമധികം പ്രചോദിപ്പിക്കുന്നത്.[14] നമ്മുടെ വിശ്വാസ നടപ്പിനുള്ള തികഞ്ഞ മാതൃക അവൻ മാത്രമാണ്.

"വിശ്വാസം" എന്ന വാക്കിനു മുൻപ് ഗ്രീക്കിൽ വരുന്ന "ദ" എന്ന ആർട്ടിക്കിൾ സൂചിപ്പിക്കുന്നത് വിശ്വാസത്തിന്റെ ഉറവിടത്തെയാകാം. നമുക്ക് ഒരു "വിശ്വാസ" വ്യവസ്ഥയുണ്ട്. ഒരാൾ വ്യക്തിപരമായി വിശ്വസിക്കുന്നതെന്തും ഒരു ക്രിസ്ത്യാനിക്ക് സ്വീകരിക്കാവുന്നതല്ല. "വിശുദ്ധന്മാർക്ക് ഒരിക്കലായി ഭരമേൽപിച്ച," "*വിശ്വാസത്തിനായി* പോരാടുക" എന്നാണ് യൂദാ 3 ൽ പറഞ്ഞിരിക്കുന്നത് (കെജെവി.; എംഫസിസ് ആഡഡ്). അപ്പോൾ, "വിശ്വാസം" എന്ന് ഇവിടെ പറഞ്ഞിരിക്കുന്നത് ക്രിസ്തീയ ഉപദേശത്തെയാണ്, എഫെസ്യർ 4:5 ലെ "വിശ്വാസം ഒന്ന്" എന്നത്.

ബ്രൂസ് എഴുതി, "പ്രകടമായ തെളിവ് ഒന്നുമില്ലാതെ ദൈവത്തിലുള്ള

വിശ്വാസത്തിൽനിന്നും അകന്നു പോകലാണ് അത്, ക്രിസ്തുവിനെ ശകാരം, ചാട്ടവാറടി, എന്നിവയും ക്രൂശിൽ തറെക്കലും നടന്നപ്പോൾ വേദനാ ജനക മായ ത്യജിക്കലും, പരിത്യജിക്കപ്പെടലും, കർത്തവ്യവിലോപവും അനുഭവിക്കു ന്നതായിരുന്നു."[15] അവന്റെ ദൈവത്തിലുള്ള ആശ്രയം കണ്ട് ജനം അവനെ പരിഹസിച്ചപ്പോൾ, അവൻ **ക്രൂശും, നിന്ദയും, ലജ്ജയും സഹിച്ചു** (മത്താ. 27:43 നോക്കുക).[16] അവന്റെ ജീവിതം മുഴുവൻ പിതാവിൽ ആശ്രയിച്ചുള്ളതാ യിരുന്നു. ഗദ്ശെമന തോട്ടത്തിൽ വെച്ച് അവൻ തന്നെത്തന്നെ ദൈവത്തിൽ പരിപൂർണ്ണമായി ഭരമേൽപ്പിക്കുകയായിരുന്നു (മർ. 14:36).

അന്നുമുതൽ ക്രൂശിനെ കുറിച്ചുള്ള പൊതുവായ കാഴ്ച്ചപ്പാട് തന്നെ മാറി; അത്തരത്തിലുള്ള വെട്ടിക്കീറിയ പരുപരുത്ത തടിയിൽ, തരംതാഴ്ത്തി കിടത്തി ആണി അടിക്കുന്ന കഷ്ടതയും ലജ്ജയും അപൂർവ്വമായേ നാം ഇന്ന് കാണു ന്നുള്ളു. അതിനു പകരം, വൈദ്യുതി മുഖേന ശിരസ് ഛേദിക്കുകയോ അല്ലെ ങ്കിൽ, മൊത്തത്തിൽ കുത്തിവെയ്പ് നടത്തിയോ വധശിക്ഷ നടപ്പാക്കുകയാണ് ചെയ്യുന്നത്. അന്ന് ഏറ്റവും വലിയ ക്രൂരകൃത്യം നടത്തിയവരെ ആയിരുന്നു അങ്ങനെ വധിച്ചിരുന്നത്. അത്തരത്തിൽ മരത്തിൽ തൂക്കികൊല്ലുന്നവരെ "ശ പിക്കപ്പെട്ടവരായി" കണക്കാക്കിയിരുന്നു (ആവ. 21:22, 23; ഗലാ. 3:13 നോക്കുക). ക്രൂര കുറ്റവാളിയെ പോലെയായിരുന്നു ക്രിസ്തുവിനെ തൂക്കി കൊന്നത്, അതായിരിക്കാം മരത്തിൽ തൂങ്ങുന്നവൻ "ശപിക്കപ്പെട്ടവൻ" എന്നുകൂടെ അവനെ വിളിക്കുവാൻ കാരണം. തൂക്കി കൊല്ലുകയോ വെടിവെച്ചുകൊല്ലു കയോ ചെയ്യുന്ന ആളുടെ മുഖം മറെക്കുന്ന സമ്പ്രദായം വളരെ കാലമായി നി ലനിൽക്കുന്നു. പക്ഷെ യേശുവിന്റെ മുഖം ലോകം മുഴുവൻ കാണത്തക്ക വിധത്തിൽ പരസ്യമായിട്ടായിരുന്നു ക്രൂശിച്ചത്. പൊതുവായ രണ്ട് കള്ള ന്മാരേയും അന്ന് യേശുവിനെ ക്രൂശിൽ തറെച്ച ദിവസം ക്രൂശിൽ തറെച്ചി രുന്നു (മത്താ. 27:38) അല്ലെങ്കിൽ "ദുഷ്പ്രവൃത്തിക്കാരെ" (ലൂക്കൊ. 23:32; കെജെവി; ഏഎസ്‌വി) അർത്ഥം, "മോശക്കാർ," അല്ലെങ്കിൽ "ദുഷ്ടന്മാർ" അവനെതിരായി സംസാരിച്ചിരുന്നു. "തനിക്കെതിരായ ശത്രുത്വത്തെയാണ്" അവൻ സഹിച്ചത് (ആർഎസ്‌വി); യേശുവിനെ, അതിലെ കടന്നു പോയവർ നിന്ദിക്കുകയും ലജ്ജിപ്പിക്കുകയുമായിരുന്നു. താൻ തന്റെ പിതാവിനെ പ്രസാ ദിപ്പിക്കുകയായിരുന്നു എന്ന് അവന് അറിയാമായിരുന്നു. അവന്ന് ഇപ്പോൾ ലഭിച്ചിരിക്കുന്നത് ഏറ്റവും ഉയർന്ന മാന്യതയാണ്, കാരണം അവൻ **ദൈവ സിംഹാസനത്തിന്റെ വലത്തുഭാഗത്ത് ഇരിക്കുന്നു**.

എബ്രായ ലേഖനം ആദ്യം വായിച്ച വായനക്കാർ അന്ന് ശത്രുത അനുഭവി ച്ചിരുന്നതിനാൽ അവർക്ക് സഹിഷ്ണുത ആവശ്യമായിരുന്നു. അവരുടേയും നമ്മുടേയും, ലോകത്തിലെ എല്ലാവരുടേയും ആത്മാക്കളുടെ രക്ഷക്കായി യേശു വളരെ അധികം കഷ്ടതകൾ "സഹിച്ചു." ആ പ്രവൃത്തി അവന്ന് **സന്തോഷം** കൊണ്ടുവന്നു.

**വാക്യം 3.** ആ ക്രിസ്ത്യാനികൾ **ക്ഷീണിച്ച് മടുത്തുപോകാതെ, അവനെ പോലെ ആകുവാൻ,** എല്ലാം സഹിച്ചവനെ നോക്കി അവർ എല്ലാം സഹിക്കേ ണ്ടിയിരുന്നു. "നോക്കുക" എന്ന വാക്ക് (*അനാളജിസോമായി* യിൽനിന്നും)[17] അടിസ്ഥാനപരമായ അർത്ഥം, "ഒരു സാമ്യം എടുക്കുക." പരിഹാസവും ലജ്ജയും നേരിടുമ്പോൾ, എങ്ങനെ അവയെ തരണം ചെയ്യാമെന്ന് യേശു വിനെ നോക്കി മനസിലാക്കുകയാണ് വേണ്ടത്. ലജ്ജയും നിന്ദയും നേ രിട്ടപ്പോൾ യേശു ക്രൂശിന്റെ ശേഷം ലഭിക്കുവാനിരിക്കുന്ന നേട്ടത്തെ കുറി

ച്ചാണ് ചിന്തിച്ചത്. മനുഷ്യരിൽനിന്നും താൽക്കാലികമായി നമുക്ക് നേരിടുന്ന "ലജ്ജക്കപ്പുറമായി" ക്രൂശിൽനിന്നും നമുക്ക് ലഭിക്കുന്ന ഉപകാരങ്ങളെയാണ് നാം ശ്രദ്ധിക്കേണ്ടത്.

പലപ്പോഴും നാം വിശ്വാസത്തിൽ തുടർന്നുകൊണ്ടിരിക്കുമ്പോൾ, നമ്മെ നിരുൽസാഹപ്പെടുത്തി അതിൽനിന്ന് വ്യതിചലിപ്പിക്കുന്നതായിരിക്കും ആദ്യ പടി.[18] ഉറക്കമില്ലാത്ത രാത്രിക്കുശേഷം യേശു എത്ര ക്ഷീണിതനായിരിക്കും! അവന്റെ പരീക്ഷണ സംഘർഷങ്ങളെ ഒന്ന് ഊഹിച്ചു നോക്കുക (അല്ലെങ്കിൽ ചുരുങ്ങിയത് അഞ്ചു തവണ ചോദ്യം ചെയ്യപ്പെട്ടപ്പോൾ), അവന്റെ പിന്നിലെ തീവ്രമനഃപീഢകൾ, മുൾക്കിരീടത്തിന്റെ നിരന്തരമായ വേദന, കൂടാതെ ഇവ ഓരോന്നും ചെയ്യുന്നത് എന്തെന്ന് അറിയാതെ ചെയ്യുന്നവരോടുള്ള ദയയും ദുഃഖവും കൂടെ ഒത്തു ചേർന്നിരുന്നു. അവയെല്ലാം അവനിൽ നിറഞ്ഞുകവിയുകയായിരുന്നു. എന്നിട്ടും തന്റെ മുൻപിൽ വെച്ച പ്രത്യാശയിൽ അവനു സന്തോഷിക്കുവാൻ കഴിഞ്ഞു. നമുക്ക് അന്തിമ നേട്ടം കൈവരിക്കുവാൻ കഴിയില്ലെന്നു തോന്നിയാൽ നാം പരിശ്രമം ഉപേക്ഷിക്കും. "മുമ്പിലുള്ളതിന് ആഞ്ഞുകൊണ്ടാണ് നാം വിരുതിന്നായി ഓടേണ്ടത്" (ഫിലി. 3:14).

സാധ്യമായ ഏറ്റവും ഉയർന്ന സ്ഥാനമായ, പിതാവിന്റെ അടുക്കലേക്ക് മടങ്ങിച്ചെല്ലുക, എന്നതായിരുന്നു ക്രിസ്തുവിന്റെ പ്രതിഫലം. ഇവിടത്തെ ഗ്രീക്ക് ക്രിയയുടെ പൂർണ്ണകാലം സൂചിപ്പിക്കുന്നത്, അവനു മുൻപ് ഉണ്ടായിരുന്ന രാജകിയവും ദൈവികവുമായ സിംഹാസനത്തിൽ തുടരുവാനുള്ള സാഹചര്യമാണ് ലഭ്യമായത് എന്നാണ്.[19] അവന്റെ മശിഹാത്വം നിഷേധിച്ച അജ്ഞരായ **പാപികളുടെ** എതിർപ്പും വലിയ ഉപദ്രവവുമായിരുന്നു യേശു സഹിച്ചത്. എങ്കിലും, അവൻ അതെല്ലാം ചെയ്തതു തനിക്ക് മുൻപിൽ വെച്ചിരുന്നത് അവന് അറിയാമായിരുന്നതുകൊണ്ടായിരുന്നു.

ആകയാൽ, ഓട്ടം നമുക്ക് മുൻപിൽ വെച്ചിരിക്കുന്നു. അത് പരീക്ഷണങ്ങളും കഷ്ടതകളും നിറഞ്ഞതാണ്. വിശ്വസ്തമായി ഓടുവാൻ തടസപ്പെടുത്തുന്ന എല്ലാ ഭാരങ്ങളും നാം ഒഴിവാക്കണം. നാം യേശുവിൽ തുടർന്നു നോക്കിക്കൊണ്ടിരിക്കണം. ഒരിക്കലും ഉപേക്ഷിക്കാതെ സ്ഥിരതയോടെ നാം അവസാനത്തോളം ഓടണം. നമുക്ക് മുൻപ് വിശ്വസ്തമായി ഓടിയവർക്ക് ദൈവം നൽകിയതുപോലെ, നാം വിശ്വസ്തമായി ഓടി അന്തിമസ്ഥാനത്തെത്തുമ്പോൾ നമുക്ക് നൽകുവാനുള്ള കിരീടവുമായി ദൈവം കാത്തിരിക്കുന്നു.

## ദൈവമക്കൾക്കുള്ള അച്ചടക്കം
## (12:4-11)

**4 പാപത്തോട് പോരാടുന്നതിൽ നിങ്ങൾ ഇതുവരെ പ്രാണത്യാഗത്തോളം എതിർത്തു നിന്നിട്ടില്ല.**

**5 "മകനേ കർത്താവിന്റെ ശിക്ഷ നിരസിക്കരുത്; അവൻ ശാസിക്കുമ്പോൾ മുഷിയുകയുമരുത്.**

**6 കർത്താവ് താൻ സ്നേഹിക്കുന്നവനെ ശിക്ഷിക്കുന്നു; താൻ കൈക്കൊള്ളുന്ന ഏതു മകനെയും തല്ലുന്നു" എന്നിങ്ങനെ മക്കളോട് എന്നപോലെ നിങ്ങളോട് സംവാദിക്കുന്ന പ്രബോധനം നിങ്ങൾ മറന്നുകളഞ്ഞുവോ? 7 നിങ്ങൾ ബാലശിക്ഷ സഹിച്ചാൽ ദൈവം മക്കളോട് എന്നപോലെ നിങ്ങളോട് പെരുമാറുന്നു. അപ്പൻ ശിക്ഷിക്കാത്ത മകൻ എവിടെയുള്ളു? 8 എല്ലാവരും**

**പ്രാപിക്കുന്ന ബാലശിക്ഷ കൂടാതിരിക്കുന്നു എങ്കിൽ നിങ്ങൾ മക്കളെല്ല കൗല ടേയന്മാരത്രെ. [9]നമ്മുടെ ജഡസംബന്ധമായ പിതാക്കന്മാർ നമ്മെ ശിക്ഷിച്ച പ്പോൾ നാം അവരെ വണങ്ങി പോന്നുവല്ലോ; ആത്മാക്കളുടെ പിതാവിന്ന് ഏറ്റവും അധികമായി കീഴടങ്ങി ജീവിക്കേണ്ടവരല്ലയോ? [10]അവർ ശിക്ഷിച്ചത് കുറെക്കാലവും തങ്ങൾക്ക് ബോധിച്ചപ്രകാരവുമത്രെ; അവനോ നാം അവന്റെ വിശുദ്ധി പ്രാപിക്കേണ്ടതിന്ന് നമ്മുടെ ഗുണത്തിനായിത്തന്നെ ശിക്ഷിക്കുന്നത്. [11]ഏതു ശിക്ഷയും തൽക്കാലം സന്തോഷകരമല്ല ദുഃഖകരമത്രെ എന്നു തോന്നും; പിന്നെത്തേതിലോ അതിനാൽ അഭ്യാസം വന്നവർക്ക് നീതി എന്ന സമാധാന ഫലം ലഭിക്കും.**

ദൈവത്തിന് അവരോടുള്ള സ്നേഹം നിമിത്തമാണ് ശിക്ഷിക്കുന്നത് എന്ന് ലേഖകൻ തന്റെ വായനക്കാരെ ബോധ്യമാക്കുകയാണ്. ആദ്യമായി, ആ സത്യത്തെ തിരുവെഴുത്ത് സാക്ഷ്യപ്പെടുത്തുന്നു എന്നാണ് അവൻ പറഞ്ഞത്. അടുത്തതായി ആ തത്വം നമ്മുടെ വ്യക്തിപരമായ അനുഭവത്തിൽനിന്നു മനസിലാക്കാം, കാരണം സ്നേഹിക്കുന്ന അപ്പൻ മകനോടുള്ള അവന്റെ പ്രവൃത്തികളിൽ നമുക്ക് അത് കാണാം, അവസാനമായി, നല്ല അച്ചടക്ക ഫലം നമുക്ക് അനുഭവപ്പെടുന്നതായും വ്യക്തമാക്കിയിരിക്കുന്നു.

**വാക്യം 4.** എബ്രായ ലേഖനത്തിന്റെ ആദ്യ വായനക്കാർ **പാപത്തോടുള്ള പോരാട്ടത്തിലായിരുന്നു**, യേശു ചെയ്തതുപോലെ, അവർ [തങ്ങളുടെ] **രക്തം ചൊരിയുന്ന** സ്ഥിതിയിലേക്ക് നീങ്ങിയിരുന്നില്ല. അവസാന അനുഗ്രഹത്തിനായി ദൈവത്തിന്റെ അച്ചടക്കം സ്വീകരിക്കുവാൻ അവർ ശീലിക്കണമായിരുന്നു. മുൻപ് ആരും രക്തസാക്ഷികളായിരുന്നില്ല എന്നല്ല ഈ വാക്യം അർത്ഥമാക്കുന്നത് (അപ്പൊസ്തലനായിരുന്ന യാക്കോബിനെ വാൾ കൊണ്ട് കൊല്ലിച്ചിരുന്നു; പ്രവൃത്തികൾ 12:2.) അല്ലെങ്കിൽ ഭാവിയിൽ, ആരും വിശ്വാസത്തിനു വേണ്ടി രക്തസാക്ഷികൾ ആകുകയില്ല എന്നും അതിനർത്ഥമില്ല. ആ ക്രിസ്ത്യാനികൾ പുറത്ത് ചമ്മട്ടിയടിയേൽക്കുകയോ (പൗലൊസിനെ പോലെ), അല്ലെങ്കിൽ (യേശുവിന്റെ സഹോദരനായ യാക്കോബ് ഏറ്റതു പോലെ) കല്ലേറ് ഏൽക്കുകയോ ചെയ്തിരിക്കുകയില്ല.[20] ഭീരുത്വത്താൽ മാത്രമെ അവരുടെ പ്രവൃത്തികളിൽനിന്നു ഒഴിയുവാൻ കഴിയു, അല്ലെങ്കിൽ യെഹൂദമതത്തോട് വിട്ടുവീഴ്ച്ച ചെയ്യണമായിരുന്നു. കഴിഞ്ഞ കാലത്ത് ചിലർക്ക് കഷ്ടത സഹിക്കുവാനുള്ള ധൈര്യമില്ലായിരുന്നു. അവർ ഉപദ്രവത്തെ ഒഴിവാക്കിയത് "സൗമ്യമായ" ക്രിസ്ത്യാനിത്വത്താലായിരുന്നു. മറ്റുള്ളവർക്ക് പ്രകോപനമില്ലാത്ത വിധത്തിൽ ദയയോടെ മറ്റുള്ളവരെ നേരിട്ടു!

**വാക്യങ്ങൾ 5, 6. അച്ചടക്കം** വരുമെന്ന് തിരുവെഴുത്ത് വ്യക്തമായി പഠിപ്പിക്കുന്നു (വാ. 5). ആ വായനക്കാർ തിരുവെഴുത്ത് പറഞ്ഞതിനെ **മറന്നുപോയോ?** ലേഖകൻ അതിന് അവരെ കുറ്റപ്പെടുത്തിയതിനാൽ, അവർ മറന്നുപോയിരിക്കാമെന്ന് നമുക്ക് ഊഹിക്കാം.

ഈ വാക്യത്തിൽ ഉദ്ധരിച്ച വേദഭാഗം സദൃശവാക്യങ്ങൾ 3:11, 12 ആണ്, അത് നേരിട്ടാണ് പറഞ്ഞിരിക്കുന്നതെങ്കിൽ എബ്രായരെ ബാധിക്കുന്നതാണെന്ന് പറയാം. " 'പുത്രൻ' എന്നു സദൃശവാക്യത്തിൽ പറഞ്ഞിരിക്കുന്നത് നമ്മിൽ ഒരാളെ" അല്ല എന്നു നാം വിചാരിച്ചേക്കാം!" ബൈബിൾ എല്ലായ്പോഴും ആനുകാലികമാണ്; അത് ഒരുവിധത്തിൽ അല്ലെങ്കിൽ മറ്റൊരുവിധത്തിൽ പ്രായോഗികമാണ്. സാധ്യമായ വിധത്തിൽ പഴയനിയമ സത്യത്തിലെ

തത്വം നമുക്ക് പ്രായോഗികമാക്കാം. നമ്മുടെ ദൈവം അവൻ സ്നേഹിക്കുന്ന വരെ ശിക്ഷിച്ച് അഭ്യസിപ്പിക്കും എന്ന കാര്യം നാം വിസ്മരിക്കരുത്.

3:7–11 ൽ മുൻപ് ഇത്തരം പ്രായോഗികത നാം കാണുകയുണ്ടായി, ഈ പ്രബോധനം എബ്രായ ലേഖനത്തിന്റെ ആദ്യ വായനക്കാർക്ക് പ്രായോഗികമാക്കുവാൻ നൂറ്റാണ്ടുകൾക്ക് മുൻപ് പറഞ്ഞിരുന്നു (സങ്കീ. 95:7–11). "അച്ചടക്കത്തെ" (*പെയിഡെയിയാ* യിൽനിന്ന്) കുറിച്ചുള്ള വേദഭാഗമാണ് ഉദ്ധരിച്ചിരിക്കുന്നത്. അതിൽ ഒരു കുട്ടിയെ പഠിപ്പിക്കുന്നതും പരിശീലിപ്പിക്കുന്നതും മുഴുവൻ ഉൾപ്പെടുന്നു.[21] ഗ്രീക്കിൽ ആ വാക്ക് "വിദ്യാഭ്യാസം" നൽകുന്നതിനെയാണ് വ്യക്തമാക്കുന്നത്.[22] "ശിക്ഷ" ആ വാക്കിൽ ആവശ്യമായി വരുന്നില്ല, പക്ഷെ ഒരു തരത്തിലുള്ള "കഷ്ടത" സന്ദർഭത്തിൽ കാണാം. ദൈവത്തിൽനിന്നു പഠിക്കുവാൻ, അല്ലെങ്കിൽ അച്ചടക്കത്തിന്, കഷ്ടത സഹിക്കണമെന്നതാണ് പൊതുവായ യെഹൂദ വീക്ഷണം.[23]

**വാക്യങ്ങൾ 7, 8. മക്കൾ** ആയതുകൊണ്ട് നാം കഷ്ടതയേൽക്കുമ്പോൾ (വാ. 7), നാം പുത്രനെ അനുഗമിക്കുകയാണ് (5:8). തന്റെ "കഷ്ടതയാൽ" യേശു "അനേകം പുത്രന്മാരെ തേജസിലേക്ക് നടത്തുകയാണ്" എന്ന് എബ്രായർ 2:10 പറയുന്നു. പൗലൊസും ബർന്നബാസും പ്രവൃത്തികൾ 14:21, 22 ൽ പറഞ്ഞതുപോലെ, ഏതെങ്കിലും വിധത്തിൽ ഉപദ്രവം ഏൽക്കാതെ ആരും ദൈവരാജ്യത്തിൽ പ്രവേശിക്കുന്നില്ല. ആ വാക്യത്തിൽ "പരീക്ഷണത്തിന്റെ പ്രത്യേക സമയത്തെയല്ല" ആ വേദഭാഗം പറയുന്നത്, മറിച്ച് ഈ ജീവിതത്തിൽ തുടർച്ചയായി ഉണ്ടാകുന്നതിനെയാണ്.

**അച്ചടക്കം** ദൈവമക്കൾ ആകുന്നു എന്നതിന്റെ തെളിവാണ്. കഷ്ടതയുടെ കുറവ് നമ്മിൽ ഉണ്ടെങ്കിൽ, നാം പിശാചിന്റെ മക്കളാണ്! നമ്മുടെ സ്വഭാവം അങ്ങനെയായതുകൊണ്ടാണ് നമുക്ക് അച്ചടക്കം ആവശ്യമായി വരുന്നത് (വാക്യം 10 ൽ അന്തർലീനമാക്കിയിരിക്കുന്നതുപോലെ). "അത്യന്തം അനവധിയായി തേജസിന്റെ നിത്യഘനം കിട്ടുവാൻ ഇടയാകുന്നു" (2 കൊ. 4:17). വിശ്വാസത്തിനു വേണ്ടി കഷ്ടത **സഹിക്കേണ്ടി** വരുമ്പോൾ, നാം വിട്ടുകളയരുത് എന്നതാണ് പോയിന്റ്.

ദൈവത്തിന്റെ അച്ചടക്കം നാം ആഗ്രഹിക്കണം അല്ലെങ്കിൽ അത് നല്ലതാണെന്ന് പറയുവാൻ കാരണം എന്ത്? ലേഖകൻ മൂന്നു കാരണങ്ങൾ നൽകിയിരിക്കുന്നു. (1) അത് നാം ദൈവമക്കൾ ആകുന്നു എന്ന അടയാളം നൽകുന്നു (വാ. 8). അച്ചടക്കം വരുത്താത്ത മക്കൾ സ്നേഹിക്കപ്പെടാത്തവരാണ്. ഡൊണാൾഡ് ഗത്രി എഴുതി, "ഒരു *അപ്പൻ* തന്റെ മകനെ ശിക്ഷിക്കുന്നില്ലെങ്കിൽ, അയാൾ അപ്പൻ എന്ന സ്ഥാനം പൂർണ്ണമായി ഉപയോഗിക്കാതിരിക്കുകയും മകൻ പുത്രത്വം നഷ്ടമാക്കുകയും ചെയ്യും."[24] (2) നമ്മുടെ കഴിഞ്ഞ കാലത്തിലേക്ക് നാം തിരിഞ്ഞു നോക്കിയാൽ അച്ചടക്കം നമ്മുടെ ഗുണത്തിനായിരുന്നു എന്നു തിരിച്ചറിയുവാനും നമ്മുടെ പക്വതക്ക് അത് സഹായകരമായിരുന്നു എന്നും മനസിലാക്കാം (വാ. 9, 10). (3) അതു മുഖാന്തരം നമുക്ക് അവന്റെ "വിശുദ്ധി പങ്കിടുവാൻ" കഴിയും (വാ. 10) അപ്പോഴാണ് നമുക്ക് ലേഖനം പറയുന്നതുപോലെ ദൈവത്തെ നമ്മുടെ "പിതാവ്" എന്നു സംബോധന ചെയ്യുവാൻ കഴിയുക (വാ. 9).

**നിയമവിരുദ്ധമായി** ജനിച്ച മക്കൾക്ക് അവകാശമില്ല എന്ന പുരാതന വ്യവസ്ഥ ലേഖകൻ എടുത്തു പറഞ്ഞിരിക്കുന്നു. റോമാ നിയമമനുസരിച്ച് അത്തരം മക്കൾ **അപ്പ**[ന്റെ] നിയന്ത്രണത്തിലല്ല, അങ്ങനെയുള്ള മക്കൾക്ക്

അപ്പൻ നിർദ്ദേശവും നൽകിയിരുന്നില്ല.[25] ദൈവത്തെ അച്ചടക്കത്തിനായി നാം അനുവദിക്കുമ്പോൾ, ലോകം നമ്മെ പുറജാതിക്കാർ എന്നു വിളിച്ചാലും, അവൻ നമ്മുടെ പിതാവായും നാം അവന്റെ നിയമപ്രകാരമുള്ള മക്കളുമാകുന്നു.

**വാക്യങ്ങൾ 9, 10.** കഷ്ടതയുടെ ഭാഗത്ത് **അച്ചടക്കവും** ഉൾപ്പെടുത്തിയിരിക്കുന്നത് പ്രാധാന്യമുള്ള കാര്യമാണ്. ഒരു **അപ്പൻ** മക്കളെ അച്ചടക്കത്തിനായി ക്ലേശിപ്പിക്കേണ്ടി വരും. തീർച്ചയായും, അപ്പോൾ അതു കുട്ടികൾ ആഗ്രഹിക്കുകയോ, അതിന്റെ ഉദ്ദേശം മനസിലാക്കുകയോ ഇല്ല. **നമ്മുടെ പിതാവ് നമ്മെ ശിക്ഷിക്കുന്നത് നമ്മുടെ നന്മക്കായിട്ടാണ്.** അത് നമ്മിൽ നല്ല ഫലം പുറപ്പെടുവിക്കുമെന്ന് അപ്പോൾ നമുക്ക് മനസിലാകുകയില്ല, നമുക്ക് അപ്പോൾ അത് നല്ലതായി തോന്നുകയുമില്ല. എബ്രായർക്ക് അനുഭവപ്പെട്ട അച്ചടക്കം പ്രോൽസാഹനമോ, ആശ്വാസമോ ആയിട്ടായിരിക്കാം, അല്ലെങ്കിൽ അവർ വാസ്തവത്തിലുള്ള ദൈവമക്കളാണെന്ന് ഉറപ്പിക്കുന്നതിനോ ആയിരിക്കാം.

കഷ്ടതയിൽ കൂടെയുള്ള അച്ചടക്കത്തിന് നല്ല ഉദാഹരണമാണ് അപ്പൊസ്തലനായ പൗലൊസ്. അവന്റെ ക്ലേശത്തിൽ–"ജഡത്തിലെ ശൂലം" (2 കൊ. 12:7–10)–തീർച്ചയായും, അവന് വലിയ വേദന അനുഭവപ്പെട്ടിരിക്കും, ഒരുപക്ഷെ അത് ലജ്ജിപ്പിക്കത്തക്കതും ആയിരുന്നേക്കാം, എന്നാൽ അവന് അതിൽനിന്നു പ്രയോജനം ലഭിച്ചിരിക്കും. അങ്ങനെ സുവിശേഷം ശോഭിക്കുകയും അവൻ കുറഞ്ഞുവരികയും ചെയ്തു. കുറഞ്ഞ മനുഷ്യൻ അത്തരം ക്ലേശത്താൽ തരംതാഴ്ത്തപ്പെട്ടിരിക്കാം. പൗലൊസിന്റെ ശരീരത്തിൽ ക്രിസ്തു ഉയർന്നിരിക്കയും ചെയ്തു (ഫിലി. 1:20). കാരണം "ഉപനിധി" നൽകിയിരിക്കുന്നത് "മൺപാത്രത്തിലായിരുന്നു" (2 കൊ. 4:7 നോക്കുക). താനല്ല, മറിച്ച് മഹത്വപ്പെടേണ്ടത് സന്ദേശമാണെന്ന് അവൻ മനസിലാക്കിയിരുന്നു. അവൻ [തന്റെ] "ബലഹീനതകളിൽ പ്രശംസിക്കുവാനും ശീലിച്ചിരുന്നു" (2 കൊ. 12:9)! പൗലൊസ് പറഞ്ഞത് സി. എസ്. ലൂയിസ് പറഞ്ഞതുമായി യോജിക്കുന്നു, "അന്ധമായ ലോകത്തിൽ ... ദൈവത്തിന്റെ ഉച്ചത്തിലുള്ള ശബ്ദമായ ഉച്ചഭാഷിണിയാണ് അത്."[26] ആൽബർട്ട് ബാർണെസ് പറഞ്ഞു, "ക്ലേശങ്ങളിൽനിന്ന് ഗുണം ലഭിക്കാത്ത ഒരു ക്രിസ്ത്യാനിയെ പോലും ഞാൻ കണ്ടിട്ടില്ല."[27]

ദൈവത്തെ **ആത്മാക്കളുടെ പിതാവായി** വിശ്വസിക്കുക (വാ. 9) എന്നു പറഞ്ഞാൽ അവനെ എല്ലാ ക്രിസ്ത്യാനികളുടേയും പിതാവായി അംഗീകരിക്കുക എന്നാണ് അർത്ഥം. അവനെ ആ പേരിലാണ് പുതിയ നിയമത്തിൽ പലപ്പോഴും അറിയപ്പെട്ടിട്ടുള്ളത് (മത്താ. 6:9; ലൂക്കൊ. 11:2; യോഹ. 20:17; റോമർ. 8:15, 16; ഗലാ. 4:6). "ആത്മാക്കൾ" എന്നു പറയുന്നത് ദൂതന്മാരല്ല, കാരണം എബ്രായ ലേഖനത്തിൽ അവരെ ദൈവത്തിന്റെ "മക്കൾ" എന്നു വിളിച്ചിട്ടില്ല (എബ്രാ. 1:5; 2:5, 16).

നമ്മുടെ ആത്മാക്കളുടെ സൃഷ്ടികർത്താവാണ് ദൈവം, നാം ലോകത്തിലേക്ക് ജനിച്ചു വീണപ്പോഴാണ് ആത്മാവിനെ അവൻ നൽകിയത്. മരിക്കുമ്പോൾ ആ വ്യക്തിയിലുള്ള ആത്മാവിനെ, "നൽകിയ ദൈവത്തിങ്കലേക്ക് മടങ്ങി പോകുന്നു" (സഭാ. 12:7). നമുക്ക് "ആത്മാക്കളുടെ പിതാവ്" ഉണ്ടെന്ന് ബുദ്ധിമാനായിരുന്ന എഴുത്തുകാരൻ അറിഞ്ഞിരുന്നു (വാ. 9). ആ പ്രയോഗം പുതിയ നിയമത്തിൽ ഇവിടെ മാത്രമാണ് ഉള്ളത്. **ജീവിക്കുക** എന്നുള്ളതാണ് ആത്മാക്കളുടെ പിതാവിലുള്ള വിശ്വാസത്തിന്റെ ഫലം. ഇപ്പോഴുള്ളതും നിത്യജീവനും ഉൾപ്പെടുന്നതിനെയാണ് അത് വ്യക്തമാക്കുന്നത് (ഹബ. 2:4;

എബ്രാ. 10:38).

ഒരു ഗ്രീക്ക് യുവാവിന് കുറെ കാലം എന്നു പറയുന്നത് (വാ. 10) പ്രായ പൂർത്തിയായതിനുശേഷമുള്ള, വിവാഹം കഴിയുന്നതുവരെ, പൊതുവായി അവന്റെ അല്ലെങ്കിൽ അവളുടെ പേർ രജിസ്റ്റർ ചെയ്യുന്നതുവരെയുള്ള മൂന്നുവർഷക്കാലത്തെ പിതാവിന്റെ നിയന്ത്രണത്തെ ആണ് പറയുന്നത്.[28] ക്രിസ്ത്യാനി "കുറെ കാലം" അച്ചടക്കത്തിനായി കഷ്ടം സഹിക്കേണ്ടി വരുന്നത് നിത്യതയുമായി നോക്കുമ്പോൾ വളരെ "കുറഞ്ഞ" കാലയളവാണ് (2 കൊ. 4:16, 17).

**വാക്യം 11**. റോമർ 2:20 ൽ "വഴി കാട്ടുന്നവൻ" (*പെയിഡ്യൂറ്റെസ്*) എന്നതിന് ഉപയോഗിച്ചിരിക്കുന്ന അതേ വാക്ക് തന്നെയാണ് **അച്ചടക്കം** എന്നതിനും ഉപയോഗിച്ചിരിക്കുന്നത്. അത്തരം വ്യക്തി മറ്റുള്ളവർക്ക് വഴി കാട്ടിയും, പഠിപ്പിക്കുന്നവനുമാണ്, പ്രത്യേകിച്ച് കുട്ടികൾക്ക്. ആ വാക്ക് *പെയിഡെയിയോൺ* ("കൊച്ചു കുട്ടികൾ") ആയി ബന്ധപ്പെട്ടിരിക്കുന്നു. "കുട്ടികളെ ഉപദേശിക്കുന്നവൻ" എന്ന അർത്ഥത്തിലും അത് ഉപയോഗിച്ചിരിക്കുന്നു. "അച്ചടക്കം വരുത്തുന്ന ആൾ" അല്ലെങ്കിൽ "പുത്രനെ പരിശീലിപ്പിക്കുന്നവൻ."[29] നല്ല-നിലയിൽ അഭ്യസിപ്പിച്ച മകൻ പരിശീലിപ്പിച്ച അപ്പനെയും അമ്മയെയും "ബഹുമാനിക്കും" (വാ. 9).

"സ്നേഹത്തിൽ ശിക്ഷിക്കൽ നീതീകരിക്കാവുന്നതല്ല, എന്നാൽ അത് എല്ലായ്പോഴും ഗുണത്തിനു വേണ്ടിയാണ്."[30] യുവത്വത്തിൽ അനാകർഷണമായി തോന്നുന്നത് പ്രായമായവർക്ക് മനോഹരമായി തോന്നും, നമ്മെ ന്യായമല്ലാത്ത വിധത്തിൽ കഠിനമായി ശിക്ഷിച്ചു എന്നു തോന്നിയ നമ്മുടെ ഭൗമികമായ അപ്പന്മാരെ നാം പക്വതയിലെത്തുമ്പോൾ, സ്നേഹിക്കുന്നത് അസാധാരണമായി തോന്നുകയില്ലേ? എന്നെ അച്ചടക്കത്തിൽ വളർത്തുവാൻ എന്റെ അപ്പൻ തെറ്റു ചെയ്തിരിക്കാം, എന്നാൽ അദ്ദേഹം എന്നെ സ്നേഹിച്ചിരുന്നു എന്ന് എനിക്ക് അറിയാം. കുട്ടിയായിരുന്നപ്പോൾ എന്നെ പരുഷമായി ശിക്ഷിച്ചിരുന്നു എങ്കിലും, ഞാൻ അദ്ദേഹത്തെ ബഹുമാനിക്കുന്നു.

ചിലപ്പോൾ കഠിനമായ അച്ചടക്കം വരുത്തി മക്കളെ ശിക്ഷിക്കുന്നതാണ് വാസ്തവത്തിലുള്ള സ്നേഹം എന്ന് രക്ഷകർത്താക്കൾ മനസിലാക്കിയിരുന്നു. മാതാപിതാക്കളുടെ ശിക്ഷ ചിലപ്പോൾ വികാരക്ഷോഭത്താൽ പെട്ടെന്നുള്ളതും കോപത്താലും സ്നേഹത്തിന്റെ ശക്തിയാലും വരും. എങ്ങനെയായാലും, സാധാരണ, മാതാപിതാക്കൾ പ്രവർത്തിക്കുന്നത് സ്നേഹത്തിലാണ്, അല്ലെങ്കിൽ അവരുടെ സ്വഭാവം മോശമായി തീരുമെന്ന് അവർക്ക് അറിയാം. ശിക്ഷിക്കുന്ന ഭൗമിക പിതാക്കന്മാരെ നമുക്ക് സ്നേഹിക്കുവാൻ കഴിയുന്നുവെങ്കിൽ, ആത്മാക്കളുടെ പിതാവായ സ്വർഗസ്ഥപിതാവിനെ നമുക്ക് എന്തുകൊണ്ട് സ്നേഹിക്കുവാൻ കഴിയുകയില്ല? രക്ഷകർത്താക്കൾ മക്കളുടെ "ഏറ്റവും നല്ല ഗുണത്തിനു വേണ്ടിയാണ്" അവരെ ശിക്ഷിച്ചിരുന്നത് (വാ. 10) അമ്മയപ്പന്മാർക്ക് അവരുടെ തീരുമാനങ്ങളിൽ തെറ്റിയാൽ പോലും ഉദ്ദേശം വളരെ വ്യക്തമാണ്.

കുട്ടികളെ വളർത്തുന്നതിൽ, അവരിൽ വിശ്വാസം വളർത്തുന്നതും ഉൾപ്പെടുന്നു. നല്ല മാതാപിതാക്കൾ ക്രൂരന്മാരോ, കുട്ടികളെ വേദനിപ്പിച്ച് സന്തോഷിക്കുന്നവരോ ആയിരിക്കുകയില്ല, പിന്നെയോ അവർ വിശ്വസിക്കുന്ന നീതി എന്ന ആശയം അവരിൽ കാണുവാനാണ് ആഗ്രഹിക്കുന്നത്. ദൈവം നമ്മെ ശിക്ഷിക്കുന്നത് നമ്മുടെ നന്മക്കായിട്ടാണ്," എന്നതിന്റെ അർത്ഥം,

*തികഞ്ഞ നന്മയാണ്*, അല്ലാതെ തോന്നൽ അല്ല. അവൻ ഇത് ചെയ്യുന്നത് നാം അവന്റെ ഇഷ്ടത്തിന് കീഴ്പ്പെടുന്നതിനും-അവസാനം അവന്റെ വിശുദ്ധി പങ്കിടുന്നതിനുമാണ്-ഇവിടെയും നിത്യതയിലും. ഭൗമിക അപ്പന്മാർ തങ്ങളുടെ മക്കൾ അവരെപോലെ ആകുവാൻ ആഗ്രഹിക്കുന്നതുപോലെ സ്വർഗസ്ഥനായ പിതാവിനെ പോലെ നാം ആകുവാനാണ് അവൻ ആഗ്രഹിക്കുന്നത്. അതിൽ ദൈവിക സ്നേഹവും അവന്റെ രൂപത്തോട് അനുരൂപ്പെടുന്നതും ഉൾപ്പെടുന്നു.

അഭ്യാസം എന്നത് തർജ്ജമ ചെയ്തിരിക്കുന്ന വാക്ക് *ഗുമ്മാസോ* നമ്മെ തിരിച്ചറിയിക്കുന്നത് "ജിംനേസിയം" എന്ന വാക്കാണ്. "കായികാഭ്യാസത്തിനായി ഗ്രീക്കുകാർക്കിടയിലുണ്ടായിരുന്ന കായികവിനോദശാലയാണ് ഇവിടെ ചിത്രീകരിച്ചിരിക്കുന്നത്. സമ്മാനങ്ങൾ യുവാക്കളെ മോഹിപ്പിച്ചിരുന്നു. മൽസരം ക്ലേശഭൂയിഷ്ടമായിരുന്നു. പരിശീലനം അതി കഠിനവുമായിരുന്നു."[31] വ്യായാമം ശരീരത്തിലെ മാംസപേശികളെ ബലപ്പെടുത്തുന്നതുപോലെ, ആത്മിയമായ പരീക്ഷണങ്ങൾ നമ്മെ പക്വതയിലെത്തിക്കുന്നു. അപ്പോൾ ക്രിസ്ത്യാനി ഫലപ്രദമായ അച്ചടക്കം ആഗ്രഹിക്കുകയും, പ്രതിസന്ധി വിലയുള്ളതായും തിരിച്ചറിയും.

ശരിയായ പരിശീലനവും അച്ചടക്കവും **നീതിയുടെ ഫലമായ സമാധാനം** പുറപ്പെടുവിക്കുവാനും "അവന്റെ വിശുദ്ധി പങ്കിടുവാനും" ഇടയാകും (വാ. 10). ഈ ഫലം പുറപ്പെടുവിക്കുവാൻ സദ്ഗുണവും, ആത്മാർത്ഥതയും, ഉദ്ദേശവുമുള്ള ജീവിതം നയിക്കണം. ദൈവനാമ മഹത്വത്തിനായി അവനെ സേവിക്കുക എന്നതാണ് ക്രിസ്ത്യാനിയുടെ ഉദ്ദേശം. ഒരു ശുദ്ധീകരണപ്രക്രിയയിൽ കൂടെയാണ് അവൻ നമ്മെ നിർമ്മലീകരിക്കുന്നത് (10:22 നോക്കുക). പൂർണ്ണ വിശുദ്ധീകരണം നമുക്ക് ലഭിക്കുന്നത് ദൈവത്തോടുകൂടെ സ്വർഗത്തിലാണ്. ഇപ്പോൾ നമുക്ക് അവന്റെ രക്ഷിക്കുന്ന കൃപ മൂലവും, യേശുവിന്റെ പ്രായശ്ചിത്ത മരണം മൂലവും അതിൽ പങ്കുകാരാകാം (10:19).

"സമാധാനവും," "നീതീകരണവും" അപ്പൊസ്തലനായ പൗലൊസും റോമർ 5:1 ൽ യോജിപ്പിച്ച് പറഞ്ഞിരിക്കുന്നു, വിശ്വാസത്താൽ നീതീകരിക്കപ്പെടുമ്പോഴാണ് സമാധാനം ലഭിക്കുന്നത് എന്നാണ് അവിടെ പറഞ്ഞിരിക്കുന്നത്. കഷ്ടതയുടെ പരിശീലനത്താൽ ലഭിക്കുന്ന "നീതിയുടെ സമാധാന ഫലം" എത്ര മനോഹരമാണ്! സൗമ്യതയുടെ ആത്മാവിനാൽ വളർത്തിയെടുക്കേണ്ടതാണ് ഈ ഫലം, കർത്താവ് സമീപമാണ് എന്നറിഞ്ഞ് സകല ചിന്താകുലങ്ങളും അതിജീവിക്കുവാൻ പ്രാർത്ഥിക്കുകയും വേണം (ഫിലി. 4:4–7).

## ദൈവ കൃപ അന്വേഷിക്കുന്നതിനും വിശ്വാസ പൂർവ്വം ജീവിക്കുവാനും പ്രോൽസാഹിപ്പിക്കണം (12:12-17)

**12ആകയാൽ തളർന്ന കൈയും കുഴഞ്ഞ മുഴങ്കാലും നിവിർത്തുവിൻ,**
**13മുടന്തുള്ളത് ഉളുക്കിപ്പോകാതെ ഭേദമാകേണ്ടതിന്ന് നിങ്ങളുടെ കാലിന്നു**
**പാത നിരത്തുവിൻ.**
**14എല്ലാവരോടും സമാധാനം ആചരിച്ചു ശുദ്ധീകരണം പ്രാപിപ്പാൻ**
**ഉൽസാഹിപ്പിൻ. ശുദ്ധീകരണം കൂടാതെ ആരും കർത്താവിനെ കാണുകയില്ല.**
**15ആരും ദൈവകകൃപ വിട്ട് പിൻമാറുകയും വല്ല കൈപ്പുള്ള വേരും മുളച്ച്**
**കലക്കമുണ്ടാക്കി അനേകർ അതിനാൽ മലിനപ്പെടുകയും 16ആരും ദുർന്ന**

**ടപ്പുകാരനോ ഒരു ഊണിന് ജ്യേഷ്ഠാവകാശം വിറ്റുകളഞ്ഞ ഏശാവിനെ പോലെ അഭക്തനോ ആയി തീരുകയും ചെയ്യാതിരിപ്പാൻ കരുതിക്കൊൾവിൻ. [17]അവൻ പിന്നത്തേതിൽ അനുഗ്രഹം ലഭിപ്പാൻ ആഗ്രഹിച്ചു കണ്ണുനീരോടു കൂടെ അപേക്ഷിച്ചിട്ടും തള്ളപ്പെട്ടു മാനസാന്തരത്തിന്ന് ഇടം കണ്ടില്ല എന്നു നിങ്ങൾ അറിയുന്നുവല്ലോ.**

തന്റെ വായനക്കാർ സ്ഥിരോൽസാഹമുള്ളവരായി തീരുമെന്ന വിശ്വാസത്താൽ വിവിധരീതിയിലുള്ള പ്രബോധനമാണ് ലേഖകൻ അവർക്ക് നൽകിയത്. വിശ്വാസത്തിൽ തുടരുവാനും വളർച്ച ഉറപ്പാക്കുവാനും, വീണുപോകാതിരിപ്പാനും ചില മനോഭാവങ്ങളും ഗുണങ്ങളും വളർത്തിയെടുക്കണം.

**വാക്യങ്ങൾ 12, 13.** ആരും പിന്മാറി വീണുപോയി സഭയിൽനിന്നു നഷ്ടപ്പെടാതെ നോക്കണം എന്നതാണ് നമ്മുടെ കടമ. ബലഹീനരെ നാം പരിഗണിക്കണം (വാ. 12).

ആദ്യത്തെ പ്രബോധനം യെശയ്യാവ് 35:3 ലേതുപോലെയുള്ളതാണ്. രണ്ടാമത്തേത് സദൃശവാക്യങ്ങൾ 4:26, 27 ൽനിന്നുമുള്ളതാണ്.[32] LXX പറയുന്നു, “നിന്റെ കാലിനുള്ള പാത നേരെയാക്കുക. ഇടത്തോട്ടോ വലത്തോട്ടോ മാറരുത്, നിന്റെ കാൽ ദുഷിച്ച വഴിയിൽനിന്നു മാറ്റുക ...” യെശയ്യാവ് 35 ലുള്ളത് മശിഹാ സന്ദർഭമാണ്; അത് 5 ഉം 6 ഉം വാക്യങ്ങളിൽ വളരെ വ്യക്തമാക്കുന്നു, മശിഹ ചെയ്യുവാനുള്ള അത്ഭുതങ്ങളിൽ ചിലത് അവിടെ വിവരിക്കുന്നു. (യെശയ്യാവിലെ ഈ വേദഭാഗമാണ് മത്താ. 11:5 ൽ പറയുന്നത്.)

ശരീരത്തെ കുറിച്ചോ ആത്മാവിനെ കുറിച്ചോ പറയുമ്പോൾ, “തളർന്ന കൈയും കുഴഞ്ഞ മുഴങ്കാലും” “നിരാശയുടേയും നിരുൽസാഹത്തിന്റേയും രൂപകാലങ്കാര ചിത്രമാണ് നൽകുന്നത്.”[33] ബാബേൽ പ്രവാസത്തിൽനിന്നു മടങ്ങിവരുന്നവരെയാണ് പഴയ നിയമവേദഭാഗത്ത് പറയുന്നത്, അവർക്ക് സഹായം ആവശ്യമായിരുന്നു. **ഉളുക്കിപ്പോകാതെ** (വാ. 13) എന്ന പ്രയോഗം അർത്ഥമാക്കുന്നത് അംഗ[ഭംഗം]അഥവാ **മുടന്ത്** ആണ്, നടക്കുന്നതിന് സഹായം ആവശ്യമാണ്. എബ്രായ ലേഖനത്തിൽ സ്വർഗീയ യെരുശലേമിലേക്കു യാത്ര ചെയ്യുന്ന ക്രിസ്ത്യാനികളെയാണ് പറയുന്നത്. ആ തീർത്ഥാടന യാത്രയിൽ ബലവാന്മാർ ബലഹീനരെ പ്രോൽസാഹിപ്പിക്കണം. ആത്മിയ മുടന്തുള്ളവർക്ക് അത് ഭേദമാകണം എന്നതായിരിക്കും ഫലം. ഇതിന് ഇടവക മുഴുവന്റേയും പ്രോൽസാഹനം ആവശ്യമായി വന്നേക്കാം.

ഇതേ ആശയം റോമർ 15:1 ൽ കാണാം. പൗലൊസ് പറഞ്ഞു, “ശക്തരായ നാം അശക്തരുടെ ബലഹീനതകളെ ചുമക്കുകയും നമ്മിൽ തന്നെ പ്രശംസിക്കാതിരിക്കുകയും വേണം.” “ശക്തരാക്കുവിൻ” എന്നത് ആജ്ഞാരൂപത്തിലുള്ള ബഹുവചനമാണ്. അതിൽ “അനേകരുടെ കൂട്ടായ പരിശ്രമം” ഉൾപ്പെടുന്നതാണ്.[34] ബലമുള്ളവർ ഇത് ദിവസേന വായിക്കണം, ബലഹീനർ തങ്ങൾക്ക് എങ്ങനെ ബലം ലഭിക്കുമെന്ന് അറിയുവാൻ അവരും ഇത് നിരന്തരം വായിക്കണം. വാഗ്ദത്ത ദേശത്തേക്ക് നടക്കുന്ന ഓരോ ക്രിസ്ത്യാനിയും മറ്റുള്ളവരെ പ്രോൽസാഹിപ്പിച്ചുകൊണ്ടിരിക്കണം. നമുക്ക് പാത വ്യതിചലിക്കുവാനോ ആർക്കെങ്കിലും ഇടർച്ച വരുത്തി വീഴ്ത്തുവാനോ പാടില്ല.

**നേരായ പാത** എന്നു പറയുന്നത് ഉൽസാഹത്തോടെയുള്ള പരിശ്രമത്തെയാണ് പറയുന്നത്, കാരണം പലപ്പോഴും വഴികൾ പലതും വളഞ്ഞുതിരിഞ്ഞതും പരുപരുത്തതുമായിരിക്കും. ഒരു മുടന്തന് വീഴാതെ നടക്കുവാൻ നേ

രായതും മൃദുലമായതുമായ വഴി ഉള്ളത് എത്ര മനോഹരമാണ്! വിശ്വാസത്തിൽ നിന്നു വ്യതിചലിച്ചുപോകുന്നവർ വിചാരിക്കുന്നത് കുഴപ്പമൊന്നുമില്ലാതെ പോകാമെന്നാണ്, പക്ഷെ കുറെ കഴിയുമ്പോഴാണ് കാര്യങ്ങൾ തിരിച്ചറിയുന്നത്. സമയത്തിനും പരിശ്രമത്തിനും എളുപ്പം ദൈവവഴി തന്നെയാണ് (മത്താ. 11:28-30). “നേരായ വഴി ... ഇടുങ്ങിയ” വഴിയാണ് (മത്താ. 7:13, 14) (കെജെവി), ഏതാണ് “നേരായത്?”

എന്നാൽ **അവൻ സൗഖ്യമാക്കി** എന്നത് ആത്മിയ സൗഖ്യമാണ്, അല്ലെങ്കിൽ വിശ്വാസത്തിലേക്കുള്ള പുനരേകീകരണമാണ്. “സൗഖ്യമാകൽ” എന്ന ആശയം ഈ വിധത്തിൽ യെശയ്യാവ് 6:10 ലും, മത്തായി 13:15 ലും ഉപയോഗിച്ചിരിക്കുന്നു, യേശുവിന്റെ സന്ദേശം കേൾവിയാൽ ഉണ്ടാകുന്ന സൗഖ്യത്തെ കുറിച്ചാണ് അവിടെ പറഞ്ഞിരിക്കുന്നത് (കൂടാതെ യോഹ. 12:40; പ്രവൃ. 28:28 നോക്കുക).

**വാക്യം 14**. ഓരോ ക്രിസ്ത്യാനിയും അവന്റെ കൃപയിൽ തന്നെത്താൻ സൂക്ഷിച്ച് **സകല മനുഷ്യരോടും സമാധാനം** ആചരിച്ച്, വലിയ തോതിൽ **ശുദ്ധീകരണത്തിനായി** ശ്രമിക്കണം. അവ നമ്മുടെ ജീവിതത്തിലെ മുഖ്യ ലക്ഷ്യമായി അവക്കായി സ്ഥിരോൽസാഹത്തോടെ പരിശ്രമിക്കണം.

**പിന്തുടരുക** എന്ന വാക്ക് (*ഡയോക്കോ* യിൽനിന്നാണ്) ശക്തവും, മുൻപോട്ട് ലക്ഷ്യത്തോടെ ഗമിക്കുവാനുള്ള പരിശ്രമത്തെയാണ് കാണിക്കുന്നത്. അടുത്ത സമയത്ത് സഭയിൽ നേരിട്ട ഒരു ഉപദ്രവത്തെ സംബന്ധിച്ച് ഉയർന്ന ചോദ്യത്തിന് ഉത്തരം ആയി നൽകിയതാകാം ഇത്.

ക്രിസ്ത്യാനികൾ വളരെ നന്നായി പരിശ്രമിക്കേണ്ട മൂന്നു കാര്യങ്ങളാണ്: സമാധാനം, കൃപ, വിശുദ്ധി. യിസ്രായേല്യരായ ഒറ്റുകാരെ സംരക്ഷിച്ച് രാഹാബ് അത്തരം നയമായിരുന്നു പിൻപറ്റിയത് (11:31). അവൾ ദൈവ ജനത്തോട്കൂടെ സമാധാനം ആചരിപ്പാൻ ആഗ്രഹിച്ചു, അതിന്റെ ഫലമായി അവൾ അവരിൽ ഒരാളായി തീർന്നു, നാം ആളുകളെ ക്രിസ്തുവിലേക്ക് എത്തിക്കുവാനാണ് പരിശ്രമിക്കേണ്ടത്, രാഹാബ് യെഹൂദമതത്തിൽ വിശ്വസിച്ചതുപോലെ ആളുകളെ പരിവർത്തനം ചെയ്യുവാനായിരിക്കണം നാം ശ്രമിക്കേണ്ടത്. **“സമാധാനം”** എന്നതിനുള്ള പഴയ നിയമ വാക്ക് (ഷാലോം) തിരുവെഴുത്തിലെല്ലാം എല്ലാ നിലയിലുമുള്ള ക്ഷേമത്തെയാണ് കാണിക്കുന്നത്. സമാധാനത്തിനുള്ള “വിളി” (*എയിരെനെ*) എന്നത് ഈ വേദഭാഗത്തിൽ വിശുദ്ധിക്കായുള്ള വിളി പോലെ പ്രാധാന്യമുള്ളതാണ്. സമാധാനത്തിനു പിന്തുടരുക എന്ന ആശയം പുതിയ നിയമത്തിൽ ഉടനീളം കാണാം (റോമ. 14:19 ഉം 1 പത്രൊ. 3:11 ഉം നോക്കുക). വിശുദ്ധി പ്രാപിക്കലും സമാധാനം ഉണ്ടാക്കലും ഒരുമിച്ചാണ് കാണപ്പെടുന്നത് (മത്താ. 5:8, 9). എല്ലാ ക്രിസ്ത്യാനികളും വളർത്തിയെടുക്കേണ്ട പ്രധാനപ്പെട്ട ഗുണങ്ങളാണ് അവ.

കൂടുതൽ വിശുദ്ധീകരണത്തിനായി നാം ഉൽസാഹിക്കണം. “വിശുദ്ധീകരണം” (*ഹാഗിയാസ്മോസ്*) എന്ന വാക്കിന്റെ അർത്ഥം വ്യത്യസ്തമായി നിർമ്മലീകരിക്കുക എന്ന ആശയം അടക്കമുള്ള “വേർതിരിക്കൽ” എന്നാണ്. നിർമ്മലീകരണം നാം വളർത്തിയെടുത്തില്ലെങ്കിൽ നമുക്ക് ദൈവത്തെ പോലെ ആകുവാൻ സാധ്യമല്ല. *ഹാഗിയാസ്മോസ്* എന്ന വാക്ക് പൗലൊസിന്റെ ലേഖനങ്ങളിൽ ക്രിസ്തുവിൽ ആകുന്ന അവസ്ഥയെ വിവരിക്കുന്നതിന് ഉപയോഗിച്ചിരിക്കുന്നു (1 കൊ. 6:11). ക്രിസ്തുവുമായുള്ള ബന്ധത്തിൽ നമുക്ക് ഉണ്ടാകുന്ന സ്വഭാവമാണ് അത്; അത് കൂടാതെ നമുക്ക് കർത്താവിനെ

കാണുവാൻ സാധ്യമല്ല. അധർമ്മം പൂർണ്ണമായി ഉപേക്ഷിച്ച് വിശുദ്ധി പ്രാപിക്കുവാൻ ക്രിസ്തുവിലായവർക്കു പോലും കഴിയാതെ വരുന്നു. വാക്യങ്ങൾ 16 ലും 17 ലും കാണുന്ന ഏശാവ് തെറ്റായ മാതൃകക്ക് ഉദാഹരണമാണ്; ശരിയായ പ്രശ്ന പരിഹാരം 1 തെസ്സലൊനിക്യർ 4:1-8 ൽ കാണാം. ദുർന്നടപ്പ് എന്ന പാപത്തെ പൗലൊസ് വളരെ വ്യക്തമായിട്ടാണ് വിവരിച്ചിരിക്കുന്നത്.

സഹോദരങ്ങൾക്കിടയിൽ "സമാധാനം ആചരിക്കുക" എന്നത് "നേരായ പാതയിൽ" നടക്കുന്നതിന്റെ ഭാഗമാണ്. നിത്യരക്ഷയിലേക്കുള്ള യാത്രയിൽ തടസമായി തീരുന്ന ഭിന്നത സഭയിൽ ഉണ്ടാകുവാൻ അനുവദിക്കരുത്. നാം ദൈവത്തിന്റെ വഴിയിൽ നടന്നില്ല എങ്കിൽ, അവൻ ആ നിരന്തരമായ അപകടം അനുവദിക്കും. സഹോദരന്മാർ അഭിപ്രായ ഭിന്നതകൾ പരിഹരിച്ച് യോജിച്ച് പോകണം. ആ തത്വം പൗലൊസ് 1 കൊരിന്ത്യർ 6:1-8 ൽ പഠിപ്പിച്ചിരിക്കുന്നു. "നാം പാപത്തോടാണ് പോരാടേണ്ടത്, അല്ലാതെ മനുഷ്യരോടല്ല ..."[36]

എങ്ങനെയായാലും, സത്യത്തിനു വിട്ടുവീഴ്ച്ച വരുത്തി സമാധാനം ഉണ്ടാക്കുവാൻ ദൈവം അനുവദിക്കുന്നില്ല. ഒരാളുടെ ഉപദേശം തെറ്റിയാൽ അയാളുടെ ആരാധന തന്നെ വ്യർത്ഥമാണ് എന്നാണ് യേശു പഠിപ്പിച്ചത്. ദുരുപദേഷ്ടാക്കന്മാർ പറയുന്നതും ചെയ്യുന്നതും മറ്റുള്ളവരെ പറയുവാനും ചെയ്യുവാനും പഠിപ്പിക്കുമ്പോൾ ഇരുവരും കുഴിയിൽ വീഴുമെന്നാണ് യേശു പഠിപ്പിച്ചത് (മത്താ. 15:8-14). അവസാനം, നിലനിൽക്കുന്ന യഥാർത്ഥ സമാധാനം ദൈവത്തിൽനിന്നാണ് വരുന്നത്, കാരണം അവൻ "സമാധാനത്തിന്റെ ദൈവമാണ്" (എബ്രാ. 13:20).

ഭിന്നിപ്പ് ഉണ്ടാക്കുന്നവർ **കർത്താവിനെ കാണുകയില്ല**. ഭിന്നിപ്പ് ഭയങ്കരമായ കാര്യമാണെന്ന് ആ വാഗ്ദാനം നമ്മെ ബോധ്യമാക്കുന്നു. "കർത്താവിനെ കാണുകയില്ല" എന്നു പറഞ്ഞതിൽ, "കർത്താവിന്റെ സന്നിധാനവും അവന്റെ വല്ലഭത്വത്തോടുകൂടിയ മഹത്വവും വിട്ടകന്നു നിത്യനാശം എന്ന നരകത്തിലെക്ക് തള്ളിക്കളയുന്നതും ഉൾപ്പെടുന്നു" (2 തെസ്സ. 1:9). അത് വിശ്വാസത്യാഗത്തിനെതിരായ മുന്നറിയിപ്പാണ്.

എല്ലാവരും ദൈവത്തിന്റെ ന്യായവിസ്താരത്തിനു മുൻപാകെ നിൽക്കേണം, എന്നാൽ കർത്താവിനെ "കാണുക" എന്നു പറഞ്ഞാൽ അവനോടുകൂടെ ഇരുന്ന് അവന്റെ സാന്നിധ്യം അനുഭവിക്കുക എന്നാണ് അർത്ഥം. വിശുദ്ധീകരണം കൂടാതെ ദൈവം ആരെയും സ്വർഗത്തിലേക്ക് പ്രവേശിപ്പിക്കുകയില്ല-കാരണം ആ വ്യക്തി അപ്പോഴും പാപത്തിലാണ് എന്നർത്ഥം (യോഹ. 8:21-24; വെളി. 21:27).

**വാക്യം 15. അത് നോക്കുക** (*എപിസ്കോപൗണ്ടെസ്*) എന്നത് എപിസ്കോപെയോസ് എന്ന നാമത്തിന്റെ വർത്തമാന കാല പാർട്ടിസിപ്പിൾ ആണ്. ഈ വാക്കാണ് മൂപ്പന്മാരുടെ പ്രവർത്തനത്തെ കുറിച്ച് പറയുമ്പോൾ 1 പത്രൊസ് 5:2 ൽ ഉപയോഗിച്ചിരിക്കുന്നത്. മേയ്ക്കുന്നവന്റെ അല്ലെങ്കിൽ ഒരു രക്ഷകർത്താവിന്റെ പ്രവൃത്തിയെയാണ് അവിടെ പറഞ്ഞിരിക്കുന്നത്. ക്രിസ്തുവിൽ നിന്ന് ആരെങ്കിലും അകന്നു പോകാതിരിക്കുവാൻ "സമൂഹം മുഴുവൻ ശ്രദ്ധയോടെ നോക്കിയിരിക്കണം."[37] **ആരും വീണുപോകാതിരിപ്പാൻ** "നോക്കിക്കൊൾക" എന്നു പറഞ്ഞിരിക്കുന്നത്, ലോകത്തിലുള്ളവരെ "കുറിച്ചല്ല," കാരണം ക്രിസ്തുവിനു പുറത്തുള്ളവർ, തീർച്ചയായും വീണുപോയിരിക്കുകയാണ്. അതുകൊണ്ട്, വിശ്വസ്തരായ ക്രിസ്ത്യാനികൾ പോലും ചിലപ്പോൾ "വീണുപോയേക്കാമെന്ന" മുന്നറിയിപ്പ് ആണ് ഇത്. ഓരോ ക്രിസ്ത്യാനിയും

താന്താന്റെ ആത്മാവ് "നഷ്ടപ്പെടാതെയും" മറ്റുള്ളവരുടെ ആത്മാക്കൾ നഷ്ട പ്പെടാതിരിപ്പാൻ "നോക്കുവാൻ" അവരെ സഹായിക്കയും വേണം.

യാത്രക്കാരിൽ ഒരാൾ മറ്റുള്ളവരുടെ പിന്നിൽ ആകുന്ന ചിത്രമാണ് ഇവിടെ നൽകുന്നത് അങ്ങനെ സംഭവിക്കുമ്പോൾ, അയാൾ ആത്മിയമായി **ദൈവ കൃപ യിൽനിന്നു** "വീണു" പോകുകയാണ്. കൂട്ടത്തോടു ചേർന്നുള്ള ഓട്ടത്തിൽ ഒരാൾ വീണുപോയാൽ, ബലഹീനതയാൽ, രോഗം വരാനും സാധ്യതയുണ്ട്. അങ്ങനെ വന്നാൽ, അയാൾക്ക് ഒരിക്കലും ലക്ഷ്യസ്ഥാനത്ത് എത്തുവാനോ, അല്ലെങ്കിൽ വീട്ടിലേക്ക് തിരിച്ചു പോകുവാനോ കഴിയാതെ വരും. അതു പോലെ, ആത്മിയ പാതയിൽ മന്ദ വേഗതയുള്ളവരെ സാത്താൻ മറി കടന്ന് നിരുൽസാഹപ്പെടുത്തും. ആ വേദഭാഗത്തെ കുറിച്ച് മോസെസ് സ്റ്റുവർട്ട് ഈ അഭിപ്രായം പറഞ്ഞിരിക്കുന്നു: "വിശുദ്ധിയുടെ ഫലമായ ദൈവാനുകൂല്യം നിങ്ങൾക്ക് ലഭിക്കാതിരിപ്പാൻ, ആരെങ്കിലും ശ്രമിക്കുന്നുവോ എന്ന് നോക്കു ക."[38] എല്ലാ മുന്നറിയിപ്പുകളും ഒരുക്കങ്ങളും നൽകിയിട്ടും ചിലർ ദൈവ ത്തിന്റെ കൃപയിൽനിന്നു വീണുപോകുന്നു. അങ്ങനെ സംഭവിക്കുന്നത് കൃപ ലഭ്യമല്ലാഞ്ഞിട്ടല്ല, അവർ അത് ശരിയായി ഉപയോഗിക്കാതിരിക്കുന്നതാണ് കാരണം, "അതിനാൽ അവർക്ക് കൃപയാൽ മാത്രം ലഭ്യമായ ലക്ഷ്യസ്ഥാനത്ത് എത്തുവാനും കഴിയാതെ വരുന്നു ..."[39]

**കൈപ്പുള്ള വേർ** എന്നു പറയുന്നത് ചില പാപങ്ങളുടെ ആധിക്യത്തെ യാണ്. ശിമോൻ "കൈപ്പുള്ള പകയിൽ" അകപ്പെടുവാൻ കാരണം അവന്റെ അത്യാഗ്രഹമായിരുന്നു (പ്രവൃ. 8:23). വിശ്വാസ ത്യാഗം എന്ന വിഗ്രഹാരാധന യെ ആവർത്തന പുസ്തകം 29:18 ൽ പറയുന്നത് "നഞ്ചും കൈപ്പുള്ള ഫലവും പുറപ്പെടുവിക്കുന്ന വേരും" എന്നാണ്. സ്ത്രീപുരുഷന്മാർ യഹോവയെ വിട്ട് അന്യ ദേവന്മാരിലേക്ക് തിരിഞ്ഞു. ഇതേ ആശയത്തെ എബ്രായർ 3:12 ൽ "അവിശ്വാസമുള്ള ദുഷ്ട ഹൃദയം" എന്നാണ് വിവരിച്ചിരിക്കുന്നത്. അത് ഉദ്ദേശിക്കുന്നത് മനസും ആത്മാവും വഷളായ ഹൃദയത്തെയാണ്. അന്തർലീ നമാക്കിയിരിക്കുന്നത് ഭയാനകമാണ്.

> ... അവരുടെയിടയിലുള്ള കൈപ്പുള്ളതും മൽസരിക്കുന്നതുമായ വ്യക്തി താമസിക്കുന്ന ആ സമൂഹത്തെ മുഴുവൻ ബാധിക്കും-അങ്ങനെ പലരും മലിനപ്പെടും-വിഷമുള്ള ഒരു വേർ വിളവു മുഴുവനേയും ബാധി ക്കുന്നതുപോലെയാണ് അത്, മോശെയുടെ വാക്കുകൾ ശ്രദ്ധിക്കുക, "വരണ്ടതും നനവുള്ളതും ഒരുപോലെ നശിക്കേണ്ടതിന്ന്" (ആവ. 29:19).[40]

സഭയിലെ അംഗങ്ങൾ അത്തരത്തിൽ **മലിനപ്പെടുന്നത്** തടയുവാൻ നാം ശ്രമിക്കണം. ഒരു വേരിന് പലതിനേയും നശിപ്പിക്കുവാൻ കഴിയും എന്ന താണ് പ്രശ്നം. ഒരു ദുരുപദേശകന് പലരേയും സംശയിപ്പിച്ച്, തെറ്റിദ്ധരിപ്പിച്ച് "മലിനപ്പെടുത്തുവാൻ" കഴിയും.

**വാ. 16.** വാക്യം 15 ൽ തുടങ്ങിയ ആ ചിന്ത ഇവിടെ തുടരുകയാണ് (13:4 ൽ ആവർത്തിക്കുകയും ചെയ്തിരിക്കുന്നു). ക്രിസ്ത്യാനികൾ പിന്നിൽ വീണു പോകയോ ദൈവത്തിന്റെ കൃപയിൽനിന്നു വീണു പോകയോ ചെയ്യരുത്. തങ്ങളുടെ ജീവിതത്തിൽ വിശുദ്ധി വളർത്തി അതിൽ നിലനിൽക്കുവാൻ ശ്രമി ക്കുന്നവരിൽ അത് സംഭവിക്കയില്ല.

വിശുദ്ധി നിലനിർത്തുവാൻ കഴിയാതെ പോയ വ്യക്തിയുടെ ഉദാഹരണ

മാണ് **ഏശാവ്**. പഴയ നിയമത്തിൽ അവൻ **അധാർമ്മികൻ** (*പാർണോസ്*) ആയിരുന്നു എന്നു പറഞ്ഞിട്ടില്ല, എന്നാൽ തന്റെ മനോഭാവത്തിൽ അവൻ **അഭക്തനായിരുന്നു**. തന്റെ ജന്മാവകാശം വിറ്റുകൊണ്ട്, അവൻ അഭക്തനാണെന്ന് തെളിയിച്ചു. എൻകെജവിയിൽ അവനെ ഒരു ദുർന്നടപ്പുകാരൻ അല്ലെങ്കിൽ അഭക്തൻ (*ബെബെലോസ്*) എന്നാണ് വിളിച്ചിരിക്കുന്നത്. വാസ്തവത്തിലുള്ള മതത്തെ ഉപേക്ഷിക്കുന്നവർ സ്വന്ത മോഹങ്ങൾക്ക് അടിമപ്പെടുന്നവരാണ്. അവരുടെ ജീവിതത്തിൽ ആത്മിയ കാര്യങ്ങൾക്ക് യാതൊരു പ്രസക്തിയും കാണുകയില്ല. ദുർന്നടപ്പുകാരും അഭക്തരും മാനസാന്തരപ്പെട്ടില്ലെങ്കിൽ രണ്ടു കൂട്ടർക്കും ഒരേ ഗതിയായിരിക്കും വരിക. അവർക്ക് ദൈവരാജ്യത്തിൽ പ്രവേശനം ഇല്ല (1 കൊ. 5:9–11). അധാർമ്മികതക്കായി ഉറച്ച നിലപാട് എടുത്തില്ല എങ്കിൽ സഭ ദൈവത്തിൽനിന്നകന്ന് ലോകത്തിലേക്ക് പോയി വീണുപോകുവാൻ സാധ്യതയുണ്ട്. ക്രിസ്ത്യാനികൾ ബൈബിൾ നിലവാരത്തിൽ തങ്ങളെത്തന്നെ പുതുക്കിക്കൊണ്ടിരിക്കണം.

**വാക്യം 17**. അന്യദേവന്മാരെ നമസ്ക്കരിച്ചിരുന്ന സ്ത്രീകളെ, അവരുടെ ദുഷിച്ച സ്വാധീനം ബാധിക്കുമെന്നത് കണക്കാക്കാതെ വിവാഹം കഴിച്ചതിൽ നിന്ന് അവൻ അധാർമ്മികനാണെന്ന് തെളിയിച്ചു (ഉല്. 36:2, 3; 26:34, 35). അവന്റെ പെരുമാറ്റം “ദൈവമില്ലാത്ത,” അല്ലെങ്കിൽ “അശുദ്ധൻ” എന്ന നിലയിൽ ആയിരുന്നു. തന്റെ ജന്മാവകാശത്തേക്കാൾ പ്രാധാന്യം അവൻ വിശപ്പിന് നൽകി, വിശുദ്ധമായതിനെ പരിത്യജിച്ചു. ദൈവം അവന്റെ ജന്മാവകാശം നൽകാതിരിപ്പാൻ അവനെ നിർബ്ബന്ധിച്ചില്ല; ഏശാവ് അത് സ്വയമായിട്ടായിരുന്നു ചെയ്തത്. “ദൈവം ഇല്ലാത്ത” സ്വഭാവം കാണിച്ചതിനാൽ അവന്, **അനുഗ്രഹം** നഷ്ടമായി. ഒരു നേരത്തെ ആഹാരം എന്ന താൽക്കാലിക പ്രയോജനത്തിനായി അവന്റെ ജന്മാവകാശവും അനുഗ്രഹവുമാണ് വിറ്റുകളഞ്ഞത്.

അനുഗ്രഹത്തിൽ കുടുംബത്തിലെ പ്രഥമ സ്ഥാനം മാത്രമായിരുന്നില്ല, ആരാധന നയിക്കുവാനുള്ള അവകാശവും, അബ്രഹാമിൽ കൂടെ നൽകിയ വാഗ്ദാനമനുസരിച്ച് ഇരട്ടി ഓഹരി എന്ന അവകാശവും അടങ്ങിയിരുന്നു.[41] യാക്കൊബിന് ആത്മിയമായ നായകത്വം വളരെ പ്രാധാന്യമുള്ളതായിരുന്നു, പക്ഷെ ഏശാവിന് അത് അത്ര കാര്യമുള്ളതായി തോന്നിയില്ല. അനുഗ്രഹത്തിന്റെ വില ഏശാവ് മനസിലാക്കിയിരുന്നു എങ്കിൽ, അവനിൽനിന്ന് അത് എളുപ്പത്തിൽ ലഭിക്കുമായിരുന്നില്ല.[42] നേരെ മറിച്ച്, യാക്കൊബ് തന്റെ പൈതൃകാവകാശം സജീവമായി സൂക്ഷിക്കുന്നതിൽ അതീവ തൽപരനായിരുന്നു. അത് പ്രത്യേകമായി അവന്റെ അവസാന കാലത്ത്, വിശേഷിച്ച് അവന്റെ മോശമായ സമയത്ത് പോലും അവൻ അത് കരുതിയിരുന്നു (11:20. 21).

ഏശാവിന്റെ കൈപ്പു നിറഞ്ഞ കണ്ണുനീർ അനുവദിക്കുവാൻ യിസഹാക്കിന് കഴിഞ്ഞില്ല (ഉല്. 27:34), അത് സർവ്വശക്തന്റെ ആത്മിയ നടത്തിപ്പ് ആയിരുന്നതിനാൽ അതിനു മാറ്റം വരുത്തുവാൻ അവന് സാധിച്ചില്ല. താൻ ചതിക്കപ്പെടുകായിരുന്നു എന്ന് അറിഞ്ഞെങ്കിലും, തന്റെ ആദ്യജാതൻ കരഞ്ഞ് അപേക്ഷിച്ചുവെങ്കിലും, ദൈവേഷ്ടം മാറ്റുവാൻ അവൻ തയ്യാറായില്ല.

**മാനസാന്തര**ത്തിന് (*മെറ്റാനോയിയാ*) എന്ന വാക്കാണ് ഉപയോഗിച്ചിരിക്കുന്നത്. അനുഗ്രഹത്തെ സംബന്ധിച്ച് അപ്പന്റെ വാക്ക് മാറ്റുവാൻ അവന് കഴിഞ്ഞില്ല. മാറ്റം വരുത്തുവാൻ കഴിയാത്ത പാപമായിരുന്നു ഏശാവ് ചെയ്തത്. അതിനാൽ അവൻ പിന്നീട് മാനസാന്തരപ്പെട്ടെങ്കിലും, അനുഗ്രഹം തിരിച്ചെടുക്കുവാൻ കഴിഞ്ഞില്ല. ദൈവേഷ്ടത്തിനു മുൻപിൽ അപ്പന്റെ സ്നേഹം

ഒന്നുമല്ല. അതുകൊണ്ട് ഏശാവ് തന്റെ തെറ്റിന്റെ അനന്തരഫലമായ കഷ്ടത അനുഭവിപ്പാനായി പോയി. തങ്ങളുടെ പാപത്തിന്റെ അനന്തരഫലങ്ങളെ പിന്നീട് തുടച്ചുകളയാം എന്നു വിചാരിക്കുന്നവർക്ക് ഏശാവ് ഒരു വലിയ പാഠമാണ്; ഒരിക്കലും അതിന് പൂർണ്ണമായി കഴിയുകയില്ല.

ഒരു വിശ്വാസിക്ക് വിശ്വാസ ത്യാഗം സംഭവിക്കുന്നതിന് സമാനമാണ് ഏശാവിന്റെ തീരുമാനം. ഒരാൾ താൽക്കാലികമായ ഉപദ്രവത്തിന്റെ വേദന നീക്കുവാനായി വിലയേറിയത് ത്യജിച്ചുകളയുകയാവും ചെയ്യുന്നത്. താൽക്കാലിക ലാഭത്തിനുവേണ്ടി വിലയേറിയത് വലിച്ചെറിയുന്നവർ ലോകത്തിലുണ്ട്. വിശ്വാസത്യാഗത്തിന് സാധ്യതയുണ്ട്. അത് നമ്മുടെ ദൈവം ഗൗരവമുള്ളതായാണ് കാണുന്നത്.

വാഗ്ദാനം ചെയ്ത അനുഗ്രഹം ലഭിക്കാതെ പോകുന്നതിന്റെ മറ്റൊരു ഉദാഹരണമാണ് ഏശാവ് (4:1 ലെ "മറ്റുള്ളവരെ" പോലെ). വിശ്വാസ ത്യാഗത്തിന് നിലനിൽക്കുന്ന അനന്തരഫലമാണുള്ളത്, അവസാനം ആഗ്രഹിക്കുന്ന ഫലത്തിലേക്ക് മടങ്ങി വരുവാൻ കഴിയാതെയും പോകും. ഏശാവിനെ പോലെ ആയി തീരുന്നവർക്ക് വാസ്തവത്തിൽ മാനസാന്തരം അസാധ്യമാകുന്നു. ദൈവത്തിന്റെ കരുണ ലഭിക്കാത്ത വിധത്തിലുള്ള വിശ്വാസ ത്യാഗമായിരുന്നു അവന് സംഭവിച്ചത്. മാറ്റം വരുത്തുവാൻ ആഗ്രഹിക്കാത്ത വിധത്തിൽ കാഠിന്യമുള്ള ഹൃദയം ഒരാളിൽ വന്നാൽ, ആ തെറ്റിപ്പോയ സഹോദരനായി ദൈവം തന്റെ ഹിതം മാറ്റുകയില്ല (6:4-6; 10:26-29).

## സിനായ് പർവ്വതത്തിലും മഹത്വവും "സ്വർഗീയ യെരുശലേം"/സിയോനിലെ വിശേഷതയേറിയ മഹത്വവും തമ്മിലുള്ള അന്തരം (12:18-24)

**18സ്ഥൂലമായതും തീ കത്തുന്നതുമായ പർവ്വതത്തിനും, മേഘതമസ്,
കൂരിരുട്ട്, കൊടുങ്കാറ്റ് കാഹളനാദം, വാക്കുകളുടെ ശബ്ദം എന്നിവക്കും
അടുക്കൽ അല്ലല്ലൊ നിങ്ങൾ വന്നിരിക്കുന്നത്. 19ആ ശബ്ദം കേട്ടവർ ഇനി
ഒരു വചനവും തങ്ങളോട് പറയരുതേ എന്ന് അപേക്ഷിച്ചു. 20ഒരു മൃഗം
എങ്കിലും പർവ്വതം തൊട്ടാൽ അതിനെ കല്ലെറിഞ്ഞുകൊല്ലേണം എന്ന
കൽപന അവർക്ക് സഹിച്ചുകൂടാഞ്ഞു. 21ഞാൻ അത്യന്തം പേടിച്ചു വിറ
ക്കുന്നു എന്നു മോശെയും പറയത്തക്കവണ്ണം ആ കാഴ്ച്ച ഭയങ്കരമായിരുന്നു.
22പിന്നെയോ സിയോൻ പർവ്വതത്തിനും ജീവനുള്ള ദൈവത്തിന്റെ നഗരമായ
സ്വർഗീയ യെരുശലേമിന്നും അനേകായിരം ദൂതന്മാരുടെ സർവ്വസംഘ
ത്തിനും 23സ്വർഗത്തിൽ പേരെഴുതിയിരിക്കുന്ന ആദ്യജാതന്മാരുടെ സഭക്കും
എല്ലാവരുടേയും ദൈവമായ ന്യായാധിപതിക്കും സിദ്ധന്മാരായ നീതിമാന്മാ
രുടെ ആത്മാക്കൾക്കും 24പുതുനിയമത്തിന്റെ മദ്ധ്യസ്ഥനായ യേശുവിന്നും
ഹാബേലിന്റെ രക്തത്തേക്കാൾ ഗുണകരമായി സംസാരിക്കുന്ന പുണ്യാഹ
രക്തത്തിന്നും അടുക്കലത്രെ നിങ്ങൾ വന്നിരിക്കുന്നത്,**

ഇത് 12:18-29 ലെ മറ്റൊരു മുന്നറിയിപ്പിന്റെ ഭാഗമാണ്. ഉപേക്ഷിക്കുന്നതിനെതിരായിരുന്നു ആദ്യത്തെ മുന്നറിയിപ്പ് (2:1-4), രണ്ടാമത്തെ മുന്നറിയിപ്പ് അവിശ്വാസത്തിനെതിരെയായിരുന്നു (3:7-4:13), വീണുപോകുന്നതിനെതിനെതി

രെയായിരുന്നു മൂന്നാമത്തെ മുന്നറിയിപ്പ് (5:11–6:20), നാലാമത്തേത് മനപ്പൂർവ്വമായി പാപം ചെയ്യുന്നതിനെതിരെയായിരുന്നു (10:26–31). അഞ്ചാമത്തെ മുന്നറിയിപ്പ് "അരുളിച്ചെയ്തവനെ നിരസിക്കാതിരിപ്പാൻ സൂക്ഷിച്ചുകൊൾവിൻ" എന്നതാണ് 12:18–29 ലെ അടുത്ത ചുരുങ്ങിയ മുന്നറിയിപ്പ് (12:25). ദൈവത്തെ അനുസരിക്കുന്നത് നിഷേധിച്ചാൽ നിത്യശിക്ഷാവിധിക്ക് കാരണമാകും. ഓരോരുത്തരും ക്രിസ്തുവിനോടു പറ്റിച്ചേർന്നിരിപ്പാനും, അവനിൽനിന്നും അകന്നു പോകാതിരിപ്പാനുമാണ് ആ പ്രബോധനങ്ങൾ നൽകിയിരിക്കുന്നത്.

വാക്യങ്ങൾ 18, 19. സിനായ് പർവ്വതത്തിൽ വെച്ച് ഭൗതിമായി അനുഭവപ്പെട്ടതിനേക്കാൾ എത്രയോ മടങ്ങു വലിയ മഹിമയും നേട്ടവുമാണ് നമുക്ക് നൽകിയിരിക്കുന്നത്. അവർക്ക് പ്രത്യക്ഷമായത് സുസ്പഷ്ടമായും, **സ്പർശിക്കാവുന്ന** അടുത്തുമായിരുന്നു-പക്ഷെ അത് വിലക്കിയിരുന്നു. അവർ സമീപിച്ച പർവ്വതത്തിൽ **തീ** കത്തിക്കൊണ്ടിരുന്നതിനാൽ പുക മൂടി **ഇരുട്ടിലും** ആയിരുന്നു (പുറ. 19:16–19). അവർക്ക് അനുഭവപ്പെട്ട സംഭവങ്ങളാൽ ജീവനുള്ള ദൈവത്തെ അവർ ഭയങ്കരമായി ഭയപ്പെട്ടു, അവർ വാസ്തവത്തിൽ ചെയ്യുവാൻ ഉദ്ദേശിച്ചത് അതായിരുന്നു. തീ, **അന്ധകാരം. ചുഴലിക്കാറ്റ്, കാഹളനാദം** എന്നിവ ദൈവം അന്ന് അടുക്കുവാൻ സാധ്യമല്ലാത്തവൻ എന്നാണ് കാണിച്ചത്. പുതിയ നിയമത്തിലെ അനുഗ്രഹങ്ങളെല്ലാം വാസ്തവത്തിൽ മനസിലാക്കിയിട്ടുള്ള ആരെങ്കിലും പഴയനിയമത്തിലേക്ക് മടങ്ങി പോകുവാൻ ആഗ്രഹിക്കുന്നത് തന്നെ അവിശ്വസനിയമാണ്. അതിൽനിന്നു വ്യത്യസ്തമായി നാം ആത്മിയ പർവ്വതത്തിലേക്കാണ് വന്നിരിക്കുന്നത്. അത് ഭൗതികമായി സ്പർശിക്കുവാൻ കഴിയാത്തതാണ് കാരണം അത് ആത്മിയ സിയോൻ ആണ് (12:22), അത് മനോഹരമായ അനുഗ്രഹങ്ങളാണ് നമുക്ക് നൽകുന്നത്.

***വന്നിരിക്കുന്നത്*** എന്ന വാക്യം 18 ലെ പ്രയോഗം മനുഷ്യർ ദൈവത്തിന്റെ അടുക്കലേക്ക് വരുന്നതിനെയാണ് സൂചിപ്പിക്കുന്നത് (4:16; 10:1; 11:6). ഇത് പഴയനിയമത്തിൽ ആരാധകർ ദൈവമുൻപാകെ വന്നു എന്നു പറഞ്ഞിരിക്കുന്നതിൽനിന്നും വളരെ വ്യത്യസ്തമാണ്. യെഹൂദ മതത്തിൽ ഉത്തമൻമാർക്ക് ആലയത്തിൽ ദൈവമുൻപാകെ ചെല്ലുവാൻ കഴിഞ്ഞത് വലിയ നേട്ടമായി ചിലർ വാദിച്ചിരുന്നു, പക്ഷെ പുതിയ നിയമത്തിൽ ദൈവത്തോട് അടുത്തു ചെല്ലുവാൻ കഴിയുന്നത് വളരെ മനോഹരമാണ് എന്നത്രെ എബ്രായ ലേഖകൻ കാണിച്ചു തന്നിരിക്കുന്നത്.

പുതിയ നിയമത്തിൽ ലഭിച്ച അവസരങ്ങൾ നഷ്ടപ്പെടുത്തിയവർക്ക് ദൈവത്തിന്റെ ഭയങ്കരത്വം വെളിപ്പെടുത്തിയിരിക്കുന്നത് മനസിലാക്കുവാൻ പോകുന്നതേയുള്ളു. പഴയ നിയമത്തിൽ കാഹളനാദം ചെവികൾക്കു പോലും അസഹ്യമായിരുന്നു; ആ ശബ്ദം കേട്ട് ആളുകൾ ഭയന്നു വിറെച്ചിരുന്നു. ദൈവത്തിന്റെ അവസാന കാഹളനാദത്തെ കുറിച്ച് ചിന്തിക്കുക (1 തെസ്സ. 4:16 നോക്കുക), ദുഷ്ടനെ ശിക്ഷിക്കുവാനുള്ള ശബ്ദമാണ് അത്! ദൈവത്തിന്റെ ഭയങ്കരത്വം നമ്മെ ഭൗതികമായി കാണിക്കുകയില്ല. നമുക്ക് വാസ്തവത്തിൽ നമ്മുടെ പിതാവായ ദൈവത്തിന്റെ അടുക്കലേക്ക് ചെല്ലുവാനായി കഴിയും (12:23).

**വാക്യങ്ങൾ 20, 21.** പഴയ നിയമ വെളിപ്പാടുകളിലധികവും ഭൗതികമായ കാര്യങ്ങളെ കുറിച്ചുള്ളതായിരുന്നു (എബ്രാ. 9:11, 24), എന്നാൽ പുതിയനിയമം ഉയർന്നതും വിശുദ്ധമായതുമായവയെ ആണ് എടുത്തു കാണിക്കുന്നത്, ഉദാഹരണമായി സ്വർഗീയ യെരുശലേം, അത് ആത്മിയമായി സ്പർശിക്കാവുന്നതാണ്. അത് ദൈവസാന്നിധ്യത്തെ ആലങ്കാരികമായി പറയുന്നതാണ്, ഇന്ന്

അവന്റെ അടുക്കലേക്ക് നമുക്ക് ധൈര്യത്തോടെ പ്രവേശിക്കാം (4:16; 9:24). എബ്രായ ലേഖനത്തിൽ, "ഇവിടെയും, മറ്റു ഭാഗങ്ങളിലും (9:11, 24; ഒ. വാ. 8:5) ഗ്രീക്ക് പാരമ്പര്യമനുസരിച്ച്, ഭൗതികമല്ലാത്തതിനെ അപേക്ഷിച്ച് ഭൗതികം തരംതാഴ്ന്നവയാണ്."[43] ചെറിയതിൽനിന്ന് വലിയതിലേക്കുള്ള വാദമാണ് ലേഖകൻ നടത്തിക്കൊണ്ടിരിക്കുന്നത്. മോശെ ഭയപ്പെട്ടതും ബഹുമാനിച്ചതുമായ ഭൗതികമായ പർവ്വതമായിരുന്നു പഴയ നിയമത്തിലേതെങ്കിൽ, സ്വർഗീയമായവയെ നാം എത്ര അധികം ബഹുമാനിക്കേണ്ടതാകുന്നു!

**"ഒരു മൃഗമെങ്കിലും പർവ്വതം തൊട്ടാൽ അതിനെ കല്ലെറിഞ്ഞു കൊല്ലേണം"** എന്നതായിരുന്നു പുറപ്പാട് 19:12, 13 ലെ ആരംഭ നിർദ്ദേശം. മൂല എബ്രായ പുസ്തകത്തിൽനിന്നു സമാന്തരപ്രയോഗം നടത്തിയാണ് ഇവിടെ ഉപയോഗിച്ചിരിക്കുന്നത്. ഒരു അസ്ത്രം "എയ്തുകൊല്ലേണം" എന്നു ചേർത്ത് പറയുന്നതിനേക്കാൾ നല്ല പ്രസ്താവനയാണ് "അതിനെ കല്ലെറിഞ്ഞു കൊല്ലേണം" എന്നത്. (കെജെവിയിലെ ആദ്യ പ്രയോഗം മിക്ക പുരാതന കയ്യെഴുത്തു പ്രതികളിലുമില്ല. യെഹൂദ പാരമ്പര്യം നിമിത്തം അത് കൂട്ടിച്ചേർത്തതാകാം.)

പഴയ നിയമത്തിൽ ഈ സമയത്ത് മോശെ **ഭയന്നു വിറെച്ചതായി** പറയുന്നില്ല, എന്നാൽ ആവർത്തനപുസ്തകം 9:19 ൽ പറയുന്നത് "ദൈവത്തിന്റെ കോപവും ക്രോധവും" നിമിത്തം അവൻ യഹോവയെ ഭയന്നു എന്നാണ്. മുൾപ്പടർപ്പ് കത്തിക്കൊണ്ടിരുന്നപ്പോൾ, "മോശെ ഭയന്നു വിറെച്ചതിനാൽ നോക്കുവാൻ പോലും തുനിയാതിരുന്നു" എന്നാണ് സ്തെഫാനോസ് പറഞ്ഞത് (പ്രവൃ. 7:32; പുറ. 3:6 നോക്കുക). സകല ജനവും ഭയപ്പെട്ടു എന്നാണ് പുറപ്പാട് 19:16 പറയുന്നത്. അത് എല്ലാവരും അംഗീകരിച്ച സത്യവും പലപ്പോഴും യെഹൂദ എഴുത്തുകളിൽ കാണാവുന്നതുമാണ്. ദൈവത്തിന്റെ സാമിപ്യം ഉണ്ടായിട്ടും യിസ്രായേൽ ജനം ദൈവത്തിന്റെ അടുക്കലേക്ക് വരുന്നതിനു പകരം അവർ ഭയന്ന് അകലുകയായിരുന്നു. പാപത്താൽ അവർക്ക് അന്ന് ദൈവത്തിന്റെ അടുക്കൽ വന്ന് അവനോട് കൂട്ടായ്മ പുലർത്തുവാൻ കഴിയാതിരുന്ന സാഹചര്യം ഓർപ്പിക്കുന്നതായിരുന്നു ദൈവത്തിന്റെ സാമീപ്യത്തോട് അന്ന് അടുക്കുവാൻ കഴിയാതിരുന്നത്.

**വാക്യങ്ങൾ 22-24.** പഴയ നിയമ കാലത്തുള്ളവർ പ്രവേശിച്ച **സിനായ് പർവ്വതത്തിലാണ്** പുതിയ നിയമ വിശുദ്ധന്മാർ ഇപ്പോൾ **വന്നിരിക്കുന്നത്** എന്നു പറഞ്ഞ് പഴയ നിയമത്തേക്കാൾ പുതിയ നിയമം ശ്രേഷ്ടമാണെന്ന് വിവരിക്കുന്നതാണ് ഈ വാക്യങ്ങൾ. "നിങ്ങൾ വന്നിരിക്കുന്നത്" (വാ. 22) എന്നത് "യെഹൂദ മതാനുസാരം" (*പ്രോസെർകോമായി*) എന്ന വാക്കിൽനിന്നു വന്നതാണ്,[44] അത് പരിവർത്തനം ചെയ്ത വ്യക്തിയെയാണ് പറയുന്നത് (തിരിഞ്ഞുവന്നയാൾ). അതുകൊണ്ട് വാക്യം 22 പറയുന്നത് പരിവർത്തനത്തെയായിരിക്കാം. *പ്രോസെർകോമായി* യുടെ ക്രിയാരൂപം ബഹുവചനത്തിലും പൂർണ്ണകാലത്തിലുമാണ് ഉപയോഗിച്ചിരിക്കുന്നത്, ചിലർ "അങ്ങനെ [തിരിഞ്ഞു] തുടരുവാൻ ആരംഭിച്ചു" എന്നാണ് അർത്ഥമാക്കുന്നത്. "വിശുദ്ധന്മാർ വന്നിരിക്കുന്നത് സ്ഥിരമായ സ്ഥലത്തേക്കാണ്, അവർ അവിടെ നിലനിൽക്കണം. പഴയ നിയമത്തിലെ താൽക്കാലിക നിബന്ധനകൾ അവസാനിച്ചു. ഇപ്പോൾ നിലനിൽക്കുന്നത് പുതിയ നിയമത്തിലെ നിത്യമായ നിബന്ധനകളാണ്"; ഇനി മാറ്റം ഒന്നും വരികയില്ല.[45] പഴയ നിയമത്തിൻ കീഴിൽ ജീവിച്ചിരുന്നവർ ക്രിസ്ത്യാനികളായി തീർന്നശേഷം, അവർ ക്രിസ്തുവിനോടുകൂടെയാണ് ജീവിതം തുടരുവാൻ *വരുന്നത്*. പുതിയ നിയമത്തിലെ നിബന്ധനകളെല്ലാം

അനുസരിക്കുവാനായിരുന്നു അവർ പരിവർത്തനം ചെയ്തത്.

1. അവർ സിയോൻ പർവ്വതത്തിലേക്കാണ് വന്നിരിക്കുന്നത്. അത് സിനായ് പർവ്വതത്തിൽനിന്നു വ്യത്യാസമുള്ളതാണ്. പഴയ യെരുശലേം നിർമ്മിച്ചത് സിയോൻ കുന്നിലായിരുന്നു. അത് വിശുദ്ധ നഗരത്തിന് മുഴുവനായും നിലകൊണ്ടിരുന്നു. രാജകിയവും പൗരോഹിത്യവുമായ രണ്ട് അധികാര സ്ഥാനങ്ങളുടേയും കേന്ദ്രസ്ഥാനത്തെ വിളിച്ചിരുന്നത് "വിശുദ്ധ പർവ്വതമായ സിയോൻ" എന്നാണ് (സങ്കീ. 2:6; കെജെവി). ഭൂമിയിലെ വിശുദ്ധ സ്ഥലം അതായിരുന്നു.[46] പുതിയ നിയമത്തിൽ, സിയോൻ **സ്വർഗീയ യെരുശലേമിനു** വേണ്ടിയും (വെളി. 3:12; 21:2 നോക്കുക) ദൈവം വസിക്കുന്ന സ്ഥാനമാണ്. "മുകളിലുള്ള യെരുശലേമിനെ" പ്രതിനിധീകരിക്കുന്നതിനു വേണ്ടിയും നിലകൊള്ളുന്നു (ഗലാ. 4:26).

2. ഭൂമിയിലെ നഗരം ആയിരിക്കുകയില്ല സ്വർഗം, എന്നാൽ ആ സഹോദരന്മാർ ക്രിസ്തുവിന്റെ ശരീരമായ, സഭയാകുന്ന വിശുദ്ധ നഗരത്തിൽ പ്രവേശിച്ചുകഴിഞ്ഞിരുന്നു. ഒരാൾ വാസ്തവത്തിലുള്ള "സിയോനിൽ" എത്തുമ്പോഴാണ് അയാൾ രക്ഷയിലേക്ക് പ്രവേശിക്കുന്നത് എന്നാണ് അതു പറയുന്നത്. നാം അതിന്റെ ഭാഗത്തിൽ അംഗങ്ങൾ ആകുന്നതിനാൽ–കർത്താവിന്റെ സഭയിൽ, അവസാനം നാം സ്വർഗത്തിൽ പ്രവേശിക്കും. അങ്ങനെ നാം **ജീവനുള്ള ദൈവത്തിന്റെ നഗരത്തിൽ** എത്തിയിരിക്കുന്നു.

3. ഈ നഗരത്തിൽ പ്രവേശിക്കുന്നതോടുകൂടെ **ആനേകായിരം ദൂതന്മാരുടെ** സംഘത്തിലേക്കുകൂടെയാണ് നാം വന്നിരിക്കുന്നത് (വാ. 22). തീർച്ചയില്ലാത്ത എണ്ണത്തെ കാണിക്കുന്നതിനാണ് "അനേകായിരം" എന്ന പ്രയോഗം നടത്തിയിരിക്കുന്നത്. പാപികൾ മാനസാന്തരപ്പെടുമ്പോൾ ദൂതന്മാർ സന്തോഷിക്കും (ലൂക്കൊ. 15:7, 10); ഒരു ദൈവ പൈതലിനായി പിതാവിന്റെ സന്നിധിയിൽ തുടർച്ചയായി അവർ ഇടപെട്ടുകൊണ്ടിരിക്കും (മത്താ. 18:10), രക്ഷ അവകാശമാക്കിയവരുടെ സേവനം നടത്തുകയും ചെയ്യും (എബ്രാ. 1:14 നോക്കുക). സഭയിൽ നാം അവരുടെ അടുക്കൽ വന്നിരിക്കുന്നു എങ്കിലും, നാം അവരെ നമസ്ക്കരിക്കുന്നില്ല, കാരണം അതു വിലക്കിയിരിക്കുകയാണ് (വെളി. 22:8, 9). ഇപ്പോൾ നമുക്ക് അറിയാത്ത പല രീതിയിലും അവർ നമ്മെ സേവിക്കുകയാണ്. നമ്മെ സഹായിക്കുവാൻ ദൈവസന്നിധിയിൽനിന്നാണ് അവരെ അയക്കുന്നത്, അതിനുശേഷം അവർ തിരിച്ച് ചെന്ന് ദൈവത്തെ പുകഴ്ത്തിക്കൊണ്ടിരിക്കും (വെളി. 5:11; 7:11; 19:6).

4. അതിനു പുറമെ, നാം **സ്വർഗത്തിൽ പേരെഴുതിയിരിക്കുന്ന ആദ്യജാതന്മാരുടെ സഭയിലേക്കുമാണ്** വന്നിരിക്കുന്നത് (വാ. 23). "സഭ " എന്നതിന് ഉപയോഗിച്ച വാക്ക് "സഭക്ക്" (*എക്ലേസിയ*) ഉപയോഗിച്ചതല്ല എങ്കിലും ഒരേ സ്ഥാപനത്തെയായിരിക്കാം പറയുന്നത്; എങ്ങനെയായാലും, പൊതുവായ "സഭായോഗം" എന്നതിൽ പഴയ നിയമകാലത്ത് രക്ഷിക്കപ്പെട്ടവരും ഉൾപ്പെട്ടിരിക്കാം. "സഭായോഗം" എന്ന വാക്ക് ഏതെങ്കിലും ദേവനെ പ്രസാദിപ്പിക്കുവാൻ സംഘടിതമായ ദേശിയമായ ആഘോഷത്തിന് ഉപയോഗിച്ചതിനാൽ, ആഘോഷ യോഗം എന്ന അർത്ഥത്തിലും ഉപയോഗിച്ചുവരുന്നു. അതിനർത്ഥം ആരാധനക്കായി കൂടി വരുന്ന സഭായോഗം ഉൽസവ പ്രതീതി ജനിപ്പിക്കണം എന്നു തെറ്റിദ്ധരിക്കരുത്.

മൂല ഗ്രീക്കിൽ ചിഹ്നങ്ങളൊന്നുമില്ലാത്തതിനാൽ, "പൊതുവായ സഭായോഗം" എന്ന് ഉപയോഗിച്ച വാചകത്തിലെ മറ്റു വാക്കുകളെ സംബന്ധിച്ച്

ചോദ്യങ്ങൾ ഉയർന്നിട്ടുണ്ട്. വാക്യം 22 ൽ എൻഐവി പറയുന്നത് "സന്തോഷയോഗത്തിൽ ആയിരക്കണക്കിനു ദൂതന്മാരും പങ്കു ചേരുന്നു" എന്നാണ്. സഭയുമായുള്ള ബന്ധത്തിൽ ഇതിനെ എൻഏഎസ്ബിയിൽ വാക്യം 23 ലാണ് ചേർത്തിരിക്കുന്നത്. അത് സഭയുമായുള്ള ബന്ധത്തിലാണ് പറയുന്നത് എങ്കിലും, സാർവ്വദേശിയമായ ഒരു കൂട്ടായ്മയെയാണ് കാണിക്കുന്നത്.

സഭയിലെ അംഗങ്ങളുടെ പേർ "സ്വർഗത്തിൽ എഴുതിയിരിക്കുന്നു" (ലൂക്കൊ. 10:20; ഫിലി. 4:3; വെളി. 21:27). കൂടാതെ ക്രിസ്ത്യാനികളാണ് "ആദ്യജാതന്മാരായി" (*പ്രോട്ടോടോകോസ്*) തീരുന്നത്.[47] വീണ്ടും ജനിച്ച് ക്രിസ്തുവിൽ ആയി തീർന്നവരാണ് സഭ. സ്വർഗത്തിൽ എഴുതിയിരിക്കുന്നത് ദൂതന്മാരുടെ പേരുകളല്ല, മറിച്ച് മനുഷ്യരുടെ പേരുകൾ ആണെന്ന് തിരുവെഴുത്ത് വ്യക്തമാക്കിയിരിക്കുന്നു.[48] ശക്തി ലഭിച്ച് അത്ഭുതം ചെയ്യുവാൻ കഴിയുന്നതിനേക്കാൾ സന്തോഷം നൽകുന്ന കാര്യമാണ് "സ്വർഗത്തിൽ നമ്മുടെ പേർ എഴുതിയിരിക്കുന്നു എന്നത്.

5. ക്രിസ്ത്യാനികളാകുമ്പോൾ, നാം **എല്ലാവരെയും ന്യായം വിധിക്കുന്ന** ദൈവസന്നിധിയിലാണ് വരുന്നത് (വാ. 23). സഭയിൽ നാം ഇപ്പോൾ പിതാവിന്റെ അടുക്കൽ ചെല്ലുവാൻ നമുക്ക് ധൈര്യം ലഭിച്ചിരിക്കുന്നു (4:16). പിതാവിങ്കലേക്കുള്ള "ഏക വഴി" താൻ ആണെന്നാണ് യേശു പറഞ്ഞത് (യോഹ. 14:6). അവന്റെ സഭയിൽ പ്രവേശിച്ചതുകൊണ്ട്, നാം തുടർച്ചയായി വിശ്വസ്തതയും വിശുദ്ധിയും നിലനിർത്തി വേണം ജീവിക്കുവാൻ. യേശുക്രിസ്തു മൂലമാണ് ദൈവം നമ്മെ ന്യായം വിധിക്കുന്നത് (പ്രവൃ. 17:30, 31). സഭയിലേക്ക് ആളുകളെ രക്ഷിച്ച് ചേർത്തിട്ട് മിണ്ടാതിരിക്കുവാനല്ല യേശു തന്റെ രക്തം കൊടുത്ത് സഭയെ വിലക്ക് വാങ്ങിയത് (പ്രവൃ. 20:28).

6. **നീതിമാന്മാരുടെ ആത്മാക്കളുടെ** അടുക്കലത്രെ നാം വന്നിരിക്കുന്നത് (വാ. 23). അവർ ക്രിസ്തുവിന്-മുൻപ് വിശ്വാസികളായി ജീവിച്ചവരും ക്രിസ്തുവിന്റെ രക്തത്താൽ വിശുദ്ധീകരിക്കപ്പെട്ടവരുമാണ് (9:15; 10:14; 11:40), അതിൽ പുതിയ നിയമ കാലത്തെ വിശുദ്ധന്മാരും ഉൾപ്പെടുന്നു, മരിച്ചവരായാലും ജീവിച്ചിരിക്കുന്നവർ ആയാലും.[49] അപ്പോകാലിപ്റ്റിക് സാഹിത്യത്തിൽ, മരിച്ചവരെ സാധാരണ "ആത്മാക്കൾ" എന്നാണ് പറയുന്നത്.[50] പൊതുവായ ഉപയോഗം അതായിരിക്കയാൽ, അതായിരിക്കാം ഇവിടത്തെ അർത്ഥമെന്ന് നമുക്ക് ഊഹിക്കാം. വെളിപ്പാട് 7:14–17 പറയുന്നത് ആ ആത്മാക്കൾക്ക് ഇപ്പോൾ നൽകുന്ന പ്രതിഫലമായിരിക്കാം. ക്രിസ്തു തികഞ്ഞവനാകയാൽ (2:10) നാം അവൻ മുഖാന്തരം അവനെ പിൻപറ്റിയാൽ നാമും തികവുള്ളവരായി തീരും.

7. അവസാനമായി, **പുതുനിയമത്തിന്റെ മദ്ധ്യസ്ഥനായ യേശുവിനും ഹാബേലിന്റെ രക്തത്തേക്കാൾ ഗുണകരമായി സംസാരിക്കുന്ന പുണ്യാഹരക്തത്തിന്റെ അടുക്കലും** ആണ് വന്നിരിക്കുന്നതെന്നു പറയുന്നു (വാ. 24). നാം പുതിയ നിയമപ്രകാരം സഭയിലായി, ക്രിസ്തുവിന്റെ അടുക്കൽ വരുമ്പോൾ, ദൈവത്തിന്റെ അടുക്കലാണ് വരുന്നത്. ദൈവത്തിൽനിന്നു പുതിയ നിയമം കൊണ്ടു വന്നത് നമ്മുടെ മദ്ധ്യസ്ഥനായ ക്രിസ്തു ആണ് (9:15–17). രക്തം തളിച്ചുകൊണ്ടായിരുന്നു പഴയ നിയമം സ്ഥാപിച്ചത് (പുറ. 24:6–8), പാപങ്ങളിൽനിന്നു നമ്മുടെ മനസാക്ഷിയെ ശുദ്ധീകരിപ്പാൻ യേശു തന്റെ രക്തം തളിച്ചു (എബ്രാ. 10:22). "ഹാബേലിന്റെ രക്തത്തേക്കാൾ ക്രിസ്തുവിന്റെ രക്തം ഗുണകരമായി സംസാരിക്കുന്നു" കാരണം അതിന്റെ കരുണാപൂർവ്വമായ സന്ദേശം നമുക്ക് അധികം അനുഗ്രഹങ്ങൾ പ്രദാനം ചെയ്യുന്നു.

ഹാബേലിന്റെ രക്തം നീതിക്കു വേണ്ടി മാത്രമാണ് നിലവിളിക്കുന്നത് (ഉല്. 4:10). തീർച്ചയായും, ക്രിസ്തുവിന്റെ രക്തം അധികം “കരുണയോടെ” (ആർ എസ്‌വി) അല്ലെങ്കിൽ “വിശേഷതയോടെ” (*ക്രെയിറ്റോൺ*) ആണ് സംസാരി ക്കുന്നത്. ഈ വിശേഷമേറിയ പുതിയ നിയമത്തെ യിരെമ്യാ പ്രവാചകൻ പ്ര വചിച്ചിരുന്നു (31:31-34), ഈ ലേഖനത്തിലെ വിഷയവും അതാണ്. നമ്മുടെ വീണ്ടെടുപ്പിനായി യേശു ക്രൂശിൽ ചിന്തിയ രക്തം കൂടാതെ ഒരു പുതിയനി യമവും പ്രാബല്യത്തിൽ വരുന്നില്ല (മത്താ. 26:28).

## അവസാന മുന്നറിയിപ്പ്: ദൈവത്തെ നിഷേധിക്കുന്നതിന്റെ അപകടം (12:25-29)

**25അരുളിച്ചെയ്യുന്നവനെ നിരസിക്കാതിരിപ്പാൻ നോക്കുവിൻ. ഭൂമിയിൽ അരുളിച്ചെയ്തവനെ നിരസിച്ചവർ തെറ്റി ഒഴിയാതിരുന്നു എങ്കിൽ സ്വർഗ ത്തിൽനിന്നും അരുളിച്ചെയ്യുന്നവനെ നാം വിട്ടുമാറിയാൽ എത്ര അധികം. 26അവന്റെ ശബ്ദം അന്നു ഭൂമിയെ ഇളക്കി; ഇപ്പോഴോ, “ഞാൻ ഇനി ഒരിക്കൽ ഭൂമിയെ മാത്രമല്ല ആകാശത്തെയും ഇളക്കും” എന്ന് അവൻ വാഗ്ദത്തം ചെയ്തു. 27“ഇനി ഒരിക്കൽ” എന്നത് ഇളക്കമില്ലാത്തത് നിലനിൽക്കേണ്ടതിന്ന് നിർമ്മിതമായ ഇളക്കമുള്ളതിന്ന് മാറ്റം വരും എന്നു സൂചിപ്പിക്കുന്നു. 28ആ കയാൽ ഇളകാത്ത രാജ്യം പ്രാപിക്കുന്നതുകൊണ്ട് നാം നന്ദിയുള്ളവരായി ദൈവത്തിന്ന് പ്രസാദം വരുമാറ് ഭക്തിയോടും ഭയത്തോടും കൂടെ സേവ ചെയ്ക.**

എബ്രായ ലേഖനത്തിലെ അഞ്ചാമത്തെയും അവസാനത്തെയുമായ മുന്ന റിയിപ്പ് 12:25-29 ൽ കാണാം. അത് 3:7-11 ലേതുപോലെ ആകാം (അത് LXX ലെ സങ്കീ. 95:7-11 ആയിരിക്കാം ഉദ്ധരിച്ചത്).

ആദ്യം 2:1-4 ൽ ഉപയോഗിച്ചതുപോലെ “ഘനം കുറഞ്ഞവയും ഘനം കൂടിയവയും” തമ്മിലുള്ള മറ്റൊരു വാദത്തെയാണ് ഇവിടെ പറയുന്നത് (2:3 ലെ പരാമർശം നോക്കുക). “കാണുക” എന്നതിനുള്ള വാക്ക് *ബ്ലെപോ*, 3:12 ൽ “ശ്രദ്ധിക്കുക” എന്നതിനു ഉപയോഗിച്ച വാക്ക് തന്നെയാണ് ഉപയോഗിച്ചിരി ക്കുന്നത്. (“ശ്രദ്ധിച്ചുകൊൾക”; കെജെവി, “സൂക്ഷിച്ചുകൊൾക” എന്നാണ് എൻകെജെവി യിൽ). ഓരോ വിശുദ്ധനും കർത്താവിനെ ശ്രദ്ധിച്ചു കേൾക്ക ണം-സിനായ് പർവ്വതത്തിൽവെച്ച് യിസ്രായേൽജനം ദൈവത്തോട് ചെയ്ത തിലധികം ചെയ്യണം.

**വാക്യം 25.** “ചെറിയതിൽനിന്നു വലിയതിലേക്കുള്ള” വാദത്തെ പോ ലെയുള്ള വാക്യമാണ് വിശ്വാസത്യാഗത്തിലായ 10:26-29 ലെ ആളുക ളോട് **അരുളിച്ചെയ്യുന്നവനെ നിരസിക്കാതിരിപ്പാൻ സൂക്ഷിച്ചുകൊൾവിൻ** എന്നാണ് ലേഖകൻ ആദ്യം പറഞ്ഞത്. മോശെയല്ല, ഇന്നു നമ്മോട് സംസാ രിക്കുന്നത് ക്രിസ്തു ആണ്; കർത്താവിന്റെ മുന്നറിയിപ്പുകൾ വളരെ പ്രാധാന്യമുള്ളതാണ്. തന്നെപോലെ ഒരു പ്രവാചകനെ ദൈവം അയക്കുമെന്ന മോശെയുടെ പ്രവചനം യേശു നിറവേറ്റി (ആവ. 18:15, 18, 19). ഈ പ്രവചനം ക്രിസ്തുവിൽ നിറവേറിയതായി പത്രൊസ് പറഞ്ഞിരിക്കുന്നു; “ആരെങ്കിലും അവന്റെ വാക്ക് കേൾക്കാതിരുന്നാൽ, അവനെ ദൈവ ജനത്തിൽനിന്നു ഛേദിക്കുകയും നശിപ്പിക്കുകയും ചെയ്യും” (പ്രവൃ. 3:22, 23; എൻഎൽടി).

സ്വർഗത്തിൽനിന്നു പിതാവ് ക്രിസ്തുവിനെ അംഗീകരിച്ച് പറഞ്ഞു, "ഇവൻ എന്റെ പ്രിയപുത്രൻ, ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു, നിങ്ങൾ ഇവന്നു ചെവി കൊടുപ്പിൻ" (മത്താ. 17:5; മർ. 9:7; ലൂക്കൊ. 9:35). പുതിയ പ്രവാചക നായ ദൈവത്തിന്റെ പുത്രനെ കേൾക്കാതിരുന്നാൽ, "ഛേദിച്ചുകളയൽ" ആയിരിക്കും ഫലം.

ആളുകൾ ദൈവത്തെ അനുസരിക്കാതിരുന്നപ്പോൾ വളരെയധികം കഷ്ട തയനുഭവിച്ചിരുന്നതായി മരുഭൂമിയിലെ അലഞ്ഞുതിരിയൽ രേഖ വ്യക്ത മാക്കുന്നു. ദൈവത്തിന്റെ മുന്നറിയിപ്പുകൾ ഗൗരവമുള്ളതായിരുന്നു എന്ന് അവർ തിരിച്ചറിഞ്ഞിരുന്നു. ഇപ്പോൾ ദൈവം തന്റെ പുത്രൻ മുഖാന്തരമാണ് സംസാരിക്കുന്നത് (1:2); തീർച്ചയായും അവന്റെ സന്ദേശം നമുക്ക് ലഭിച്ചത് അപ്പൊസ്തലന്മാരാലും ദൈവശ്വാസിയ എഴുത്തുകാരാലും ആയിരുന്നു. അവയിൽകൂടെ നമ്മെ മുന്നറിയിച്ചിരിക്കുന്നു.

"സംസാരിക്കുന്നു" എന്നതിൽ നിന്നു വ്യത്യസ്തമായ വാക്കാണ് **മുന്ന റിയിച്ചു** എന്നത്; അത് *ക്രെമാറ്റിസോ* എന്നതിന്റെ രൂപഭേദമാണ്. അതേ വാക്കാണ് 8:5 ലും 11:7 ലും ഉപയോഗിച്ചിരിക്കുന്നത്. "വിളിച്ചു" എന്നാണ് അത് 11:26 ൽ തർജ്ജമ ചെയ്തിരിക്കുന്നത്. അത് ഒരു "ദൈവിക പ്രബോധന ത്തെയാണ്" സൂചിപ്പിക്കുന്നത്. തന്റെ പുത്രന്റെ യാഗത്തെ ദൈവശ്വാസിയ വചനത്തിന്റെ ഭാഗമായി ഈ ലേഖനം മുഖാന്തരം ദൈവം സംസാരിക്കുന്നു. മാനസാന്തരപ്പെടുവാനുള്ള മുന്നറിയിപ്പ് തിരുവെഴുത്തിൽ ധാരാളം നൽകി യിരിക്കുന്നു (ലൂക്കൊ. 13:3; പ്രവൃ. 17:30, 31), അവയിൽകൂടെ ദൈവം ഇന്നും നമ്മോട് മാനസാന്തരപ്പെടുവാൻ പറഞ്ഞുകൊണ്ടിരിക്കുന്നു.

**വാക്യം 26**. സിനായ് പർവ്വതത്തിൽ വെച്ച് ദൈവം ശക്തമായി **ശബ്ദിച്ച പ്പോൾ** ഭൂമികുലുക്കം ഉണ്ടായി (പുറ. 19:18). ''**ഞാൻ ഇനി ഒരിക്കൽ ഭൂമിയെ മാത്രമല്ല ആകാശത്തെയും ഇളക്കും**." ഭൂമി വിറെച്ചതിനെ കുറിച്ച് സങ്കീർത്ത നക്കാരൻ പറഞ്ഞിരിക്കുന്നു (സങ്കീ. 68:8; 114:7).[51] ഹഗ്ഗായി 2:6, 7 ആണ് ഇവിടെ ഉദ്ധരിച്ചത്, മശിഹ വരുന്നതിന്റെ അടയാളമായിരുന്നു ഭൂമിയെയും ആകാശത്തെയും ഇളക്കിയത് (ഈ ആശയം യേശു മത്താ. 24:29; മർ. 13:25; ലൂക്കൊ. 21:26 ലും പറഞ്ഞിരിക്കുന്നത് നോക്കുക.) യെശയ്യാവ് 13:13 ലും ഇതേ വാക്കുകളാണ് ഉപയോഗിച്ചിരിക്കുന്നത്: "അങ്ങനെ ഞാൻ ആകാ ശത്തെ നടുക്കുമാറാക്കും, സൈന്യങ്ങളുടെ യഹോവയുടെ ക്രോധത്തിലും അവന്റെ ഉഗ്രകോപത്തിന്റെ നാളിലും ഭൂമി അതിന്റെ സ്ഥാനത്തുനിന്നു ഇളകി പോകും."[52]

**വാക്യം 27**. ഹഗ്ഗായി 2:6 ഉദ്ധരിച്ചതിന്റെ ചുരുങ്ങിയ വ്യാഖ്യാനമാണ് ഈ വാക്യം. ക്രിസ്തു രണ്ടാമത് വരുമ്പോൾ അവൻ ലോകത്തിന്റെ ക്രമത്തെ മാറ്റുന്നതിനെ കുറിച്ചാണ് ഈ വാക്യം പറയുന്നത് എന്നും അപ്പോൾ ആകാ ശവും ഭൂമിയും പൂർണ്ണമായും നീങ്ങി (അല്ലെങ്കിൽ **ഇളക്കും**) പോകുമെന്നു മാണ് ചിലർ വിചാരിക്കുന്നത്. എങ്ങനെയായാലും, "ഹഗ്ഗായിയുടെ പ്രവചനം ക്രിസ്തുവിന്റെ രണ്ടാം വരവുമായി ബന്ധിപ്പിക്കുമ്പോൾ, അതിലെ യഥാർത്ഥ ഊന്നൽ നഷ്ടമാകും-അതായത് യേശുവിന്റെ ആദ്യ വരവിൽ മോശെയുടെ ന്യായപ്രമാണത്തിനു ഇളക്കം (നീക്കം) സംഭവിക്കണം."[53] "ഹഗ്ഗായി 2:7 ലെ സകല ജാതികളുടേയും സമ്പത്ത്" എന്നു പറയുന്നത് മശിഹയെയും അവന്റെ വരവിനെയുമാണ്, അത് ആലയത്തിന് വലിയ മഹത്വം ആകും.[54] പഴയ നി യമം ഇളക്കുവാനിരുന്നു. ഭൗതികമായ ലോകം നീക്കുവാനിരിക്കുന്നതു

പോലെ ന്യായപ്രമാണത്തെ **നീക്കി**[കളഞ്ഞു]; അതിൽനിന്ന് വ്യത്യസ്തമായി പുതിയ നിയമം ഒരിക്കലും ഇളക്കുകയില്ല; അത് നീക്കം ചെയ്യുകയോ പകരം നൽകുകയോ ഇല്ല.

നിത്യവും ആത്മീയവുമായ കാര്യങ്ങളെ സ്ഥാപിക്കുവാനായിരുന്നു യേശു വന്നത്. ആത്മിയ ജനനത്താൽ മാത്രമെ അവന്റെ പുതിയ "ലോകത്തിലേക്ക്" പ്രവേശനം ലഭിക്കയുള്ളു (യോഹ. 3:3–5). തുടർച്ചയായ ആത്മിയ വളർച്ചയാലാണ് ദൈവത്തിന്റെ നിത്യമായ ഉദ്ദേശം കൈവരിക്കുവാൻ കഴിയുന്നത് (2 പത്രൊ. 3:10, 11). **സൃഷ്ടിക്കപ്പെട്ട വസ്തുക്കളെല്ലാം** ഒരിക്കൽ നിലനിൽക്കുന്ന ഉദ്ദേശത്തിനായി മാറ്റപ്പെടും. **ഒരിക്കൽ കൂടെ** എന്ന വാക്കിന്റെ അർത്ഥം, "ഒരു പ്രാവശ്യം കൂടെ" എന്നാണ്. അപ്പോൾ ദൈവം ഭൂമിയെ നീക്കം ചെയ്യും (2 പത്രൊ. 3:10, 11).

ക്രിസ്തുവിന്റെ സുവിശേഷത്താൽ പഴയ വ്യവസ്ഥയെ നീക്കം ചെയ്യുന്നതിന്റെ രൂപകാലങ്കാരമായി മാത്രമാണ് "ഇളക്കും" എന്നു പറഞ്ഞിരിക്കുന്നത് എന്നും പൗലൊസ് ലോകത്തെ കീഴ്മേൽ മറിച്ചു എന്നും പറയുന്നില്ലേ? എന്നുമാണ് ചിലർ കരുതുന്നത് (പ്രവൃ. 17:6 നോക്കുക; കെജെവി.) എങ്ങനെയായാലും, വേദപുസ്തകം പറയുന്നത് ഭൗതികമായ വസ്തുക്കൾ നീങ്ങി ആത്മിയമായവ **നിലനിൽക്കും** എന്നാണ്. "സൃഷ്ടിക്കപ്പെട്ടവ" എല്ലാം ഇളകുന്നവയാൽ ഉളവായതാണ്, ഉദാഹരണമായി, ആഭ്യന്തര ശക്തികളും, തെറ്റായ മതങ്ങളും. "ആത്മിയ കാര്യങ്ങൾ" എല്ലാം നിലനിൽക്കും. അതിൽ ദൈവരാജ്യവും അതിലെ പ്രജകളും ഉൾപ്പെടുന്നു.

**വാക്യം 28. ഇളക്കുവാൻ കഴിയാത്ത** നിത്യമായവ ചിലത് നമുക്ക് വേണം. ആ ആവശ്യം ക്രിസ്തുവിന്റേയും ദൈവത്തിന്റേയും **രാജ്യത്തിൽ** നിറവേറപ്പെടും എന്നു നമ്മോടു മുന്നറിയിച്ചിരിക്കുന്നു (എഫെ. 5:5). ഉടനെ വന്നു യെരുശലേമിന്റെ മതിലുകളെ തകർക്കുവാനിരിക്കുന്ന റോമിന്റെ സൈന്യശക്തിയും ഇളകുന്നവയിൽ പെടുമോ?

ലോകത്തിലെ എല്ലാ ഇളകുന്ന ഭൗതിക വസ്തുക്കളും മാറ്റപ്പെടുവാനുള്ളതാണ്, എന്നാൽ ക്രിസ്തുവിന്റെ രാജ്യം ഇളകാത്തതും എന്നേക്കും നിൽക്കുന്നതുമാണ്. ഒരു ശക്തിക്കും നശിപ്പിക്കുവാൻ കഴിയാത്ത രാജ്യത്തെയാണ് ദാനിയേൽ 2:44 ഉം 7:14 ഉം മുന്നറിയിച്ചിരിക്കുന്നത്. ആ രാജ്യം സഭയാണ്, അതിനെ പാതാള ഗോപുരങ്ങൾ ജയിക്കയില്ല (മത്താ. 16:18). എല്ലാ നഗരമതിലുകളും വാതിലുകളും ഇടിച്ചു തകർക്കാൻ കഴിയും, പക്ഷെ നമ്മുടെ ദൈവത്തിന്റേയും കർത്താവായ യേശുക്രിസ്തുവിന്റേയും രാജ്യം തകർക്കുവാൻ ഒരു ശക്തിക്കും സാധ്യമല്ല.

രാജ്യം നിലവിൽ വന്നു എന്നാണ് ഈ പുസ്തകം പ്രഖ്യാപിക്കുന്നത്. സഭയിൽ ഉള്ള ആളുകൾ തന്നെയാണ് രാജ്യത്തിലുള്ളത്. പ്രവൃത്തികൾ 1:3–8 ൽ, പറയുമ്പോഴും രാജ്യം ഭാവിയിൽ വരുവാനിരുന്നതായിരുന്നു. എന്നാൽ പെന്തെകൊസ്തുനാളിനു ശേഷം രാജ്യം നിലവിൽ ഉള്ളതായിട്ടാണ് പറഞ്ഞിരിക്കുന്നത് (കൊലൊ. 1:13; വെളി. 1:5, 6, 9). ദൈവ രാജ്യം ഇപ്പോൾ നിലവിലുണ്ട് എന്ന യാഥാർത്ഥ്യം നാം ഒരിക്കലും നഷ്ടമാക്കരുത്.

**വാക്യങ്ങൾ 28, 29.** നമുക്ക് എന്നു തുടങ്ങുന്ന മറ്റൊരു പ്രബോധനമാണ് വാക്യം 28 ൽ ഉള്ളത്. ദൈവത്തിന്റെ കൃപ നമുക്ക് ലഭിക്കത്തക്ക സാഹചര്യം നാം ഒരുക്കണം. ഇത് "നമുക്ക് മുറുകെ പിടിക്കാം" എന്ന് മറ്റൊരു വിധത്തിൽ പറയുന്നതാണ് (10:23). ആ പ്രബോധനം 12:18 ൽ തുടങ്ങിയതാണ്, അതിൽ

10:25 ലേതുപോലെ സഭായോഗം മുടക്കരുത് എന്ന അപേക്ഷയും ഉൾപ്പെട്ടിരിക്കുന്നു. ആവർത്തന പുസ്തകം 4:24 ഉദ്ധരിച്ച് അത് വാക്യം 29 ൽ അവസാനിപ്പിക്കുന്നു.[55] നമ്മുടെ ദൈവം അനുസരണക്കേട് സഹിക്കുകയില്ല എന്ന് അത് അന്തർലീനമാക്കുന്നു. "നിന്റെ ദൈവമായ യഹോവ ദഹിപ്പിക്കുന്ന അഗ്നിയല്ലോ, തീക്ഷ്ണതയുള്ള ദൈവം തന്നെ."

ദൈവം ... **തീകൊണ്ട് ദഹിപ്പി**[ക്കും] എന്ന ആശയം ബൈബിളിലെ ഒറ്റപ്പെട്ട പ്രസ്താവനയല്ല (യെശ. 33:14 നോക്കുക). പല വേദഭാഗങ്ങളിലും "തീ" എന്നു പറഞ്ഞിരിക്കുന്നത് ആലങ്കാരികമായി എടുക്കുവാൻ പ്രയാസമാണ്. ഇവിടെയും 10:26–29 ലും പറഞ്ഞിരിക്കുന്ന "തീ" രൂപകാലങ്കാരമായി മാത്രം കാണുവാൻ സാധ്യമല്ല.

**സ്വീകാര്യമായ സേവനമാണ്** നാം ദൈവത്തിന് നൽകേണ്ടത്. "ശുശ്രൂഷ" എന്നതിന്റെ രൂപഭേദമായ വാക്കാണ് (*ലാട്രെയുവോ*) ആരാധനയിൽ പുരോഹിതന്മാരുടെ ശുശ്രൂഷക്ക് ആ വാക്ക് ഉപയോഗിച്ചിരിക്കുന്നു (8:5). ഒരേ മൂലപദത്തിലുള്ള ക്രിയയാണ് 13:10 ൽ ഉപയോഗിച്ചിരിക്കുന്നത്. മറ്റു ആരാധകരെ കുറിച്ച് പറയുമ്പോഴും ആ വാക്ക് കാണാം (9:9; 10:2). ആ വാക്ക് ആരാധനയുമായുള്ള ബന്ധത്തിൽ ഉപയോഗിച്ചിരിക്കുന്നുവെങ്കിലും, പൊതുവിൽ "മതപരമായ ശുശ്രൂഷക്ക്" ആ വാക്ക് ഉപയോഗിക്കാം. ഇവിടെ, അത് മറ്റുള്ളവരെ ശുശ്രൂഷിക്കുന്നതിനെ ഉദ്ദേശിച്ചാണ് പറയുന്നത് (13:1–3 ലേതുപോലെ), കൂടാതെ അതിഥി സൽക്കാരം, തടവുകാരെ സന്ദർശിച്ച് സഹായിക്കൽ, വിവാഹത്തെ ആദരിക്കൽ, അത്യാഗ്രഹവും ദുർന്നടപ്പും ഒഴിവാക്കലും ഉൾപ്പെടുന്നു (13:1–6).

**ഭയത്തോടും ഭക്തിയോടും** ദൈവത്തിന്റെ വിശുദ്ധിയിൽ പ്രവേശിക്കുന്നത് "അവന്റെ കരുണയോട് നന്ദിയുള്ള ആശ്രയത്തോടും സ്നേഹത്തോടും കൂടെ വേണം പ്രതികരിക്കുവാൻ."[56] അവനെ അതിശയത്തോടെ ബഹുമാനിക്കുവാൻ കാരണം അവന്റെ ശക്തിയും വിശുദ്ധിയുമാണ്. ദൈവത്തിന് നമ്മിൽ ചെയ്യുവാൻ കഴിയുന്നതിനെ ഓർത്തുള്ള ഭയവും "അതിശയത്തിൽ" ഉൾപ്പെടുന്നു. പാപിയെ തീയിൽ ശിക്ഷിക്കുവാൻ കഴിവുള്ള സർവ്വശക്തനെ പാപികൾ ഭയന്നു വിറെച്ചു ബഹുമാനിക്കും.

ദൈവത്തിന്റെ കൽപനകളെ ഓരോന്നും ഗൗരവത്തോടെ അനുസരിക്കുന്നത് "നിയമത്തതെ മുറുകെ പിടിക്കുന്നവൻ" ആക്കുന്നില്ല. ദൈവത്തിന്റെ എല്ലാ കൽപനകളോടും സ്നേഹത്തിൽ പ്രതികരിക്കുക എന്നതാണ് നമ്മുടെ ദൗത്യം. ദൈവത്തിന്റെ കൽപനകളിൽ ആവശ്യമുള്ളതും ആവശ്യമില്ലാത്തതും എന്ന് വേർതിരിക്കുവാൻ ശ്രമിക്കരുത്. നമുക്ക് എല്ലായ്പോഴും നമ്മുടെ ദൈവത്തിന് സ്വീകാര്യമായ ആരാധന സമർപ്പിക്കാം, അങ്ങനെ അനുസരണക്കേടിനാൽ ഉണ്ടാകാനിടയുള്ള ഭയങ്കര വിപത്ത് നമുക്ക് ഒഴിവാക്കാം.

## പ്രായോഗികത

### നാം ഓട്ടക്കളത്തിലാണ് (12:1, 2)

ക്രിസ്തീയ ജീവിതത്തിൽ നമുക്ക് ഒരിക്കലും വെറുതെ ഉരുണ്ടുപോകാമെന്നു വിചാരിക്കരുത്; ഊർജ്ജവും സ്ഥിരോൽസാഹവും ആവശ്യമുള്ള ഓട്ടത്തിലാണ് നാം. നാം ദൈവത്തിൽനിന്നും അകന്നു പോയേക്കാം (2:1), വെറുതെയിരുന്നാൽ ദൈവത്തിൽ എത്തുവാനും കഴിയുകയില്ല. ദൈവ

ത്തിന്റെ അടുക്കൽ എത്തുവാൻ നമുക്ക് പരിശ്രമം ആവശ്യമാണ്. “ക്ഷമ” സ്ഥിരോൽസാഹത്തെയാണ് കാണിക്കുന്നത്. അതുണ്ടെങ്കിൽ നമുക്ക് എല്ലാവർക്കും വിജയിക്കുവാൻ കഴിയും.

നമുക്ക് വിരമിക്കാവുന്ന ഒരു ജോലി അല്ല ക്രിസ്ത്യാനിത്വം എന്നു പറയുന്നത്. കർത്താവിനെ ശുശ്രൂഷിക്കുന്ന ക്രിസ്ത്യാനിയുടെ പ്രവൃത്തി ഒരിക്കലും അവസാനിപ്പിക്കാവുന്നതല്ല. പ്രായമായവർക്ക് അവർ മുൻപ് ചെയ്തിരുന്നതുപോലെ ചെയ്യുവാൻ കഴിയുകയില്ലെങ്കിലും, അവർക്ക് ചെയ്യുവാൻ കഴിയുന്ന ജോലികൾ ചെയ്യാം. ഓടിക്കൊണ്ടിരിക്കുന്നവർക്ക് ബലഹീനരെയും നിസഹായരെയും സഹായിക്കുവാനും താങ്ങുവാനും കഴിയും. നമുക്ക് സംസാരിക്കുവാൻ കഴിയുന്നതുവരെ മറ്റുള്ളവരെ മാനസാന്തരത്തിനായി ക്ഷണിക്കുവാൻ കഴിയും.

**ഓട്ടം ഓടൽ (12:1, 2)**

വിശ്വസ്തരായവർ ഓടുന്ന ഓട്ടക്കളത്തിൽ നാം വിജയത്തിനായി ഓടിക്കൊണ്ടിരിക്കുകയാണ് എന്ന കാര്യം നാം മറന്നു പോയാൽ, നാം ഓട്ടം തെറ്റി കിരീടം നേടാതെ പോകും. ലക്ഷ്യം സൂക്ഷിക്കുന്ന വ്യക്തിയാണ് അവസാനം വരെ ഓടി ഓട്ടം തികച്ചു വിജയിയാകുന്നത്. അവസാന കടമ്പ കടക്കുക എന്നതൊഴിച്ചാൽ ക്രിസ്ത്യാനി ഒരു മനുഷ്യനേയും പരാജയപ്പെടുത്തുന്നില്ല; ഓരോരുത്തരും വ്യത്യസ്ത സമയത്തായിരിക്കും ഓട്ടം തികക്കുന്നത്, എങ്കിലും നാം അവസാനം വരെ ഓടണം.

ഈ ലേഖനം ആദ്യം വായിച്ച ക്രിസ്ത്യാനികൾ ക്ഷീണിച്ച് നിരുൽസാഹപ്പെട്ടിരുന്നു. അവനായാലും അവളായാലും ഓരോരുത്തർക്കും തങ്ങൾ ശരിയായ പാതയിലാണ് ഓടുന്നതെന്നും നന്നായി ഓടുന്നുവെന്നും ഉറപ്പിക്കുവാനുള്ള വിഭവങ്ങൾ ആവശ്യമാണ്. ഫലത്തിൽ, ലേഖകൻ പറഞ്ഞു, “ചരിത്രത്തിലെ ഏറ്റവും വലിയ ഓട്ടത്തിലാണ് നിങ്ങൾ ഓടിക്കൊണ്ടിരിക്കുന്നത്. മറ്റുള്ളവരെല്ലാം ഈ ഓട്ടം തിരഞ്ഞെടുക്കുവാനുള്ളവരാണ്. ഒളിമ്പിക് ഗെയിംസ് അപ്രസക്തതമാണ്. നിങ്ങളുടെ ഓട്ടത്തിന്റെ മാഹാത്മ്യം തിരിച്ചറിഞ്ഞാൽ ഇതിലുള്ള ആവേശം നിങ്ങൾക്ക് മറ്റൊന്നിലും ലഭിക്കുകയില്ല.”

ഓടിക്കൊണ്ടിരിക്കുന്നവർ തടസങ്ങളും പാപങ്ങളും അവരെ കീഴ്പ്പെടുത്തുവാൻ ശ്രമിക്കുന്നതിനെ നീക്കം ചെയ്യണം. അവ ഓരോരുത്തർക്കും നേരിടുന്നത് വ്യത്യസ്തമായ രീതിയിലായിരിക്കും. വിശേഷതയേറിയ ഒന്ന് പകരം ലഭിക്കുവാനല്ലാതെ ദൈവം ഒന്നിനേയും വിട്ടുകളയുവാൻ പറയുകയില്ല.

ഓട്ടം ഓടേണ്ടത് എങ്ങനെയാണ് എന്ന് യേശു നമുക്ക് കാണിച്ചു തന്നിരിക്കുകയാണ്. നാം അവസാനത്തെ രേഖ കടന്നു കഴിഞ്ഞാൽ, യേശു അവിടെ നിന്നു പറയും, “പിതാവേ, ഇതാ നീ എനിക്ക് തന്ന നിന്റെ മക്കൾ” (2:13 നോക്കുക). ആ മാന്യത വിചാരിക്കുമ്പോഴാണ് യേശു ഓടിയതുപോലെ ഓടുവാൻ നമ്മെ പ്രേരിപ്പിക്കുന്നത്. നാം ആരുടെ ഓട്ടക്കാരാണെന്ന് മനസിലാക്കിയാൽ, “നിന്ദിപ്പിക്കുകയും ലജ്ജിപ്പിക്കുകയും” ചെയ്യുന്ന വിമർശനങ്ങളെയെല്ലാം അവഗണിച്ച് തലയുയർത്തി ഓടുവാൻ കഴിയും.

**സകല ഭാരവും വിട്ടുകളയുക (12:1, 2)**

നമ്മുടെ സ്വന്തകുടുംബത്തിൽനിന്നും പല ഭാഗങ്ങളിൽനിന്നും നമുക്ക് ഭാരങ്ങൾ അഥവാ ബാധ്യതകൾ കടന്നു വരാം. നമ്മുടെ ജോലി സ്ഥലത്തുനി

ന്നോ അല്ലെങ്കിൽ നമ്മുടെ സ്നേഹിതരിൽ നിന്നോ, ചാർച്ചക്കാരിൽ നിന്നോ അവമാനവും ഏൽക്കേണ്ടി വന്നേക്കാം. അവ എല്ലാം പരീക്ഷണങ്ങളാണ്. അവരുടെ സാന്നിധ്യം മനസിലാകാത്ത വിധത്തിൽ പ്രവർത്തിക്കുവാൻ പിശാചിന് ദുഷ്ടദാസന്മാർ ഉണ്ട്. അതുകൊണ്ട്, നാം എപ്പോഴും ജാഗ്രതയുള്ളവരായിരിക്കണം. ബാധ്യതയിൽ ഇപ്പോഴത്തെ സാഹചര്യം മാറുന്നത്, ജോലി മാറ്റം ലഭിക്കുന്നത്, പുതിയ സ്നേഹിതന്മാരെ കണ്ടെത്തുന്നത് എന്നിവ ഉൾപ്പെടുന്നു. ഈ ഓട്ടം ഓടുവാൻ തുടങ്ങുന്നത് ആദ്യം പ്രയാസമായിരിക്കും; എന്നാൽ അവന്റെ നുകം മൃദുവും ചുമട് ലഘുവുമായിരിക്കും എന്ന് യേശു വാഗ്ദാനം ചെയ്തിട്ടുണ്ട് (മത്താ. 11:28-30).

പരീക്ഷണങ്ങൾ ചിലപ്പോൾ ഉള്ളിൽനിന്നു തന്നെ ഉത്ഭവിക്കും. “കൂടുതൽ പണം നേടിയാൽ മാത്രമെ” പ്രശ്നങ്ങൾക്ക് പരിഹാരം കാണുവാൻ കഴിയു എന്നു നിങ്ങൾ വിചാരിച്ചേക്കാം. നിങ്ങൾ അപ്പോഴും നിങ്ങൾ തന്നെയായിരിക്കും! ദൈവം തന്റെ കരുണാധിക്യപ്രകാരം നമ്മോട് ഇടപെടും എന്ന വിശ്വാസക്കുറവ് ആ മനോഭാവത്തിൽ നമുക്ക് കാണാം. “ഈ സാഹചര്യത്തിൽ അല്ലായിരുന്നു എങ്കിൽ എനിക്ക് നന്നായി ചെയ്യുവാൻ കഴിയുമായിരുന്നു” എന്നു നിങ്ങൾ ചിന്തിക്കുകയാണെങ്കിൽ, അതിൽ നിന്നു പുറത്തു കടക്കണം! ദൈവത്തോട് പിറുപിറുത്തുകൊണ്ടോ അല്ലെങ്കിൽ മൽസരിച്ചുകൊണ്ടോ ബലഹീനമായ തീരുമാനങ്ങൾ എടുക്കുവാൻ ശ്രമിക്കരുത്. നാം കൂടുതൽ ദൈവപരിജ്ഞാനത്തിൽ വളർന്ന് വിശ്വസ്തമായി വചനം അനുസരിച്ച് വേണം മുൻപോട്ട് ഗമിക്കുവാൻ. ഓരോ സമയത്തും വിവിധ പരീക്ഷണങ്ങളെ നേരിടുന്നവർക്ക് അവയെ അതിജീവിക്കുവാൻ, യേശു തിരുവെഴുത്ത് ഉദ്ധരിച്ച് മാതൃക നൽകിയിട്ടുണ്ട്. നാം ആ മാതൃക പിൻപറ്റിയാൽ ഭക്തിയുള്ള നമ്മുടെ ജീവിതം സാത്താനെ ശാസിക്കുന്നതായി തീരും.

**ലജ്ജയെ നിന്ദിക്കൽ (12:1, 2)**

ഭീകരമായ ക്രൂശിന്റെ കഷ്ടത ലജ്ജയോടുകൂടിയതായിരുന്നു. യുദ്ധത്തിൽ പരാജയപ്പെട്ട പടയാളികളുടെ വസ്ത്രങ്ങൾ ശത്രു ഉരിഞ്ഞു മാറ്റുന്നത് അവരെ കൂടുതൽ ലജ്ജിപ്പിക്കുന്ന ചിലകാര്യങ്ങളിൽ ഒന്നായിരുന്നു. കീഴ്പ്പെടുത്തിയവരോട് പരാജയം പൂർണ്ണമാണെന്ന് സമ്മതിപ്പിക്കുന്ന പൊതുവായ അടയാളമായിരുന്നു അത്. കൂടാതെ, ഒരാളെ ക്രൂശിൽ തറെക്കുവാൻ കൊണ്ടുപോകുന്നതിനു മുൻപ് ചെയ്തിരുന്നതുമാണ്. അവന്റെ നഗ്നത പരസ്യമായ കാഴ്ച്ചയാക്കുമായിരുന്നു. നോക്കി നിൽക്കുന്നവർക്കെല്ലാം അനാവരണം കൂത്തുകാഴ്ച്ചയായിരുന്നു. അത്തരം വ്യക്തിപരമായ ലജ്ജിപ്പിക്കലിനെ നിന്ദിക്കാതിരിപ്പാൻ കുറച്ചുപേർക്ക് മാത്രമെ കഴിയുകയുള്ളു-യേശുവിന് കഴിയുകയും, അവൻ അവർക്ക് വേണ്ടി പ്രാർത്ഥിക്കുകയും ചെയ്തിരുന്നു (ലൂക്കൊ. 23:34).

ക്രിസ്തു ലജ്ജയെ നിന്ദി[ച്ചു]; അത് അവന് കാര്യമുള്ളതായിരുന്നില്ല. തന്റെ അടുക്കൽ തനിക്ക് ഉടനെ ലഭിക്കുവാനിരുന്ന സന്തോഷത്തെയായിരുന്നു അവൻ നോക്കി കണ്ടത്. ഇടക്ക്, പറുദീസയിലായിരുന്നപ്പോൾ, അവൻ തീർച്ചയായും അവിടെയായിരുന്ന നീതിമാന്മാരുമായി സന്തോഷിച്ചിരിക്കും. മിക്കവാറും പരീക്ഷണത്തെ അവൻ പൂർത്തിയാക്കി വിശ്വാസം പ്രാവർത്തികമാക്കുന്നതിന് അവൻ മാതൃകയായി തീർന്നു.

**“യേശുവിനെ നോക്കുക” (12:3)**

നാം “യേശുവിനെ നോക്കുമ്പോൾ” അവനിൽ നിന്നു ലഭിച്ച പാഠങ്ങൾ നാം ജീവിതത്തിൽ പ്രായോഗികമാക്കുകയാണ്. നമ്മുടെ ക്ഷീണിച്ച ആത്മാക്കൾ വിട്ടുകളയാതിരിപ്പാൻ നാം ഓരോ ദിവസവും ഇത് ചെയ്യണം. യേശുവിന്റെ പാതയിൽ നടക്കുമ്പോൾ, ഒരു ക്രൂശ് എടുപ്പാനും വില കൊടുപ്പാനും ഉണ്ട്. ചിലപ്പോൾ, വില സാമ്പത്തികമായിരിക്കാം, ഒരു ക്രിസ്ത്യാനിക്ക് ചെയ്യുവാൻ പറ്റാത്ത ജോലിയായിരിക്കാം ലഭിച്ചിരിക്കുന്നത്. യേശുവിന്റെ കാലടികളെ പിൻപറ്റുന്നതിൽനിന്നു തന്നെ വലിച്ചിഴക്കുവാൻ സാധ്യതയുള്ള സ്നേഹിതരെ തിരഞ്ഞെടുക്കുവാൻ ക്രിസ്ത്യാനി തയ്യാറാവുകയില്ല. ക്രിസ്തുവിനെ സ്വീകരിച്ച് സുവിശേഷം അനുസരിച്ചതിനാൽ കുടുംബത്തിൽനിന്ന് അനാദരവ് നേരിടുവാനും സാധ്യതയുണ്ട്.

ഒരാൾ ഭൂമിയിലെ ഓട്ടത്തിൽ യേശുവിനോടുകൂടെ “ഇടുങ്ങിയ വഴിയിൽ” തുടർച്ചയായി ഓടുമ്പോൾ വില കൊടുക്കുവാൻ മനസില്ലാത്തവർ അവസാനം അവനോടുകൂടെ സന്തോഷിക്കുവാൻ കഴിയാതെ വരും. ചിലർ “നന്മ-ചെയ്യുന്നതിൽ മടുത്തു പോകും” (ഗലാ. 6:9; ആർഎസ്‌വി), കാരണം വഴി ദൈർഘ്യമേറിയതായും, വിഷമസന്ധികൾ നിറഞ്ഞുകവിയുന്നതായും തോന്നും. പ്രയാസങ്ങൾ നേരിടുമ്പോൾ ആരെ വിശ്വസിച്ചിരിക്കുന്നു എന്നറിഞ്ഞ്, സുവിശേഷത്തിനായിപോരാടി അതിനെ പുഞ്ചിരിയോടെ തരണം ചെയ്യുവാൻ തയ്യാറാകണം (ഫിലി. 1:16; 2 തിമൊ. 1:12). ദൈവമാണ് നിയന്ത്രിക്കുന്നത്. പാപത്തിനും, തെറ്റിനും, അജ്ഞതക്കും എതിരായ പോരാട്ടത്തിൽ അവൻ അവസാനം ജയിക്കും (വെളി. 17:14).

**“ക്ഷീണിച്ചു മടുത്തു പോകരുത്” (12:3)**

നമ്മുടെ പോരാട്ടത്തിൽ നാം ക്ഷീണിച്ചു മടുത്തുപോകുന്നതിനെ കുറിച്ച് തോമസ് ജി. ലോങ് നന്നായി വിവരിച്ചിരിക്കുന്നു:

> ... ക്രിസ്ത്യാനികൾ ക്ഷീണിച്ചു മടുത്തുപോകും. പ്രതിസന്ധികൾ അവരെ തളർത്തും, പോരാട്ടത്തിൽ ക്ഷീണിതരാകും, ആളുകളുടെ ആവശ്യങ്ങൾ ലഭ്യമല്ലാതെ വരുമ്പോൾ മടുത്തുപോകും, സഹായം ലഭിക്കുന്നവരിൽനിന്നു നന്ദിവാക്കുകൾ പോലും ലഭിക്കാതെ അവരിൽ നിന്നു ഉപദ്രവം പോലും നേരിട്ടേക്കാം ... ആളുകളെ സന്ദർശിച്ച് സന്ദർശിച്ച് മടുത്തുപോകും, സഭക്ക് വേണ്ടി “സാധനങ്ങൾ വാങ്ങിക്കൊണ്ടിരിക്കുന്നവർ തന്നെ വാങ്ങി” മടുത്തുപോകും. ഓരോരുത്തരും വിധേയപ്പെട്ടിരിക്കുന്നതിൽ അടിമകളായിരിക്കുന്നതായി തോന്നും. സ്വന്ത ആഗ്രഹങ്ങളോ കഴിവുകളോ പൂർണ്ണമായി ഉപയോഗിക്കുവാൻ കഴിയാതെ മടുത്തുപോയേക്കാം. കലപ്പക്ക് കൈവെച്ച ശേഷം കലപ്പയേ വിട്ടുപോയാലെന്തെന്ന് തോന്നും. ഈ കൂർത്ത പാറ വേറെ ആരെങ്കിലും കയറട്ടെ എന്നു വിചാരിച്ചു പിൻമാറുവാൻ തീരുമാനിക്കും.[57]

ഓട്ടം ഓടി അവസാന രേഖ മറികടന്നു ക്ഷീണിച്ച് അവശനായി വീണു മരിച്ച ഒരു ഗ്രീക്ക് ഓട്ടക്കാരന്റെ സംഭവം കേട്ടിട്ടുണ്ട്-അവൻ നിർത്താതെ തന്റെ ഓട്ടം ഓടി തീർത്തു. യേശുവിന്റെ മാതൃക പിൻപറ്റി ഓടുന്നവരെല്ലാം അങ്ങനെയാണ് ഓടേണ്ടത്. അവസാനം നിത്യരക്ഷ കരസ്ഥമാക്കുവാൻ സഹിഷ്ണു

ത ആവശ്യമാണ്. ക്രിസ്തു “സഹിക്കുകയും” വിജയം നേടുകയും ചെയ്ത തിനാൽ, അത് നമ്മെ ഓട്ടം തുടരുവാൻ പ്രേരിപ്പിക്കുകയാണ്.

**ഉപദ്രവങ്ങളെ ഒഴിവാക്കൽ (12:4)**

തർസൊസുകാരനായ ശൗൽ ക്രിസ്ത്യാനികളെ ഉപദ്രവിച്ച സമയത്ത് മരണം ഒഴിവാക്കുവാൻ അവർ ഓടിപ്പോയപ്പോൾ, ഈ ലേഖനത്തിന്റെ ആദ്യ വായനക്കാർ കുട്ടികൾ ആയിരുന്നേക്കാം (പ്രവൃ. 8:1–4; 9:1; 22:4). ഈ ലേഖനം വായിച്ചു കേൾക്കുന്നവർക്ക് അപ്പോൾ രക്തസാക്ഷിത്വ ഭീഷണി വന്നിട്ടില്ലാ യിരുന്നു, എങ്കിലും, വലിയ പരീക്ഷണങ്ങളെ കുറിച്ച് 10:32–34 ൽ പറയുന്നു, എന്നാൽ 12:4 വെളിപ്പെടുത്തുന്നത് അതിനു സാധ്യത തള്ളിക്കളയുവാൻ കഴിയുകയില്ല എന്നാണ്. തങ്ങളെ ഉപദ്രവിക്കുന്നവർക്ക് അവരുടെ ദേഹത്തെ മാത്രമെ നശിപ്പിക്കുവാൻ കഴിയുകയുള്ളു എന്നാണ് ആ ക്രിസ്ത്യാനികൾ മനസിലാക്കേണ്ടിയിരുന്നത് (ലൂക്കൊ. 12:4; മത്താ. 10:28). “ആരും അവയെ എന്റെ കയ്യിൽനിന്നു പിടിച്ചുപറിക്കയില്ല” എന്നാണ് യേശു പറഞ്ഞത് (യോഹ. 10:28).നമ്മുടെ ഉള്ളിൽനിന്നല്ലാതെ പുറത്തുനിന്നും ഒരു ശക്തിക്കും നമ്മുടെ ആത്മാക്കളെ നശിപ്പിക്കുവാൻ സാധ്യമല്ല. എങ്ങനെയായാലും, നമ്മുടെ ക്രിസ്തീയ ജീവിതം നാം നന്നായി ഓടിയില്ലെങ്കിൽ, നമ്മുടെ നിത്യമായ അനു ഗ്രഹങ്ങൾ നഷ്ടപ്പെട്ടുപോകും (ഗലാ. 5:4, 7).

ആളുകൾക്കെതിരെയല്ല, നാം “പാപത്തിനെതിരെയാണ് പോരാടുന്നത്” എന്ന കാര്യം നാം വിസ്മരിക്കരുത്. ആത്മിയമായ ഉപദേശത്താൽ ധാർമ്മിക മായി ജീവിച്ച് വിശ്വാസത്യാഗം എന്ന ദുഷ്ടതക്കെതിരായി നാം പോരാടണം.

**ക്രിസ്തുവിനു വേണ്ടി കഷ്ടതയേൽക്കൽ (12:4–6)**

ജീവിതത്തിൽ അച്ചടക്കം എന്തെന്ന് അറിയാതെ വളർന്നവർക്ക് ദൈവ ത്തിന്റെ അച്ചടക്കം നേരിടുന്നത് മനസിലാക്കുവാനും സഹിക്കുവാനും പ്ര യാസമായിരിക്കും. എങ്ങനെയായാലും, ഈ ലേഖനത്തിന്റെ ഗുണഭോക്താ ക്കൾക്ക് ഈ ആശയം മനസിലാക്കുവാൻ കഴിയുന്നവരായിരുന്നു. പോളണ്ടി ൽ കമ്മൂണിസത്തിന്റെ വീഴ്ച്ചക്ക് മുൻപ്, ഒരു പ്രാദേശിക ഉപദേഷ്ടാവിന്റെ ശുശ്രൂഷ വിശദമാക്കുവാനായി വാലെന്റി ഡാവിഡോവിനെ അധികാരികൾ വിളിപ്പിച്ചു. താൻ പോളണ്ടിലെ സഭയുടെ തലവനാണോ എന്നു ചോദിച്ചു. അദ്ദേഹം ധൈര്യത്തോടെ മറുപടി പറഞ്ഞു, “ഞാൻ പോളണ്ടിലെ സഭയുടെ തല അല്ല. പോളണ്ടിലെ ക്രിസ്തുവിന്റെ സഭയുടെ തല ക്രിസ്തു ആണ്!” ലളി തമായ സുവിശേഷം പ്രസംഗിക്കുവാൻ അദ്ദേഹത്തെ തുടർന്നും അനുവദിച്ചു. “സൗമ്യതയോടും ഭയഭക്തിയോടും” മറുപടി പറയുവാനുള്ള ധൈര്യമാണ് ന മുക്ക് വേണ്ടത് (1 പത്രൊ. 3:15)–ചിലപ്പോൾ അതിനായി കഷ്ടത ഏൽക്കേണ്ടി വന്നാലും. ആത്മിയ ജീവിതത്തിന്റെ സത്യം നാം ഉപദേശിക്കണം: ക്രിസ്തു യേശുവിൽ ഭക്തിയോടെ ജീവിക്കുവാൻ ശ്രമിക്കുന്നവർക്കെല്ലാം ഏതെങ്കിലും വിധത്തിലുള്ള ഉപദ്രവം ഉണ്ടാകും (2 തിമൊ. 3:12).

ദൈവത്തിനു കീഴ്പ്പെട്ട് അവനെ പ്രസാദിക്കുവാൻ നാം ചില രീതിയിൽ കഷ്ടത ഏൽക്കേണ്ടി വന്നേക്കാം. ദൈവം തന്റെ മക്കളെ ശിക്ഷിക്കും, അത് മറ്റുള്ളവരിൽ കൂടെ ആയിരിക്കും. നമ്മെ വിമർശിച്ച് വേദനിപ്പിക്കുന്ന ചിലരോട് നാം എങ്ങനെയായിരിക്കും പെരുമാറുക? നാം ആഗ്രഹിക്കുന്നതു പോലെ മറ്റുള്ളവർ നമ്മോട് പെരുമാറണം എന്നതായിരിക്കരുത് നമ്മുടെ

ലക്ഷ്യം, മറിച്ച് ദൈവം ആഗ്രഹിക്കുന്നതുപോലെ വേണം നാം പ്രതികരിക്കുവാൻ. നാം മറ്റുള്ളവരിൽ ഏൽപിച്ച വേദനയും മറ്റുള്ളവർ നമ്മിൽ ഏൽപിച്ച വേദനയും കൈകാര്യം ചെയ്യുവാൻ ദൈവത്തിനു കഴിയും. ക്രിസ്തു സഹിച്ചതുപോലെ നാം "സഹിക്കണം" (12:3).

**ശിക്ഷണത്തിന്റെ ഗുണം (12:7-11)**

ശിക്ഷണത്തിന് മൂന്ന് ഉദ്ദേശമാണ് ഉള്ളത്: അത് നമ്മുടെ തെറ്റുകളെ തിരുത്തുന്നു, വിശ്വാസത്തെ ശക്തിപ്പെടുത്തുന്നു, നിത്യ ക്ഷേമത്തിലേക്ക് കയറ്റുന്നു.[58] ഈ ജീവിതത്തിൽ മതിയാകുവാനും വിജയിക്കുവാനും നാം ആഗ്രഹിക്കുന്നതെല്ലാം നമുക്ക് ആവശ്യമില്ല (മത്താ. 6:25-34). നാം ശിക്ഷിക്കപ്പെടുവാനായി പ്രാർത്ഥിക്കണം, പക്ഷെ അത് അപൂർവ്വമായേ സംഭവിക്കുന്നുള്ളു. ഒരുപക്ഷെ അതുകൊണ്ടായിരിക്കാം പൗലൊസ് പറഞ്ഞത്, "വേണ്ടുംപോലെ പ്രാർത്ഥിക്കേണ്ടത് എന്തെന്ന് നാം അറിയുന്നില്ലല്ലൊ" (റോമ. 8:26). ആത്മിയമായി ശക്തി പ്രാപിക്കുവാൻ, നമ്മുടെ വളർച്ചക്ക് ആവശ്യമായവക്ക് വേണ്ടി നാം പ്രാർത്ഥിക്കണം, അത് ആവശ്യമില്ലെങ്കിലും നാം പ്രാർത്ഥിക്കയൂം, ദൈവം ശിക്ഷിക്കയും ചെയ്യും. ദൈവത്തിന്റെ ശിക്ഷയെ നാം ചെവിക്കൊണ്ടില്ലെങ്കിൽ, അവൻ നമ്മെ വീണ്ടും വീണ്ടും ശിക്ഷിക്കും.

ക്രിസ്ത്യാനിത്വം മറ്റു ലോക മതങ്ങളിൽനിന്നും വ്യത്യസ്തമാണ്, കഷ്ടത ദൈവത്തിന്റെ കോപ ലക്ഷണത്തിന്റെ അടയാളമല്ല. ദൈവത്തെ പ്രസാദിപ്പിച്ചാൽ കഷ്ടതയേൽക്കേണ്ടി വരികയില്ല എന്നാണ് മിക്ക മതങ്ങളും പഠിപ്പിക്കുന്നത്. അതിൽനിന്നു വ്യത്യസ്തമായി, പഴയ നിയമവും പുതിയ നിയമവും പഠിപ്പിക്കുന്നത് കഷ്ടതയാൽ ശുദ്ധീകരിക്കപ്പെടുന്നു എന്നാണ്. അത് "അച്ചടക്കം" ആയിട്ടാണ് വാക്യം 21 പറയുന്നത്. കഷ്ടത വരുമ്പോൾ അത് ദൈവത്തിന്റെ അച്ചടക്കം തന്നെയാണെന്ന് നമുക്ക് എങ്ങനെ ഉറപ്പിക്കാം? വ്യക്തിപരമായ വെളിപ്പാട് ഇന്ന് ലഭ്യമല്ലാത്തതിനാൽ കൃത്യമായി നമുക്ക് അറിയില്ല. പ്രശ്നങ്ങൾ അച്ചടക്കം പോലെ നല്ലതിനാണെന്ന് നാം വിശ്വസിച്ച് സ്വീകരിക്കുന്നു. നമ്മുടെ ജീവിതത്തിലേക്ക് പിന്തിരിഞ്ഞു നോക്കിയാൽ, നേരിട്ട പോരാട്ടങ്ങൾ നമ്മുടെ ആത്മിയ ക്ഷേമത്തിനായിരുന്നു എന്നു മനസിലാക്കുവാൻ സാധിക്കും. തീർച്ചയായും, എല്ലാ സാഹചര്യത്തിലും ദൈവം നമ്മോടുകൂടെയുണ്ടായിരുന്നു എന്നതാണ് പരമാർത്ഥം.

**തെറ്റായ ശിക്ഷ (12:9-11)**

"വടിയെടുക്കാത്തവൻ കുട്ടിയെ നശിപ്പിക്കുന്നു" എന്നത് ബൈബിൾ പ്രസ്താവനയല്ല, പക്ഷെ ആ ആശയം അന്തർലീനമാക്കിയിരിക്കുന്നു: "ബാലന് ശിക്ഷ കൊടുക്കാതിരിക്കരുത്; വടി കൊണ്ട് അടിച്ചാൽ അവൻ ചത്തുപോകയില്ല. വടികൊണ്ട് അവനെ അടിക്കുന്നതിനാൽ നീ അവന്റെ പ്രാണനെ പാതാളത്തിൽനിന്നു വിടുവിക്കും" (സദൃശ. 23:13, 14). ശത്രുതാ മനോഭാവത്തിൽ ശിക്ഷിക്കുന്ന മാതാപിതാക്കൾ കാണാം, ബൈബിൾ അതിനെ വിലക്കിയിരിക്കുകയാണ് (സദൃശ. 19:18). ഫലപ്രദമായി എങ്ങനെ ഉത്തേജിപ്പിക്കണമെന്നും എങ്ങനെ ശിക്ഷിക്കണമെന്നും സ്നേഹിക്കുന്ന ഒരു പിതാവിന് അറിയാം. ശരിയായി അച്ചടക്കം വരുത്തുന്ന അമ്മയപ്പന്മാർ ധാരാളമായി അവരെ പുകഴ്ത്തുകയും ഉത്തേജിപ്പിക്കുകയും ചെയ്യും. ഇന്നു നമ്മുടെ സമൂഹത്തിൽ കാണുന്ന അക്രമങ്ങൾക്കും കുറ്റകൃത്യങ്ങൾക്കും കാരണം അവരെ

ബാല്യത്തിൽ അച്ചടക്കത്തോടെ വളർത്തിയില്ല എന്നതാണ്.

**“ദണ്ഡനമല്ല, അച്ചടക്കം” (12:9-11)**

കാൽവിനിസം എന്ന ഉപദേശം സ്വീകരിച്ചിരിക്കുന്നവർ പറയുന്നത് “ദൈവം തന്റെ പൈതലിനെ അച്ചടക്കം വരുത്തും, അല്ലാതെ ദണ്ഡിപ്പിക്കുകയില്ല, കാരണം അവന് അത് ചെയ്യുവാൻ കഴിയുകയില്ല.” ദൈവത്തിന്റെ കരുണയും സ്നേഹവും മാത്രം പ്രദർശിപ്പിക്കുന്നവർ (റോമ. 8:33 ലേതുപോലെ) ശിക്ഷണം മാറ്റി വെക്കുകയും അവസാനം “ഛേദിക്കപ്പെടുകയും” ചെയ്യും (റോമ. 11:22). “കൃപ എല്ലാം നീക്കിക്കൊള്ളും” എന്നു പറയുന്നവർ എബ്രായ ലേഖനം 6:4-6 ലേയും 10:26-29 ലേയും ഉപദേശം ലംഘിക്കുകയാണ്.

ദാവീദ് മരിച്ചുപോകാതിരിക്കുവാൻ, അവന്റെ പാപം അവനോട് ക്ഷമിച്ചു, പക്ഷെ അവന്റെ പാപത്തിന്റെ അനന്തരഫലമായി അനേക വിപത്തുകൾ അവൻ അനുഭവിക്കേണ്ടതായി വന്നു (2 ശമു. 12:11-15; ഗലാ. 6:7). അവന്റെ കുട്ടി മരിച്ചു, അംനോൻ താമാറിനെ മാനഭംഗപ്പെടുത്തി, അബ്ശലോം അംനോനെ കൊന്നു, അബ്ശലോം ദാവീദിനെ സിംഹാസനത്തിൽനിന്നും ഓടിച്ചു, പിന്നെ അബ്ശലോമിനേയും കൊന്നു.

പല വിശ്വസ്തരായ വിശുദ്ധന്മാരും വളരെയധികം കഷ്ടതകൾ ഏറ്റിരുന്നു. ചിലർ അവർക്ക് നേരിട്ട കഷ്ടങ്ങളാൽ കീഴ്പ്പെടുവാൻ ശീലിച്ച് താഴ്മയുള്ളവരായി തീർന്നു. നിങ്ങൾക്ക് കഷ്ടമേൽക്കുവാനുള്ള സമയം വരുമായിരിക്കാം. സൂര്യൻ പ്രകാശം നൽകുന്നത് നീതിമാന്മാർക്ക് വേണ്ടി മാത്രമല്ല. ജീവിതത്തിൽ നിരപരാധികളും കുറ്റവാളികളും കഷ്ടതയേൽക്കും. ഈ വേദഭാഗം പെട്ടെന്നോ അല്ലെങ്കിൽ പിന്നീടോ ഓരോ വ്യക്തിയെയും ബാധിക്കും. ദൈവത്തിന്റെ ഏകജാതനായ മകൻ പാപം കൂടാതെ ജീവിച്ചു എങ്കിലും, കഷ്ടത കൂടാതെ ആയിരുന്നില്ല.

**ക്രിസ്ത്യാനിത്വവും സന്തോഷവും (12:11)**

കർത്താവിൽ തങ്ങൾ എത്ര സന്തുഷ്ടരാണ് എന്ന് ചില മത വിഭാഗക്കാർ പറയുന്നതു കേൾക്കാം. വിചാരപ്പെടാതെ ജീവിതം സന്തോഷകരമായിട്ടാണ് അവർ ജീവിതത്തെ കാണുന്നത്. തീർച്ചയായും, നമ്മുടെ കർത്താവ് നമ്മെ “അനുഗ്രഹിക്കുവാൻ” ആഗ്രഹിക്കുന്നു (മത്താ. 5:3-11). ചില ആളുകൾ അതിനെ “സന്തോഷം” ആയിട്ടാണ് വ്യാഖ്യാനിക്കുന്നത്, പക്ഷെ അത് അർത്ഥം വലിച്ചു നീട്ടലാകും. ജീവിതത്തിൽ, ഭാരമോ പ്രയാസമോ, ദുഃഖമോ ഇല്ലാതെ എപ്പോഴും പുഞ്ചിരി മാത്രമായിരിക്കുമെന്നത് പൊള്ളയായ മത വിശ്വാസമാണ്. അത്തരം ചിന്തകൾ വെച്ച്, ഇടവകയെ സന്തോഷിപ്പിക്കുന്നതിനും മറ്റുള്ളവരെ ആകർഷിക്കുന്നതിനും ഞങ്ങൾക്ക് “എപ്പോഴും ആഘോഷമാണ്” എന്ന് ചില സഭകൾ പറഞ്ഞു കേൾക്കാറുണ്ട്. വാസ്തവത്തിൽ സന്തോഷമില്ലാത്തപ്പോൾ സന്തോഷമാണെന്ന് പറഞ്ഞ് ആളുകൾ സ്വയം വഞ്ചിക്കപ്പെടുകയാണ്.

ആത്മിയമായ നമ്മുടെ ദാരിദ്ര്യത്തെ സമ്മതിച്ച് അതുമൂലം ദുഃഖിക്കുമ്പോഴാണ് നാം അനുഗ്രഹിക്കപ്പെടുന്നത് (മത്താ. 5:3, 4). നമ്മുടെ ക്രൂശ് എടുക്കുവാൻ ശീലിക്കുമ്പോഴാണ് അത് വരുന്നത് (മത്താ. 16:24). നാം ഇപ്പോഴാണ് കരയേണ്ടത്: “ഇപ്പോൾ തൃപ്തന്മാരായിരിക്കുന്ന നിങ്ങൾക്ക് അയ്യോ കഷ്ടം; നിങ്ങൾക്ക് വിശക്കും, ഇപ്പോൾ ചിരിക്കുന്നവരായ നിങ്ങൾക്ക് അയ്യോ കഷ്ടം; നിങ്ങൾ ദുഃഖിച്ചു കരയും” (ലൂക്കൊ. 6:25). ദൈവം അനുവദിക്കുന്ന എല്ലാ

ശിക്ഷയെയും നോക്കുമ്പോൾ, സന്തോഷിക്കുവാൻ വളരെ കുറച്ചു മാത്രമെ കാണുകയുള്ളു. തീർച്ചയായും, തെറ്റായ ഒരു തരം രോഗ സൂചനയുണ്ട്. ചില ആളുകൾ ദുഃഖം നടിച്ച് കൂടുതൽ ഭക്തിയുള്ളവരാണെന്ന് കാണിക്കും, പക്ഷെ അതും വാസ്തവത്തിലുള്ള ക്രിസ്ത്യാനിത്വം അല്ല.

"അച്ചടക്കം ... സന്തോഷകരമായിട്ടല്ല, ദുഃഖകരമായിട്ടത്രെ തോന്നുന്നത്" (എബ്രാ. 12:11), നാം സന്തോഷകരമായി കാണപ്പെടണം എന്നാണ് നമ്മുടെ വിചാരം. തികച്ചും നീതിമാന്മാരാകുവാൻ നമുക്ക് കഴിഞ്ഞാൽ, ദൈവം അതാണ് നമ്മിൽനിന്നു പ്രതീക്ഷിക്കുന്നത്, എന്നാൽ ഏറ്റവും മഹത്തായ ആത്മിയ പ്രയോജനം ലഭിക്കുന്നത് താൽക്കാലികമായ കഷ്ടതകളിൽ കൂടെയാണ് എന്ന് അവന് അറിയാം.

താൽക്കാലികമായ കഷ്ടതയ്ക്കപ്പുറമായി ദൈവത്തിൽനിന്ന് ലഭിക്കുവാനിരിക്കുന്ന നിത്യ സന്തോഷത്തെ തിരിച്ചറിയുമ്പോഴാണ് ഏറ്റവും വലിയ നിലനിൽക്കുന്ന സന്തോഷമായി പരിണമിക്കുന്നത് (2 കൊ. 4:16, 17). ആദ്യമായി, നമുക്ക് ചുറ്റുമുള്ള ലോകത്തിലെ "പാപപങ്കിലമായ" ("അതിരു കവിഞ്ഞ"; ഏഎസ്‌വി) പ്രവൃത്തികൾ നമ്മെ കീഴ്പ്പെടുത്താതിരിക്കുവാൻ നാം ശ്രമിക്കണം (റോമ. 7:13). ഇത് കൂടാതെ സന്തോഷപ്രദമായ അന്തിമരക്ഷയിലേക്ക് പോകുന്നത് അസാധ്യമാകുന്നു. മനോഗുണങ്ങൾ പഠിപ്പിക്കുമ്പോൾ, യേശു "ദുഃഖത്തെ" ആദ്യം പറയുവാനുള്ള കാരണം ഇതു തന്നെയാണ് (മത്താ.5:4).

കഷ്ടനഷ്ടങ്ങളെ ഓർത്ത് ദുഃഖിച്ചു കരയുന്നത് ഒരു ബലഹീനതയായി നാം കാണരുത്, എന്നാൽ നാം "പ്രത്യാശയില്ലാത്തവരെ പോലെ ആകരുത്" (1 തെസ്സ. 4:13). താഴ്മയുള്ള മക്കളായി വളരുവാൻ ആവശ്യമായ ശിക്ഷണം ലഭിക്കുമ്പോൾ അനുഭവപ്പെടുന്ന വേദന ബലഹീനതയല്ല. കഷ്ടതക്ക് ശേഷം ഫലം കൊയ്യുവാനുള്ള സന്തോഷമാണ് വരുന്നത്.

തോന്നുന്നതുപോലെ ആയിരിക്കുകയില്ല കാര്യങ്ങൾ എന്നതാണ് പ്രശ്നം വർത്തമാന കാല കഷ്ടതങ്ങൾ ആനന്ദാഭിലാഷത്തിലേക്കും ആഘോഷത്തിലേക്കും തിരിയും എന്നല്ല എബ്രായ ലേഖകൻ പറഞ്ഞത്, മറിച്ച് അതിനു ശേഷം "സമാധാന ഫലം" അനുഭവിക്കും എന്നാണ് (12:11). വിശ്വാസത്തിലെ നമ്മുടെ പരീക്ഷണത്തിനു ശേഷം ശാന്തതയും സമാധാനവും ആയിരിക്കും അനുഭവപ്പെടുക. അതെത്ര മനോഹര ഫലം ആയിരിക്കും! പിന്നെ, വിശ്വാസത്താൽ, ആ സമാധാനം പ്രശ്നങ്ങൾ കെടുക്കാതെ നാം നോക്കും.

**ഈ ലോകത്തിലെ മൂന്നു ബന്ധങ്ങൾ (12:14–17)**

ക്രിസ്ത്യാനി പിന്തുടരേണ്ട മൂന്നു വിലയേറിയ ബന്ധങ്ങളെ ആണ് ഈ പുസ്തകം നമ്മോട് പറയുന്നത്. ആദ്യമായി, നമുക്ക് *ദൈവത്തോട് "വിശുദ്ധീകരണ" ബന്ധം* ലഭിക്കും (വാ. 14). പൂർണ്ണ വിശുദ്ധൻ ദൈവം മാത്രമാണ്, ആകയാൽ ഇത് അവനോടുള്ള ബന്ധത്തിന്റെ സത്തയായിരിക്കണം. "വിശുദ്ധി," "വിശുദ്ധീകരണം," എന്നെല്ലാം പറയുന്നതിന്റെ അർത്ഥം, "വ്യത്യസ്തരാകുക," "വേറിട്ടിരിക്കുക" എന്നാണ്, അല്ലെങ്കിൽ "തികവുള്ളവരാകുക." "ഞാൻ വിശുദ്ധനാകയാൽ നിങ്ങളും വിശുദ്ധരാകുവിൻ" എന്ന കൽപന (1 പത്രൊ. 1:14, 15).[59] ആയിരിക്കാം ബൈബിളിലെ ഏറ്റവും വിഷമമുള്ളത്. നാം എങ്ങനെ വിശുദ്ധരാകും? നമ്മുടെ ജീവിതം ദൈവേഷ്ടത്തോട് പറ്റിച്ചേരുന്നതിൽകൂടെ.

രണ്ടാമതായി, നാം മറ്റുള്ളവരോട് *സമാധാനം ആചരിക്കണം* (വാ. 14). അത്തരത്തിൽ നാം ക്രിസ്തുവിന് പുറത്തുള്ളവരോട് ബന്ധപ്പെട്ടാൽ, അവർ

ക്രിസ്തുവിലേക്ക് സ്വാധീനിക്കപ്പെടും (റോമ. 12:18). രണ്ട് പേർ വേണം വഴക്കിടുവാൻ; നാം സമാധാനത്തിനായി ശ്രമിച്ചാൽ പൊള്ളയായ വാദഗതി ഉയർത്തുകയില്ല. എല്ലാ അദ്ധ്യക്ഷസ്ഥാനത്തും ഒരാളെങ്കിലും സമാധാനം കാംക്ഷിക്കുന്നതായി കാണപ്പെടണം. തീർച്ചയായും ഓരോ മൂപ്പനും അങ്ങനെ ആയിരിക്കണം-ഓരോ ക്രിസ്ത്യാനിയും-ദൈവത്തിന്റെ സത്യത്തിന് വിട്ടുവീഴ്ച്ച ചെയ്യാതെ ജീവിക്കുകയും വേണം; എന്നാൽ സത്യത്തെ സ്നേഹിക്കുന്നതോടൊപ്പം തെറ്റിപ്പോയവരെ കുറിച്ചുള്ള വിചാരവും വേണം.

മൂന്നാമതായി, "ആരും കൃപയിൽനിന്നു വീണുപോകാതിരിപ്പാൻ" നമ്മുടെ *സഹ ക്രിസ്ത്യാനികളെ നാം സഹായിക്കുവാൻ* നോക്കണം (വാ. 15). മറ്റു ക്രിസ്ത്യാനികളുടെ ഭാരം നാം ചുമക്കണം (ഗലാ. 6:2). ദൈവ ജനം എന്ന നിലയിൽ ഈ മൂന്നു ബന്ധങ്ങളെ ആശ്രയിച്ചായിരിക്കും നാം വിജയിക്കുന്നത്.

**ഏശാവ് ദുർന്നടപ്പുകാരനും അഭക്തനുമായ മനുഷ്യൻ (12:15-17)**

ഭൗതികമായ ആഹാരത്തിനായി അവൻ തന്റെ ആത്മിയമായ കരുതൽ നഷ്ടമാക്കിയതിനാലായിരുന്നു ഏശാവ് അഭക്തനായി തീർന്നത്. എബ്രായ ക്രിസ്ത്യാനികൾ ആ സമയത്ത് ഉപദ്രവങ്ങളാലുള്ള അസ്വസ്ഥത നിമിത്തം ദൈവത്തിന്റെ വാഗ്ദാനങ്ങളെ വിട്ടുകളഞ്ഞേക്കാവുന്ന അവസ്ഥയിലായിരുന്നു.

സ്പഷ്ടമായും ഏശാവ് ("ദുർന്നടപ്പുകാരൻ" ആയിരുന്നു; എൻകെജെവി). അവന്റെ മോഹമാണ് അവനെ തുടർച്ചയായി അധഃപ്പതനത്തിലേക്ക് നയിച്ചത്. മോശെക്ക് സിനായ് പർവ്വതത്തിൽ വെച്ച് ന്യായപ്രമാണം കൊടുത്തപ്പോൾ ദൈവം നൽകിയതായിരുന്നു "നീ വ്യഭിചാരം ചെയ്യരുത്" എന്നത് (പുറ. 20:14). ഏതു തരത്തിലായാലും ലൈംഗിക ബന്ധം നടന്ന, വ്യഭിചാരത്തെ ഒരിക്കലും ന്യായീകരിക്കാവുന്നതല്ല. വിലക്കിയ പരിശീലന വാക്കാണ് *പോർണെയിയാ*, അതിൽ എല്ലാ വിധത്തിലുള്ള അവിശുദ്ധ ലൈംഗിക വേഴ്ച്ചയും ഉൾപ്പെടുന്നു: വേശ്യാവൃത്തി, രക്തബന്ധമുള്ളവർ തമ്മിലുള്ള ലൈംഗിക വേഴ്ച്ച, സ്വവർഗരതി, വിവാഹത്തിനപ്പുറമായി, ഭിന്ന വർഗത്തിലുള്ളവർ തമ്മിലുള്ള വേഴ്ച്ച എന്നിവയാണ് അവയിൽ ചിലത്. ചില വെർഷനിൽ "ലൈംഗിക അധാർമ്മികത്വം" അല്ലെങ്കിൽ "ദുർന്നടപ്പ്" എന്നാണ് പറഞ്ഞിരിക്കുന്നത്. കെജെവിയിൽ ഇരുപതിലധികം പ്രാവശ്യം "ദുർന്നടപ്പ്" എന്നാണ്. എൻഏഎസ്ബിയിൽ മത്തായി 5:32 ൽ "അവിശുദ്ധമായ" എന്നും മത്തായി 19:9 ൽ "ദുർന്നടപ്പ്" എന്നുമാണ്.

"രണ്ടുപേരും സമ്മതിച്ചുകൊണ്ടാണ്" എന്നു പറഞ്ഞ് ചിലർ ദുർന്നടപ്പിനെ ന്യായീകരിക്കുന്നുണ്ട്. സത്യസന്ധതയില്ലാത്ത ബാങ്ക് ജോലിക്കാരൻ കവർച്ചക്കാരനുമായി പറഞ്ഞു സമ്മതിച്ച് ബാങ്ക് കവർച്ച ചെയ്താൽ അത് കവർച്ചയല്ലാതാകുന്നില്ല. ദുർന്നടപ്പ് സംഭവിക്കുമ്പോഴെല്ലാം ആരെങ്കിലും ഒരാൾ വഞ്ചിക്കപ്പെടുകയാണ് ചെയ്യുന്നത്. അത് ഒരു വസ്തുതയായി പൗലൊസ് പറഞ്ഞിരിക്കുന്നു (1 തെസ്സ. 4:3-8). അത് രണ്ട് പേർക്കും ഉപദ്രവകരമല്ലെങ്കിലും, നീതിമാന്റെ ആത്മാവിനെ ദൈവം വിശുദ്ധമായി കാണുവാൻ ആഗ്രഹിക്കുന്നു. ദൈവരാജ്യത്തിൽ ഉയർന്ന നിലവാരം പുലർത്തുവാൻ കഴിയാതെ അംഗവൈകല്യമുള്ള വ്യക്തിയായി തീരും. മാനസാന്തരപ്പെട്ടാൽ, ദൈവത്തിന് അത് ക്ഷമിക്കുവാൻ കഴിയുമെങ്കിലും അതിന്റെ അനന്തരഫലം ദാവീദിനെ പോലെ അവനെ പിന്തുടരും (2 ശമു. 12 നോക്കുക). വ്യഭിചാരം

പാപമാണെന്ന് യോസേഫ് തിരിച്ചറിഞ്ഞ് പൊത്തിഫേറിന്റെ ഭാര്യയിൽനിന്ന് അവൻ ഓടിപ്പോകുകയായിരുന്നു (ഉല്. 39:9). ഒരാളുടെ ശരീരത്തിന് എതിരായും ദൈവത്തിന് എതിരായുമുള്ള പാപമാണ് അത് (1 കൊ. 6:18) സഭക്ക് എതിരെയും വിവാഹത്തിന് എതിരെയും, നശിപ്പിക്കുന്നതുമായതിനാലത്രെ ദൈവം വിവാഹമോചനം പോലും അനുവദിച്ചത് (മത്താ. 19:9). അത് ഒരു ദേശത്തിന്റെ ക്ഷേമത്തിനും ആത്മാവിനു തന്നെയും എതിരാണ് (സദൃശ 6:32).[60]

**ഏശാവ് കണ്ണുനീരോടുകൂടെ മാനസാന്തരപ്പെട്ടു (12:17)**

ഒരുപക്ഷെ ഏശാവ് കഠിന ദുഃഖത്തോടെ പൊട്ടിക്കരഞ്ഞ് അപേക്ഷിച്ചു കാണും, പക്ഷെ അവന്റെ അപേക്ഷ നിരസിക്കപ്പെട്ടു. എന്നാൽ "ഭയഭക്തി മൂലം യേശുവിന്റെ അപേക്ഷ സ്വീകരിച്ച" അന്തരം നോക്കുക (എബ്രാ. 5:7) ഗദ്ശെമന തോട്ടത്തിൽ അവൻ കണ്ണുനീരോടുകൂടൊയിരിക്കാം അപേക്ഷിച്ചത് (ലൂക്കൊ. 22:44). യേശുവിന്റെ പ്രാർത്ഥന കേൾക്കുകയും (ഉത്തരം നൽകുകയും) ചെയ്തു. ഏശാവും യേശുവും കരഞ്ഞിരുന്നു; എന്നാൽ യേശുവിന്റേത് പ്രാർത്ഥനക്കുത്തരം നൽകുവാൻ കഴിയുന്ന സർവ്വശക്തനോടുള്ള ഭയഭക്തിയോടെയായിരുന്നു. എന്നാൽ ഏശാവ് പ്രാർത്ഥിച്ചത് തന്റെ സ്വാർത്ഥമോഹത്തിനായിരുന്നു. ചിലപ്പോൾ "എന്തുകൊണ്ടാണ് എന്റെ പ്രാർത്ഥനക്ക് ദൈവം മറുപടി നൽകാത്തത്?" എന്ന ചോദ്യത്തിന് ഉത്തരം ഇതായിരിക്കും (4:2, 3).

**ഇടി, തീ, അന്ധകാരം, ചുഴലിക്കാറ്റ് (12:18–21)**

സിനായ് പർവ്വതത്തിൽ ഭയപ്പെടുത്തുന്ന കാഴ്ച്ചകളും ശബ്ദവുമായിരുന്നു സംഭവിച്ചത്. ആളുകൾ അന്നുമുതൽ ദൈവത്തിങ്കലേക്ക് ശ്രദ്ധിക്കുന്നതിനായിരുന്നു അവയെല്ലാം. ഇടി, തീ, അന്ധകാരം, കൊടുങ്കാറ്റ് എന്നിവ മരണഭയം പുറപ്പെടുവിക്കുന്നവയായിരുന്നു. പഴയനിയമത്തെ "മരണ ശുശ്രൂഷ" എന്നു വിളിച്ചതിൽ അതിശയിക്കുവാനില്ല (2 കൊ. 3:7)! പാപത്തിന്റെ ഫലം മരണമാണെന്നും അത് കാണിക്കുന്നു. മോശെ പോലും വിറെച്ചുപോയി (വാ. 21).

ആ നാശത്തെ കുറിച്ചെല്ലാം ലേഖകൻ തന്റെ എബ്രായ വായനക്കാരോട് പറയുവാനുള്ള കാരണം എന്താണ്? യെഹൂദന്മാർ സിനായ് പർവ്വതത്തിലേക്കു വന്നതും (അവരുടെ മുൻഗാമികളാൽ) ക്രിസ്ത്യാനികൾ ക്രിസ്തുവിലേക്ക് വന്നതും തമ്മിലുള്ള അന്തരമാണ് ലേഖകൻ അതിൽകൂടെ പ്രദർശിപ്പിക്കുന്നത്. മുൻപ് ആത്മിയമായി ശൈശവപ്രായത്തിലായിരുന്നപ്പോൾ, ദൈവം പാപത്തെയും അതിന്റെ അനന്തരഫലത്തെയും ഊന്നി പറഞ്ഞിരുന്നു (ഗലാ. 3:19). പുതിയ നിയമം വ്യത്യാസമുള്ളതാണ്.

ബാഹ്യ പ്രദർശനത്താൽ നൽകിയ പഴയ നിയമം അതിന്റെ പ്രാധാന്യത്തെ പ്രതിഫലിപ്പിക്കുകയാണ്-പാപത്തെ കുറിച്ച് ആളുകളെ പഠിപ്പിക്കുകയാണ്-അത് എങ്ങനെ പ്രവർത്തിക്കുന്നു, അത് എങ്ങനെ ഒഴിവാക്കാം എന്നിവയാണ്. പഴയ നിയമത്തിന്റെ മുഖ്യ ഉദ്ദേശം, എങ്ങനെ ദൈവത്തെ അനുസരിക്കാം എന്നതാണ്. പുതിയ നിയമത്തിന്റെ മുഖ്യ ലക്ഷ്യം ക്രിസ്തുവിനെ എങ്ങനെ അനുസരിക്കാമെന്ന് കാണിക്കുകയാണ്. അനേകം ജാതികളിൽ നിന്നു പരിവർത്തനം ചെയ്ത സഭയോട് പൗലൊസ് പറഞ്ഞു, "ന്യായപ്രമാണം ക്രിസ്തുവിലേക്ക് നടത്തുന്ന ശിശുപാലകനായി തീർന്നു" (ഗലാ. 3:24). അത് അമ്പരപ്പിക്കുന്ന സത്യമായിരുന്നു: ക്രിസ്തുവിലേക്ക് എങ്ങനെ വരാമെന്ന് നാം പഠിക്കുന്നത് ദൈവത്തിന്റെ ആദ്യ പുസ്തകത്തിൽനിന്നാണ്! ദൈവത്തിന്റെ

ഭയങ്കരത്വമാണ് പഴയ നിയമം വെളിപ്പെടുത്തുന്നത്, അവൻ അവിശ്വസ്തരോട് എന്തു ചെയ്തു, നാം അവിശ്വസ്തരായാൽ അവൻ നമ്മെ എന്തു ചെയ്യുമെന്നും കാണിച്ചുതരുന്നു. ന്യായപ്രമാണം അതിന്റെ ഉദ്ദേശം നിറവേറ്റി. എന്നാൽ അതിനേക്കാൾ മികവുള്ള ഒന്നാണ് നമുക്ക് നൽകിയിരിക്കുന്നത്.

**നമ്മുടെ ദൈവം ഭയങ്കര ദൈവമാണ് (12:18–24)**

ഏതൊരു ആത്മാവിനേയും ഭയപ്പെടുത്തുന്ന കാഴ്ച്ചയായിരുന്നു പർവ്വതത്തിനു ചുറ്റും സംഭവിച്ച ഇടിമിന്നലും, അന്ധകാരവും. ചുഴലിക്കാറ്റും. ഭൂമികുലുക്കം സംഭവിച്ചപ്പോഴെല്ലാം അത് ആളുകളെ അതിശയിപ്പിക്കയും ഭയപ്പെടുത്തുകയും ചെയ്തിരുന്നു. എവിടേക്കും പോകുവാനില്ല, ഒളിക്കുവാൻ സ്ഥലവുമില്ല, അതിനെ നിർത്തുവാനും സാധ്യമല്ല. ഭൂമികുലുക്കം ദൈവത്തിന്റെ പ്രവൃത്തിയാണെന്ന് പൂർവ്വികർ വിശ്വസിച്ചതിൽ അതിശയിക്കുവാനില്ല! കാഹളത്തിന്റെ മുഴങ്ങുന്ന ശബ്ദവും, കൊടുങ്കാറ്റും, പർവ്വതത്തിൽ ആരും തൊടരുത് എന്ന മുന്നറിയിപ്പും കൂടുതൽ ഭയമുളവാക്കി. “ഞാൻ ഭയന്നു വിറെച്ചുപോയി” എന്നു മോശെ പോലും പറഞ്ഞു (വാ. 21).

ഇവയെല്ലാം സംഭവിച്ചത് എന്തിന്? ദൈവത്തോടും അവന്റെ പ്രമാണങ്ങളോടും ഭയഭക്തി ഉണ്ടാകുവാനും, പാപത്തിനെതിരായ അവന്റെ ഭയങ്കര ന്യായവിധി ജനങ്ങൾ അറിയുവാനും, ഭയം നിമിത്തം അവന്റെ കൽപനകളെല്ലാം ആളുകൾ അനുസരിക്കുന്നതിനും ആയിരുന്നു. നഷ്ടപ്പെട്ടു എന്നു മനസിലാക്കുന്നവർക്ക് ദൈവത്തിന്റെ ശിക്ഷ ഭയങ്കരമായിരിക്കുമെന്നു കൂടെ ഇത് വ്യക്തമാക്കുന്നു. അവർ തങ്ങളുടെ ജീവിതാവസാനം വരെ അങ്ങനെ വലിച്ചു നീട്ടും. ദൈവത്തിന്റെ അസ്തിത്വത്തെ പിന്നീട് മനസിലാക്കുന്ന പല നിരീശ്വരവാദികൾക്കും മരിക്കുന്ന സമയത്ത് വിഭ്രാന്തിയാണ് അനുഭവപ്പെടുന്നത്. അനേകം വർഷങ്ങൾ പാപത്തിന്റെ ചതിയാൽ ഹൃദയം കഠിനപ്പെടുത്തിയിട്ട് മരിക്കാറാകുമ്പോൾ, തിരിയുവാനുള്ള അവസരത്തിനായി ദാഹിക്കുന്നവർ ധാരാളം ലോകത്തിലുണ്ടായിട്ടുണ്ട്. ജീവനുള്ള ദൈവത്തിന്റെ കയ്യിൽ വീഴുന്നത് ഭയങ്കരം (10:31).

**നാം ക്രിസ്തുവിലും അവന്റെ സഭയിലുംആണ് വന്നിരിക്കുന്നത് (12:22–24)**

തൊടുവാനോ കാണുവാനോ കഴിയാത്ത ഭയമില്ലാത്ത ആത്മിയ പർവ്വതത്തിലേക്കാണ് ക്രിസ്ത്യാനികൾ വന്നിരിക്കുന്നത്. ഇനി ഒരിക്കലും ദൈവത്തിന്റെ അടുക്കൽ വരുവാൻ ഭയപ്പെടേണ്ട ആവശ്യമില്ല (4:15, 16). ക്രിസ്തുവിൽ നാം വന്നിരിക്കുന്ന മഹത്വത്തെ നമുക്ക് ഊഹിക്കുവാൻ പോലും കഴിയുകയില്ല. ശബ്ദമുഖരിതമായ അന്തരീക്ഷത്തിലേക്കല്ല, മറിച്ച് ശാന്തവും, ആത്മിയവുമായ നഗരത്തിലേക്കാണ്. കാലാകാലങ്ങളായുള്ള വിശുദ്ധന്മാർ അവിടെയുണ്ട്, നാം അവരോട് ചേരുകയാണ്. ദൈവരാജ്യത്തിലേക്ക് പ്രവേശിച്ചിരിക്കയാൽ, നമ്മുടെ പേർ സ്വർഗത്തിൽ എഴുതിയിരിക്കുകയാണ്. നമുക്ക് ലഭിച്ചിരിക്കുന്ന അനുഗ്രഹങ്ങൾ എണ്ണുവാൻ ഒരു മനുഷ്യനോ ദൂതന്മാർക്കോ കഴിയുകയില്ല: “അവരുടെ എണ്ണം പതിനായിരം പതിനായിരവും ആയിരം ആയിരവും ആയിരിക്കും” (വെളി. 5:11).

നമ്മുടെ പേർ എഴുതിയിരിക്കുന്നത് എങ്ങനെയാണ്? നമുക്ക് കാണുവാൻ കഴിയാത്ത ദൈവത്തിന്റെ അടുക്കൽ നമുക്ക് എങ്ങനെയാണ് എത്തുവാൻ കഴിയുക? നാം യേശുവിന്റെ അടുക്കൽ വന്നിരിക്കുന്നു, ഇപ്പോൾ അവൻ

നമ്മോടുകൂടെ ഉണ്ട്; എന്നാൽ അത് വിശ്വാസത്താലാണ്. അവന്റെ സാമീപ്യം ബൈബിളിൽ രേഖപ്പെടുത്തിയിരിക്കുന്നത്, നാം വിശ്വസിക്കണം. നാം ജീവിക്കുന്നത് വെളിച്ചത്തിലാണ്, അല്ലാതെ അജ്ഞതയുടെ അന്ധകാരത്തിലല്ല. ദൈവത്തെ കുറിച്ചും യേശുവിനെ കുറിച്ചും നമുക്ക് അറിയേണ്ടതെല്ലാം അവൻ വെളിപ്പെടുത്തിയിട്ടുണ്ട്.

ഇവയെല്ലാം സത്യമാണ്, കാരണം നാം ക്രിസ്തുവിലും, അവന്റെ ശരീരവും സഭയുമാകുന്ന രാജ്യത്തിൽ പ്രവേശിച്ചിരിക്കുകയാണ്. നാം വിശ്വാസത്താൽ, ക്രിസ്തുവിനോട് ചേരുവാൻ സ്നാനം ഏറ്റ സമയത്താണ് അതെല്ലാം സംഭവിച്ചത് (ഗലാ. 3:26, 27).

**സ്വർഗത്തിൽ പേരെഴുതിയിരിക്കുന്നു (12:23)**

ചിലരുടെ പേരുകൾ സ്വർഗത്തിൽ എഴുതിയിരിക്കുന്നതായി പൗലൊസ് അറിഞ്ഞിരുന്നു (ഫിലി. 4:3). ഒരുപക്ഷെ, 2 കൊരിന്ത്യർ 12:1-4 ൽ അവൻ കണ്ടതായ ദർശനത്തിൽ അവൻ അവരുടെ പേരുകൾ പുസ്തകത്തിൽനിന്നു വായിച്ചുകാണുമോ? പൗലൊസിന് വാക്കുകളാലായിരിക്കാം ദർശനം ലഭിച്ചത്, അല്ലെങ്കിൽ, യൂവൊദ്യ, സുന്തുകെ, ക്ലെമെന്റ് എന്നിവരെ അവന് വ്യക്തിപരമായി അറിയാമായിരുന്നേക്കാം. അവരുടെ വിശ്വാസ നടപ്പ് അവന് അറിയാമായിരുന്നതിനാൽ, അവരുടെ അന്തിമസ്ഥാനം ഉറപ്പിക്കുവാൻ കഴിഞ്ഞിരിക്കും. "മാർട്ടെൽ, നിങ്ങളുടെ പേർ സ്വർഗത്തിൽ എഴുതിയിരിക്കുന്നു" എന്നു പൗലൊസ് എന്നോട് പറഞ്ഞു കേൾക്കുന്നത് എത്ര സന്തോഷപ്രദമാണ്! ഏതു തരത്തിലുള്ള ഉറപ്പാണ് എന്ന് അറിയില്ലെങ്കിൽ [നമുക്ക്] വാഗ്ദാനം ചെയ്തിരിക്കുന്നത് "നിത്യജീവൻ" ആണ് (1 യോഹ. 5:13), നാം സുവിശേഷം അനുസരിച്ച് (മർ. 16:16; പ്രവൃ. 2:38) ഓരോ ദിവസവും ദൈവഹിതപ്രകാരം വിശുദ്ധ ജീവിതം നയിക്കണം.

**അന്തരം: ക്രിസ്ത്യാനികൾക്ക് ആഘോഷം (12:22-24)**

പുതിയ നിയമം ഭയമകറ്റി പകരം സന്തോഷമാണ് നൽകുന്നത്. കാരണം ക്രിസ്ത്യാനികളെ സിനായ് പർവ്വതത്തിലെ ഭയന്നു വിറക്കുന്നതിൽനിന്നു മോചിച്ചിരിക്കുകയാണ്:

> ജഡത്താലുള്ള ബലഹീനത നിമിത്തം ന്യായപ്രമാണത്തിന് കഴിയാഞ്ഞതിനെ (സാധിപ്പാൻ) ദൈവം തന്റെ പുത്രനെ പാപജഡത്തിന്റെ സാദൃശത്തിലും പാപം നിമിത്തവും അയച്ചു; പാപത്തിന്നു ജഡത്തിൽ ശിക്ഷ വിധിച്ചു. ജഡത്തെയല്ല ആത്മാവിനെയത്രെ അനുസരിച്ച് നടക്കുന്ന നമ്മിൽ ന്യായപ്രമാണത്തിന്റെ നീതി നിവൃത്തിയാകേണ്ടതിന്നു തന്നെ (റോമ. 8:3, 4).

പാപത്തിന് അടിമയാകുന്നതിനെ പ്രതിനിധീകരിക്കുന്ന പർവ്വതത്തിലേക്കല്ല *നാം വന്നിരിക്കുന്നത്* (ഗലാ. 4:21-26). അതിൽനിന്നു വ്യത്യസ്തമായി, സ്വർഗീയ യെരുശലേമായ ജീവനുള്ള ദൈവത്തിന്റെ നഗരമായ സിയോൻ പർവ്വതത്തിലാണ് *നാം വന്നിരിക്കുന്നത്.* സ്വർഗത്തിൽ പേരെഴുതിയിരിക്കുന്ന ആദ്യജാതന്മാരുടെ സഭയിൽ ആയിരമായിരം ദൂതന്മാരുടെ സഹായം ലഭിക്കുന്ന സ്ഥാനത്താണ് *നാം വന്നിരിക്കുന്നത്*, യേശുവിന്റെ ക്ഷണം സ്വീക

രിച്ചുകൊണ്ടുമാണ് (മത്താ. 11:28-30; വെളി. 22:17). പാപത്തിന്റെ അനന്തര ഫലത്തിൽനിന്നും നമ്മെ വിടുവിച്ചതിനാൽ, നാം മഹാ ന്യായാധിപതിയായ ദൈവത്തിന്റെ അടുക്കലാണ് നാം എത്തിയിരിക്കുന്നത്. കാലാകാലങ്ങളായി കുഞ്ഞാടിന്റെ രക്തത്താൽ വിശുദ്ധീകരണം പ്രാപിച്ചു തികഞ്ഞവരായ ആത്മാക്കളോടാണ് നാം സഭയിൽ ചേരുന്നത് (വെളി. 7:13, 14). ആ രക്തം വിളിച്ചു പറയുന്നത്, "നിങ്ങൾ ക്ഷമിക്കപ്പെട്ടിരിക്കുന്നു! എന്റെ രക്തം ഇപ്പോൾ നിങ്ങൾക്കു വേണ്ടി പ്രായശ്ചിത്തമായി അർപ്പിക്കപ്പെട്ടിരിക്കുന്നു" എന്നാണ്.

സഭയിൽ നമുക്കുള്ള അനുഗ്രഹങ്ങളെ എല്ലാം മനസിലാക്കുവാൻ കഴിഞ്ഞാൽ, നമുക്ക് ഓരോ ദിവസവും സന്തോഷിക്കുവാൻ കഴിയും. നാം "സ്വർഗീയ നഗരത്തിൽ" പ്രവേശിക്കാത്തതിനാൽ, ഈ അനുഗ്രഹങ്ങൾ ഭാവിയിൽ മാത്രമെ ലഭിക്കുകയുള്ളു എന്നാണ് ചിലർ കരുതുന്നത്. എങ്ങനെയായാലും, എബ്രായ ലേഖകൻ പറഞ്ഞതു, "*നിങ്ങൾ വന്നിരിക്കുന്നു ...*" എന്നാണ് (വ. 22; എംഫസിസ് ആഡഡ്). ഭൂമിയിലെ ശരീരത്തിലാണെങ്കിൽ പോലും, നമ്മുടെ പൗരത്വം സ്വർഗത്തിലായി കഴിഞ്ഞിരിക്കുന്നു (ഫിലി. 3:20). നമ്മുടെ രക്ഷിതാവിന്റെ പ്രത്യക്ഷതക്കായി നാം കാത്തിരിക്കുകയാണ്, പക്ഷെ അവന്റെ മഹത്വത്തിന്റെ ഒരു മിന്നായം നമുക്ക് ഇപ്പോൾ ലഭിച്ചിരിക്കുന്നു.

**അരുളിച്ചെയ്യുന്നവനെ നിരസിക്കരുത് (12:25)**

ദൈവം പഴയ നിയമത്തിൽ സംസാരിച്ചു; എന്നാലും പുതിയനിയമത്തിൽ അവൻ വളരെ ശക്തമായി, തന്റെ പുത്രൻ മുഖാന്തരം സംസാരിക്കുന്നു (1:1, 2). പഴയനിയമത്തിലെ ദൈവം തന്നെയാണ് പുതിയ നിയമകാലത്തുള്ളതും, എന്നാൽ വ്യത്യസ്തമായ രീതിയിലാണ് അവൻ സംസാരിക്കുന്നതെന്നു മാത്രം. ഈ പോയിന്റ് എബ്രായ ലേഖനത്തിലെ മുഖ്യ ചിന്തയാണ്. ദൈവത്തിൽനിന്നുള്ള ഒരു വാക്ക് പോലും അവഗണിക്കാവുന്നതല്ല. 12:25 ൽ സംസാരിക്കുന്നത് ആരാണെന്ന് തിരിച്ചറിയിക്കുന്നില്ലെങ്കിലും, സംസാരിക്കുന്നത് ദൈവം തന്നെയാണെന്ന് നിസംശയം പറയാം. അവന്റെ വചനം അനുസരിക്കാതെ അവഗണിച്ചാൽ ഗൗരവമേറിയ അനന്തരഫലം നാം അനുഭവിക്കേണ്ടി വരും. ദൈവശ്വാസിയ വക്താക്കളിൽ കൂടെ അവൻ സ്വർഗത്തിൽ നിന്നു സംസാരിക്കുന്നു, അങ്ങനെ അവർ ഒന്നാം നൂറ്റാണ്ടിൽ സംസാരിക്കുകയും എഴുതുകയും ചെയ്തു. അത്തരത്തിലുള്ള ദൈവിക സന്ദേശമാണ് എബ്രായ ലേഖനം; അതിന്റെ ഉറവിടത്തെയും, അധികാരത്തെയും, ഉപദേശത്തെയും നിരാകരിക്കുന്നവൻ നിത്യ ശിക്ഷാവിധി അനുഭവിക്കും.

2:3 ൽ ഒരു ചോദ്യം ചോദിച്ചിരിക്കുന്നു: "എങ്ങനെ നാം തെറ്റി ഒഴിയും ...?" "ഭൂമിയിൽ അരുളിച്ചെയ്തവനെ നിരസിച്ചവർ തെറ്റി ഒഴിയാതിരുന്നുവെങ്കിൽ, സ്വർഗത്തിൽനിന്നും അരുളിച്ചെയ്തവനെ എത്ര അധികം" എന്നതാണ് ഉത്തരം (12:25). ദൈവത്തിന്റെ അധികാരത്തെ തള്ളിക്കളയുന്നവർ തെറ്റി ഒഴിയുകയില്ല-അവർ നശിച്ചുപോകും.

സിനായ് പർവ്വതത്തിൽ വെച്ച് സംസാരിച്ച ഭയങ്കര ശബ്ദം രണ്ടാം വരവിന് "ഇനി കൂടുതൽ സമയം ഇല്ല!" എന്ന് അതി ശക്തമായി വിളിച്ചറിയിക്കുകയാണ്. കർത്താവിന്റെ വാക്ക് ഭൂമിയെ മുഴുവൻ ഇളക്കുവാൻ ശക്തമാണ് (വാ. 26-28). ഭാവി സംബന്ധമായ ന്യായവിധിയെ മുന്നറിയിച്ചു കഴിഞ്ഞു (9:27), വിശ്വാസ ത്യാഗത്തിന്റെ ഭയങ്കര ഫലത്തെയും മുന്നറിയിച്ചിരിക്കുന്നു (6:4-6; 10:26-29), കൂടാതെ ഇളക്കമുള്ള ലോകവും അവസാനിക്കും. സമയം

ആകുമ്പോൾ ദൃശ്യമായ ലോകമെല്ലാം നശിക്കും (2 പത്രൊ. 3:5–7, 10–13). ഇളക്കുവാനോ നീക്കം ചെയ്യുവാനോ കഴിയാത്ത നിത്യരാജ്യത്തിലേക്ക് നമ്മെ ചേർത്തിരിക്കുന്ന ദൈവത്തിന് സ്തോത്രം (12:28).

**നമ്മുടെ ദൈവം ദഹിപ്പിക്കുന്ന അഗ്നിയാണ് (12:28, 29)**

ദൈവത്തെ ശരിയായി ആരാധിക്കുന്നതിൽ മൂന്നു വകുപ്പുകളാണ് അടങ്ങിയിരിക്കുന്നത്: (1) സ്വീകാര്യമായ രീതിയിൽ അത് ദൈവത്തിന് അർപ്പിക്കുന്നതാണ്, (2) അത് ഭയ ഭക്തിയോടെയാണ് നൽകേണ്ടത്, (3) "ദഹിപ്പിക്കുന്ന അഗ്നിയായ" ദൈവത്തെ അതിശയിപ്പിക്കുന്ന രീതിയിലായിരിക്കണം അർപ്പിക്കുവാൻ. ആരാധന ദൈവത്തിന് സ്വീകാര്യമാകുവാൻ ദൈവത്തിന്റെ മാഹാത്മ്യത്തെ നമ്മുടെ ഹൃദയങ്ങളിൽ നാം അംഗീകരിക്കണം. ശരിയായി അവനെ മനസിലാക്കി ആരാധിക്കുവാൻ, അവന്റെ മാറാത്ത സ്വഭാവത്തെ നാം അംഗീകരിക്കണം. അവൻ നീതിമാനും പാപത്തെ ശിക്ഷിക്കുന്നവനുമാണ്.

നമുക്ക് എല്ലായ്പോഴും നൽകുന്ന ദൈവ കൃപയെ കുറിച്ച് കേൾക്കുന്നത് സന്തോഷം നൽകുന്ന കാര്യമാണ്, എന്നാൽ ദഹിപ്പിക്കുന്ന അഗ്നി നരകത്തെ കുറിച്ച് ഉപദേഷ്ടാക്കന്മാർ പ്രസംഗിക്കുന്നതിനെ നാം നിന്ദിക്കും. അത്തരം പ്രസംഗങ്ങൾ ഭയപ്പെടുത്തുന്നതും, അപരിഷ്കൃത കാലത്തേക്കുള്ളതുമാണെന്ന് ചിലർ വിചാരിക്കുന്നു. ഇന്നും ചില ആളുകൾ കരുതുന്നത് അന്തിമ ശിക്ഷ നിത്യമായിരിക്കുകയില്ല എന്നാണ്.

ഗന്ധകവും തീയും കത്തുന്ന നിത്യ നരകം നാം ഒഴിവാക്കുവാനാണ് എബ്രായ ലേഖനം നമ്മെ ഉണർത്തുന്നത്. ന്യായവിധിയെ കുറിച്ചും നരകത്തെ കുറിച്ചും സംസാരിക്കുന്നതും, അനുസരിക്കുവാൻ ഭയപ്പെടുത്തുന്നതും അന്യായമാണോ? അങ്ങനെയാണെങ്കിൽ എബ്രായ ലേഖകനായ ഉപദേഷ്ടാവ് അത് അറിഞ്ഞിട്ടില്ല. " 'നശിപ്പിക്കുന്ന അഗ്നി" എന്ന പ്രയോഗത്തിൽ (ടിഇൗവി) ഇവിടെയോ അല്ലെങ്കിൽ 10:27 ലോ 'ശുദ്ധീകരണത്തിന്' അല്ലെങ്കിൽ 'പരിശോധിക്കുന്നതിന്' ഉള്ള തീ ഉൾപ്പെടുന്നതായി പറയുന്നില്ല."[61] ദുഷ്ടാത്മാക്കളെ തുടർച്ചയായി ശിക്ഷിക്കുന്നതിനെ കുറിച്ചുള്ള പ്രസ്താവനയാണ് അത് (വെളി. 14:11; 20:10; 21:8).

---

കുറിപ്പുകൾ

[1]ഓട്ടപ്പന്തയത്തിന്റെ ചിത്രം പഴയ നിയമത്തിലും പുതിയ നിയമത്തിലും ഉപയോഗിച്ചിരിക്കുന്നു; എന്നാൽ പുതിയ നിയമത്തിൽ അത് കൂടുതലായി കാണാം, വിശേഷിച്ച് പൗലൊസിന്റെ ലേഖനങ്ങളിൽ (സങ്കീ. 119:32; 1 കൊ. 9:24; ഫിലി. 3:14; ഗലാ. 5:7; 2 തിമൊ. 4:7). [2]എഫ്. എഫ്.ബ്രൂസ്, *ദ എപ്പിസ്റ്റിൽ ടു ദ ഹീബ്രൂസ്, ദ ന്യൂ ഇന്റർനാഷ്ണൽ കമെന്ററി ഓൺ ദ ന്യൂ ടെസ്റ്റമെന്റ്* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1964), 347. [3]ബ്രുക്ക് ഫോസ് വെസ്റ്റ്കോട്ട്, *ദ എപ്പിസ്റ്റിൽ ടു ദ ഹീബ്രൂസ്, ദ ഗ്രീക്ക് ടെക്സ്റ്റ് വിത്ത് നോട്സ് ആന്റ് എസ്സേയ്സ്* (ലണ്ടൻ: മാക്മില്ലൻ & കമ്പനി,. 1889; റീപ്രിന്റ്, ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയു എം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1973), 391. "കാണുന്നവൻ" അല്ലെങ്കിൽ "ദൃക്സാക്ഷി" എന്ന അർത്ഥത്തിലുള്ള മാർട്ടുസ് എന്ന വാക്കാണ് ലൗകിക എഴുത്തുകാർ ഉപയോഗിച്ചിരിക്കുന്നത് (ഒരു ഉദാഹരണം ജോസെഫസ് വാഴ്സ് 6.2.5.) [4]ഇബി

ഡ്., 391. [5]ഫിലിപ് എഡിൻകുമ്പെ ഹൂഗ്സ്, *ഏ കമെന്ററി ഓൺ ദ എപ്പിസ്റ്റിൽ ടു ദ ഹീബ്രൂസ്* (ഗ്രാന്റ് റാപ്പിഡ്സ്. മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1977), 519. [6]നീൽ ആർ. ലൈറ്റ്ഫുട്, *എവരിവൺസ് ഗൈഡ് ടു ഹീബ്രൂസ്* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർ ബുക്ക് ഹൗസ്, 2002), 160. മാരത്തോൺ പുരാതന കാലത്ത് അറിയപ്പെടുന്ന ഗെയിം ആയിരുന്നില്ല, എങ്കിലും ഒരു സ്റ്റേഡിയത്തിൽ മൂന്നു മൈലോളം ഓടുവാൻ സഹിഷ്ണുത അത്യാവശ്യമാണ് (ക്രെയിഗ് ആർ. കൊയെസ്റ്റർ, ഹീബ്രൂസ്: *ഏ ന്യൂ ട്രാൻസ്ലേഷൻ വിത്ത് ഇൻട്രൊഡക്ഷൻ ആന്റ് കമെന്ററി*, ദ ആങ്കർ ബൈബിൾ, വാല്യം 36 [ന്യൂയോർക്ക്: ഡബിൾഡേ, 2001], 522-23.) [7]ജെയിംസ് ടി. ഡ്രാപ്പർ, ജൂനിയർ., ഹീബ്രൂസ്, ദ ലൈഫ് ദാറ്റ് പ്ലീസസ് ഗോഡ് (വീറ്റൺ Ill.: ടിൻഡേൽ ഹൗസ് പബ്ലിഷേഴ്സ്, 1976), 342. [8]ബ്രൂസ്, 349. അതേ ചർച്ച നീൽ ആർ. ലൈറ്റ്ഫുട്, ജീസസ് ക്രൈസ്റ്റ് ടുഡേ യിലും കാണാം: *ഏ കമെന്ററി ഓൺ ദ ബുക്ക് ഓഫ് ഹീബ്രൂസ്* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർ ബുക്ക് ഹൗസ്, 1976), 228. [9]റേയ് സി. സ്റ്റെഡ്മാൻ, ഹീബ്രൂസ്. ദ ടിവിപി ന്യൂ ടെസ്റ്റമെന്റ് കമെന്ററി സീരീസ് (ഡൗണേഴ്സ് ഗ്രോവ്, Ill.: ഇന്റർവാഴ്സിറ്റി പ്രസ്, 1992), 135. [10]ഓടുന്നവർ നോക്കേണ്ടതിന്ന് ഒരു റോമൻ പ്രമുഖ വ്യക്തി മാർഗ മദ്ധ്യേ പൊക്കമുള്ള പ്ലാറ്റ്ഫോമിൽ ഇരിക്കും.

[11]കെന്നെത്ത് സാമുവേൽ വെസ്റ്റ്, *ഹീബ്രൂസ് ഇൻ ദ ഗ്രീക്ക് ന്യൂ ടെസ്റ്റമെന്റ് ഫോർ ദ ഇംഗ്ലീഷ് റീഡർ* (ഗ്രാന്റ്, റാപ്പിഡ്സ്. മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1947), 214. അതിന്റെ അർത്ഥം, "അധികാരമുള്ളവൻ" എന്നാണ് (കൊയെസ്റ്റർ, 523). [12]റേയ്മണ് ബ്രൗൺ, ദ മെസേജ് ഓഫ് ഹീബ്രൂസ്: ക്രൈസ്റ്റ് എബവ് ആൾ, ദ ബൈബിൾ സ്പീക്സ് ടുഡെ (ഡൗണേഴ്സ് ഗ്രോവ്, Ill.: ഇന്റർവാഴ്സിറ്റി പ്രസ്, 1982), 230. [13]"പയനിയർ" (ആർഎസ്‌വി; എൻആർഎസ്‌വി; ഐഎസ്‌വി) എന്നത് "ആങ്കർ" എന്നതിനേക്കാൾ നല്ല വ്യാഖ്യാനമാണ് (എൻഏഎസ്ബി; കെജെവി; എൻഐവി). [14]ബ്രൂസ്, 352, 355. [15]ഇബിഡ്., 352. [16]ക്രൂശീകരണത്തെ സിസേറോ വിളിച്ചത് "ലജ്ജാ മരം" എന്നാണ് (*സിസേറോ ഡിഫെൻസ് ഓഫ് റബീരിയസ്* 4.13; ക്വോട്ടഡ് ഇൻ കൊയെസ്റ്റർ, 524). [17]ഈ വാക്ക് പുതിയ നിയമത്തിൽ മറ്റൊരിടത്തും കാണുന്നില്ല. [18]മോസെസ് സ്റ്റുവർട്ട്, *ഏ കമെന്ററി ഓൺ ദ എപ്പിസ്റ്റിൽ ടു ദ ഹീബ്രൂസ്* (ലണ്ടൻ: വില്യം ടെഗ്ഗ് & കമ്പനി., 1856), 505. [19]ലൈറ്റ്ഫുട്, *ജീസസ് ക്രൈസ്റ്റ് ടുഡേ,* 230. [20]നോക്കുക, 2 കൊ. 11:25. യാക്കൊബിനെ കല്ലെറിയുന്നതിന്റെ വിവരണങ്ങൾ ജോസെഫസ് *ആന്റികിറ്റിസ്* 20.9.1 ൽ കാണാം. വായനക്കാർ അപ്പോഴും യെഹൂദമതത്തിൽ തുടർന്നിരുന്നു എങ്കിൽ, അവർ മുൻപ് ഉപദ്രവിക്കപ്പെടുവാനിടയില്ല.

[21]വൂവെസ്റ്റ്, 217. [22]*പായിഡെയിയോ* എന്ന വാക്ക് നിർദ്ദേശം മാത്രമല്ല, വിദ്യാഭ്യാസം നൽകുന്നതിനെയും സൂചിപ്പിക്കുന്നു എന്നാണ് കോയെസ്റ്റർ പറഞ്ഞത്. "ഗുണീകരണം സാധാരണ വാമൊഴിയായ തിരുത്തലാണ്. അല്ലാതെ ശാരീരിക ശിക്ഷയല്ല എന്നു കൂടെ അദ്ദേഹം പറഞ്ഞു (മത്താ. 18:15; 1 കൊ. 14:24; തിത്തൊ. 1:9). "ചാട്ടയടി" (വാ. 6) എന്നു പറയുന്നത് "പൊതുവിൽ ശാരീരിക ശിക്ഷയാണ്" (കൊയെസ്റ്റർ, 527-28). [23]ഈ ആശയം 2 മെക്കാബിയർ 6:12, 14-16. [24]ഡൊണാൾഡ് ഗത്രി, *ദ ലെറ്റർ ടു ദ ഹീബ്രൂസ്, ആൻ ഇൻട്രൊഡക്ഷൻ ആന്റ് കമെന്ററി, ദ ടിൻഡേൽ ന്യൂ ടെസ്റ്റമെന്റ് കമെന്ററിസ്* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1983), 253. [25]കൊയെസ്റ്റർ, 528. [26]സി. എസ്. ലൂയിസ്. *ദ പ്രോബ്ലെം ഓഫ് പെയിൻ* (ഓക്സ്ഫോർഡ്: എൻ. പി., 1940; റീപ്രിന്റ്, ന്യൂയോർക്ക് മാക്മില്ലൻ പബ്ലിഷിങ് കമ്പനി., 1962), 93. [27]ആൽബെർട്ട് ബാർണെസ്, *നോട്സ് ഓൺ ദ ന്യൂ ടെസ്റ്റമെന്റ്: ഹീബ്രൂസ് ടു ജൂഡ്* (ലണ്ടൻ: ബ്ലാക്കി & സൺ, 1884-85; റീപ്രിന്റ്, ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർ

ബുക്ക് ഹൗസ്, 1985), 300. [28]ഡയോനിസിയസ് ഓഫ് ഹാലികാർണെസസ് *റോമൻ ആന്റികിറ്റിസ്*, 2.26.2. [29]ആർദർ ഡബ്ലിയു. പിങ്ക്, *ആൻ എക്സ്പൊസിഷൻ ഓഫ് ഹീബ്രൂസ്*. (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർ ബുക്ക് ഹൗസ്. 1954), 930; വാൾട്ടർ ബാവർ, *ഏ ഗ്രീക്ക് ഇംഗ്ലീഷ് ലെക്സിക്കൻ ഓഫ് ദ ന്യു ടെസ്റ്റമെന്റ് ആന്റ് അദർ ഏർലി ക്രിസ്ത്യൻ ലിറ്ററേച്ചർ*, 3ഡ് എഡി., റെവ. ആന്റ് എഡി. ഫ്രെഡറിക് വല്യം ഡാങ്കർ (ഷിക്കാഗോ: യൂണിവേഴ്സിറ്റി ഓഫ് ഷിക്കാഗോ പ്രസ്, 2000), 749. [30]ഗത്രി, 253.

[31]ജിഎച്ച്. ലാങ്, *ദ എപ്പിസ്റ്റിൽ ടു ദ ഹീബ്രൂസ്*: *ഏ പ്രാക്ടിക്കൽ ട്രീറ്റൈസ് ഫോർ പ്ലെയിൻ ആന്റ് സീരിയസ് റീഡേഴ്സ്* (ലണ്ടൻ: പാറ്റർമോസ്റ്റർ പ്രസ്, 1951), 239. [32]എൻഐവി യിൽ ഈ പ്രയോഗം ക്വട്ടേഷനിലാണ് കൊടുത്തിരിക്കുന്നത്, എന്നാൽ എൻഏഎസ്ബിയിൽ ക്വട്ടേഷൻ ഇല്ല. [33]ലൈറ്റ്ഫുട്, *ജീസസ് ക്രൈസ്റ്റ് ടുഡേ*, 234. [34]സ്റ്റെഡ്മാൻ, 141. [35]ഗത്രി, 257. [36]ബാർണെസ്. 301. [37]കൊയെസ്റ്റർ, 541. [38]സ്റ്റുവർട്ട്, 510. [39]ബ്രൂസ്, 365. [40]ഹൂഗ്സ്, 539.

[41]ബാർണെസ്, 303-4. [42]ബ്രൂസ്, 368. [43]ജെയിംസ് തോംസൺ, *ദ ലെറ്റർ ടു ദ ഹീബ്രൂസ്*, ദ ലിവിങ് വേർഡ് കമെന്ററി (ആസ്റ്റിൻ, ടെക്സ്.: ആർ. ബി. സ്വീറ്റ് കമ്പനി., 1971), 171. [44]ഈ വാക്കിന്റെ നാമം (*പ്രോസിലൂറ്റോസ്*) മത്തായി 23:15 ൽ ഉപയോഗിച്ചി രിക്കുന്നു, ആ വാക്ക് *പ്രോസെൻകോമായി* എന്ന വാക്കുമായി ബന്ധപ്പെട്ടിരിക്കുന്നു, അർത്ഥം, "അടുത്തു ചെല്ലുക, സമ്മതിക്കുക, സമീപിക്കുക" എന്നാണ്. [45]സൈമൺ ജെ. കിറ്റ്സെമേക്കർ, *എക്സ്പൊസിഷൻ ഓഫ് ദ എപ്പിസ്റ്റിൽ ടു ദ ഹീബ്രൂസ്,* ന്യൂ ടെസ്റ്റമെന്റ് കമെന്ററി (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർബുക്ക് ഹൗസ്, 1984), 392. [46]സങ്കീ. 20:2; 74:2, 3; 78:68, 69; 132:13, 14; 135:21. [47]ഈ വാക്ക് ബഹുവചനമാണ്. "ആദ്യ ജാതൻ" എന്ന ഏകവചനത്തിൽ റോമർ 8:29 ൽ പറഞ്ഞിരിക്കുന്നത് ക്രിസ്തു ആണ്. [48]ബ്രൂസ്, 376. [49]ഗത്രി പറഞ്ഞതനുസരിച്ച് സന്ദർഭത്തിൽ ആ വ്യാഖ്യാനത്തിന് പിന്തു ണക്കുന്ന ഒന്നുമില്ല. "സ്വർഗത്തിൽ പേരെഴുതിയിരിക്കുന്നവരുടെ ... സഭായോഗം" എന്നതുകൊണ്ട് അർത്ഥമാക്കുന്നത് രക്ഷിക്കപ്പെട്ട എല്ലാവരുടേയും കൂട്ടം എന്നാണ് (ഗത്രി, 263.) [50]ഉദാഹരണങ്ങൾ *ഈനോക്* 22:9; 41:8 ൽ കാണാം.

[51]ഉദ്ധരിച്ച വേദഭാഗം മശിഹയെ കുറിച്ചുള്ളതാണെന്ന് യെഹൂദ എഴുത്തുകാർ പരിഗണിച്ചിരുന്നു. (ഗാരേത്ത് എൽ. റീസ്, *ഏ ക്രിട്ടിക്കൽ ആന്റ് എക്സെജെറ്റി ക്കൽ കമെന്ററി ഓൺ ദ എപ്പിസ്റ്റിൽ ടു ദ ഹീബ്രൂസ്* [മോബെർലി, മോ: സ്ക്രിപ് ച്ചർ എക്സ്പൊസിഷൻ ബുക്ക്സ്, 1992], 231, എൻ.61.) റബ്ബിമാരുടെ തെളിവുകളുടെ ഉറവിടം ലിയോൺ മോറിസ്, "ഹീബ്രൂസ്" *ഇൻ ദ എക്സ്പോസിറ്റേഴ്സ് ബൈബി ൾ കമെന്ററി,* എഡി.ഫ്രാങ്ക് എഫ്. ഗെബിലെയിൻ (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: സോണ്ടർവാൻ, പബ്ലിഷിങ് ഹൗസ്, 1981), 12:145. [52]യെശയ്യാവ് 13 പറയുന്നത് ബാബേ ലിന്റെ വീഴ്ച്ചയാണെങ്കിലും, അത് ഏതു വലിയ ശക്തിയെയും ബാധിക്കുന്നതാണ്. [53]റീസ്, 231. [54]റോബർട്ട് മില്ലിഗൺ, *ഏ കമെന്ററി ഓൺ ദ എപ്പിസ്റ്റിൽ ടു ദ ഹീബ്രൂ സ്*, ന്യു ടെസ്റ്റമെന്റ് കമെന്ററീസ് (സിൻസിനാറ്റി: ചെയിസ് ആന്റ് ഹാൾ, 1876; റീ പ്രിന്റ്, നാഷ്വില്ലേ: ഗോസ്പെൽ അഡ്വൈക്കേറ്റ് കമ്പനി., 1975), 472. [55]എൻഐവിയിൽ ആ പ്രയോഗം ക്വട്ടേഷനിലാണ്, പക്ഷെ എൻഏഎസ്ബിയിൽ ക്വൊട്ടേഷൻ ഇല്ല. [56]ബ്രൂ സ്, 385. [57]തോമസ് ജി. ലോങ്, *ഹീബ്രൂസ്*, ഇന്റർപ്രെട്ടേഷൻ (ലൂയിസ്വില്ലേ: ജോൺ നോക്സ് പ്രസ്, 1997), 131. [58]എടുത്തിരിക്കുന്നത്, ജെയിംസ് ബർട്ടൻ കോഫ്മാൻ, *കമെന്ററി ഓൺ ഹീബ്രൂസ്* (ആസ്റ്റിൻ, ടെക്സ്.: ഫേം ഫൗണ്ടേഷൻ പബ്ലിഷിങ് ഹൗസ്, 1971), 293. [59]1 പത്രൊസ് 1:14, 15 ൽ പത്രൊസ് ഉദ്ധരിച്ചത് ലേവ്യാപുസ്തകം 11:44, 45; 19:2; 20:7. [60]കോഫ്മാൻ, 300.

[61]പോൾ എലിങ്ങ്വർത്ത് ആന്റ് യൂജീൻ ആൽബർട്ട് നിഡാ, *ഏ ട്രാൻസ്ലേറ്റേഴ്സ്*

*ഹാൻഡ്ബുക്ക് ഓഫ് ദ എപ്പിസ്റ്റിൽ ടു ദ ഹീബ്രൂസ്*, ഹെൽപ്സ് ഫോർ ട്രാൻസ്ലേറ്റേഴ്സ് (ന്യുയോർക്ക്: യൂണൈറ്റഡ് ബൈബിൾ സ്വസൈറ്റീസ്, 1983), 318.